മലങ്കരസഭ: സപ്തതി നിറവിൽ

THE MALANKARA SABHA

മലങ്കരസഭ

സെപ്റ്റംബർ 2016

The Official Media of Malankara Orthodox Syrian Church

Rs : 15

ST. MARY'S ORTHODOX SYRIAN CHURCH, PANAJI, GOA.

93rd Memorial Feast of H.G Alvares Mar Julius (22nd and 23rd September 2016)

'നീതിമാന്റെ ഓർമ്മ വാഴ്വിനായ് തീരട്ട്'

കർത്താവിൽ പ്രിയരെ,

പുണ്യശ്ലോകനായ അൽവാരിസ് മാർ യൂലിയോസ് തിരുമേനിയുടെ 93-ാം ഓർമ്മപ്പെരുന്നാൾ, 2016 സെപ്റ്റംബർ മാസം 18 മുതൽ 23 വരെയുള്ള തിയതികളിൽ, പഞ്ചിം, റിബന്തർ, സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ആചരിക്കുവാൻ ദൈവത്തിൽ ശരണപ്പെടുന്നു. ഈ വർഷത്തെ പെരുന്നാൾ ചടങ്ങുകൾ, മുംബൈ ഭദ്രാസന മെത്രാപ്പോലിത്ത അഭി: ഗീവറുഗീസ് മാർ കൂറീലോസ് തിരുമേനിയുടെയും ഇടവക മെത്രാപ്പോലിത്തയായ അഭി: യാക്കോബ് മാർ ഏലിയാസ് തിരുമേനിയുടെയും പ്രധാന കാർമ്മികത്വത്തിലും മറ്റു വൈദികശ്രേഷ്ഠരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെടുന്നു.

ഈ വർഷത്തെ അൽവാറിസ് മാർ യൂലിയോസ് പുരസ്ക്കാരം സെപ്റ്റംബർ മാസം 23-ാം തിയതി കാരുണ്യത്തിൻെറ കരസ്പർശമായ ശ്രീകാര്യം ഹോളി ക്രോസ് കോൺവെൻറിലെ റവറെൻറ് സിസ്റ്റർ സൂസന് നൽകി ആദരിക്കുന്നതുമാണ്.

ഈ പരിശുദ്ധ പിതാവിൻെറ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നതിന് ഏവരുടേയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യസഹക-രണങ്ങൾ സാദരം ക്ഷണിച്ചുകൊള്ളുന്നു.



1836 - 1923
LATE LAMENTED H.G. ALVARES MAR JULIUS
METROPOLITAN OF GOA, INDIA & CEYLON

ഇടവകയ്ക്കുവേണ്ടി പ്രാർത്ഥനാപൂർവ്വം
Very Rev. Skaria Ramban (Vicar) - 8281136426
Cherian Abraham (Trustee) - 9767436878
John C. K. (Secretary) - 7709077636
Raju Varghese (Convener) - 9423059935
Eldo N. P. (Accommodation) - 9970889039

PROGRAMME SCHEDULE

22/09/2016 Thursday	8.30 am-	Holy Qurbana in Konkani	വി: കുർബാന കൊങ്കണിയിൽ
	2.30 pm-	Padayathra	പദയാത്ര (From Old tomb at St. Inez cemetery to Ribander Orthodox Church)
	6.30 pm-	Evening Prayer	സന്ധ്യപ്രാർത്ഥന
		Dhupa Prarthana	ധൂപപ്രാർത്ഥന
		Devotional Address	ധ്യാനപ്രസംഗം
		Feast Procession	പ്രദക്ഷിണം
		Apostolic Benediction	ശ്ലൈഹീകവാഴ്വ്
23/09/2016 Frisday	7.30 am-	Morning Prayer	പ്രഭാതനമസ്കാരം
	8.30 am-	Holy Qurbana	വി: കുർബാന
		Dhupaprarthana	ധൂപപ്രാർത്ഥന
		Feast Procession	പ്രദക്ഷിണം
		Alvares Mar Julius Award presentation to Rev. Sr. Susan, Holy Cross Convent, Sreekaryam, Thiruvananthapuram, Kerala, for her dedicated service in the field of charity for poor & needy.	
		Apostolic Benediction	ശ്ലൈഹീകവാഴ്വ്
		Nerchavilambu	നേർച്ചവിളമ്പ്
		Lowering of Flag	കൊടിയിറക്ക്

IMPORTANT:

- For accomodation and transport bookings, please contact **Eldo N P: 9970889039**
- Visit our website **(www.alvaresthirumeni.in)** for details of:
- Accomodation options and rates.
- Booking formality and form.
- Convenient train options for your pilgrim trip.

.DISTANCE FROM CHURCH:

Karmali Railway Station	9 KM
Madgaon Railway Station	35 KM
Thivim Railway Station	25 KM
Panaji Bus Stand	4 KM
Dabolim Airport	35 KM

www.alvaresthirumeni.in
Ph. 0091-832-2444771



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 9, പുസ്തകം 70, സെപ്റ്റംബർ 2016

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
നീതി തേടുന്ന ഭിന്നലിംഗക്കാർ
- ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

8 പൗരോഹിത്യ നൽവര ദാനം
ലേഖനം
- ഡോ. മാത്യൂസ് മാർ സേവേറിയോസ്

10 വിഭിന്നശേഷിയുള്ളവരെ...
പ്രഭാഷണം
- കേരളാ മുഖ്യമന്ത്രി പിണറായി വിജയൻ

13 ഭിന്നലിംഗക്കാർ ക്രൈസ്തവ...
സംവാദം
- ഡോ. കെ.എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ

14 ഭിന്നലിംഗക്കാർ സമീപനങ്ങൾ
സംവാദം
- ഫാ. ഡോ. റെജി മാത്യു

16 ഭിന്നലിംഗക്കാർ സാമൂഹിക...
സംവാദം
- ഡീ. ജോബ് സാം മാത്യു

18 ഭിന്നലിംഗക്കാർ വേദപുസ്തക...
സംവാദം
- ഫാ. ഡോ. ജേക്കബ് മാത്യു കാരിച്ചാൽ

20 ക്യംതാ നമസ്ക്കാരം സ്ത്രീ...
വേദശാസ്ത്രം
- പ്രൊഫ. മേഴ്സി ജോൺ, പള്ളിപ്പാട്

34 മൗനത്തിന്റെ സാമൂഹികത
പ്രഭാഷണം
- വീണാ ജോർജ് MLA



ഫീലിപ്പോസ് മാർ ദീവന്നാസിയോസ് IV മെത്രാപ്പോലീത്തായുടെ
161-ാം ഓർമ്മ
(ചേപ്പാട് സെന്റ് ജോർജ് പള്ളി) ഒക്ടോ. 12

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

മനുഷ്യസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കർമ്മകാണ്ഡം രചിച്ച മഹതിയായ മദർ തെരേസായെ വിശുദ്ധയാക്കുന്നത് മാനവസേവനത്തിന് ലഭിക്കുന്ന അംഗീകാരമാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ പ്രസ്താവിച്ചു.

ജാതി-മത-കക്ഷി രാഷ്ട്രീയ വേർതിരിവുകൾക്ക് അതീതമായി വേദനിക്കുന്നവർക്ക് ആശ്വാസം പകർന്ന് മഹത്തായ മാതൃക കാണിച്ച മദർ തെരേസ മാനവരാശിക്ക് മാർഗ്ഗദീപമായി ഭവിക്കട്ടെയെന്നും പരിശുദ്ധ ബാവാ ആശംസിച്ചു.

അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ ധ്യാനവും പ്രാർത്ഥനായോഗ സംഗമവും ഒക്ടോബർ 28-ന് 10 മുതൽ പരുമല പള്ളിയിൽ നടത്തും.

സ്ലീബാ ദാസ സമൂഹത്തിന്റെ 93-ാമതു വാർഷികം സെപ്റ്റംബർ 17 ശനിയാഴ്ച പരുമല സെമിനാരിയിൽ നടത്തും.
ഫോൺ: 9447933220

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു കൊടുക്കണം.
വിലാസം :
www.catholicatenews.in

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാവുക
മലങ്കരസഭ മാസിക
70 വർഷത്തെ അക്ഷര വെളിച്ചം
www.malankarasabhaonline.in

മലങ്കരസഭ

10 സെപ്റ്റംബർ 2016

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

Cover & Graphic Designing:-
Jinto Kurichy @
Malankara Sabha

Cover :
Thiruvalla Paliyekkara Pally

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി



ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്
മെത്രാപ്പോലീത്താ

രാജ്യ സ്നേഹവും ദേശീയതയും ഓരോ ഇൻഡ്യൻ പൗരനിലും ഇണങ്ങിചേർന്നു പോവുന്ന രണ്ട് അടിസ്ഥാന ഭാവങ്ങളാണ്. ഇതിനെ മത, ജാതി, വംശ, വർഗ്ഗ, ഭാഷ, ലിംഗ വ്യത്യാസങ്ങൾ വച്ച് തിരിച്ചു പിരിച്ചു പരിഗണിക്കേണ്ടതല്ല. എല്ലാ പൗരനും തുല്യതയും നീതിയും ഉറപ്പാകുന്ന സാഹചര്യത്തിൽ മാത്രമെ ദേശീയത വേരൂന്നി വളർന്നു പുഷ്ക്കലമാവുന്നുള്ളു. ഏതെങ്കിലും ഒരു മതത്തിനോ വിഭാഗത്തിനോ ഭൂരിപക്ഷമാകട്ടെ, ന്യൂനപക്ഷമാകട്ടെ മുൻഗണന നൽകുന്ന സാഹചര്യത്തിൽ വിഭാഗീയതയുടെ വിത്തുവിതയ്ക്കപ്പെടുകയായി. ഇതു നാം അനുവദിച്ചു കൂടാ. വളരെ ശ്രദ്ധയോടെ കണ്ണിലെ കൃഷ്ണമണി പോലെ കൂത്തുസൂക്ഷിക്കേണ്ടതാണ് രാജ്യസ്നേഹവും ദേശീയതയും.

ഇന്ത്യ ഒരു മഴവില്ലുപോലെയുള്ള രാജ്യമാണ്. ഊതം, കടുംനീല, നീല, പച്ച, മഞ്ഞ, ഓറഞ്ച്, ചുവപ്പ് എന്നീ സപ്തവർണ്ണങ്ങൾ ഇണങ്ങി നിൽക്കുന്ന സൗന്ദര്യവും അവ ഒന്നോടൊന്ന് ചേർന്ന് ചക്രം പോലെ ചലിച്ചു തിരിയുമ്പോഴുണ്ടാവുന്ന പ്രകാശവും ലോകത്ത് മറ്റെങ്ങും, ഒരു രാജ്യത്തിനും ഒരു ദേശീയതയ്ക്കുമില്ല. ഒന്നിൽ നിന്ന് ഒന്നടർത്തിയെടുത്ത് വേറിട്ടൊരസ്ഥിത്വം ഇൻഡ്യൻ ദേശീയതയ്ക്ക് പകരം വയ്ക്കാനുമാവില്ല. വിവിധ സംസ്ഥാനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വേറിട്ടു നിർത്തുന്ന തനതു സംസ്ക്കാരം, സംഗീതം, നൃത്തം, ചിത്രരചന, ഭാഷ, വേഷം, ഭക്ഷണം എന്നിങ്ങനെ എത്രയെത്ര തനതു ശീലങ്ങളും, വഴക്കങ്ങളും പാരമ്പര്യങ്ങളും ഉണ്ട്. ഒരു സംസ്ഥാനത്തിനകത്തു തന്നെ ഭാഷാപരമായ വ്യതിയാനങ്ങളും മറ്റു സാംസ്ക്കാരിക വ്യത്യസ്തകളും ധാരാളം. ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത വൈവിധ്യങ്ങൾ നിറഞ്ഞ സംസ്കൃതികൾ നിലനിൽക്കതന്നെ ഇവയ്ക്കെല്ലാം അന്തർധാരയായി നില്ക്കുന്ന ഒരു പൊതുഭാരതീയ സംസ്ക്കാരം അനന്യമായ ഒരു പ്രതിഭാസം തന്നെയാണ്. ഇതാണ് ഇൻഡ്യൻ ദേശീയത.

രാജ്യത്തെ അമ്മയായി കണ്ട് *ഭാരത് മാതാ കീ ജയ്* എന്ന് അമ്മയുടെ പെരുമ പാടി നടക്കുന്നതും ദേശീയ പതാക പറപ്പിക്കുന്നതും നമുക്കഭിമാനം തന്നെ. എന്നാൽ അതോടൊപ്പം ദേശീയതയ്ക്ക് സമർപ്പണത്തിന്റെ ആഴമായ തലം ഉണ്ടെന്ന കാര്യം നാം വിസ്മരിച്ചു കൂടാ. അധിനിവേശാധിപത്യം തുരത്തി ഒരു ജനതയായി രൂപപ്പെട്ടുവന്ന ദേശീയത എങ്ങനെ നമുക്ക് നിലനിർത്താൻ കഴിയും എന്നതായിരിക്കണം നമ്മുടെ മുഖ്യചിന്ത. ഹിന്ദു രാഷ്ട്രമെന്നും ഇസ്ലാമിക രാജ്യമെന്നും ഒക്കെയുള്ള വേറിട്ട ചിന്തകൾ ഈ ഇൻന്ത്യൻ ദേശീയതയ്ക്ക് ചേരില്ല. എല്ലാ പൗരനും തുല്യാവകാശം ഉൾക്കൊള്ളുന്നതാണ് ദേശീയതയെന്ന സങ്കല്പം. ഈ അവകാശം ഏതു നിലയിലുമുള്ള, എല്ലാ വിവേചനങ്ങളേയും അകറ്റുന്നതാവണം. ഇന്ത്യയിലെ ഓരോ പൗരനുമാണ് മുൻഗണന. മതം, ജാതി, ഭാഷ, വംശം എന്നിങ്ങനെയുള്ള ഒത്തിരി തിരിവുകളും പിരിവുകളും നമ്മുടെ സമൂഹത്തിലുണ്ട്. അവയ്ക്കൊക്കെ അവയുടേതായ നന്മകൾ നിലനിർത്താനുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്ക തന്നെ ഒന്നിനും മുൻഗണനയും പ്രത്യേക പരിഗണനയും നൽകാതെ അടിസ്ഥാനപരമായി ഇന്ത്യൻ പൗരനെന്ന തുല്യപരിഗണനയാണ് ഇന്ത്യൻ ദേശീയതയുടെ കാതൽ. ഹിന്ദുവും, മുസൽമാനും ക്രിസ്ത്യാനിയും, ആദിവാസിയും, ദളിതനും സ്ത്രീയും പുരുഷനും ഭിന്നലിംഗവും എല്ലാം തുല്യാവകാശമുള്ള പൗരന്മാർ തന്നെയെന്ന സമഭാവന നിലനിർത്തുന്നതാവണം നമ്മുടെ ദേശീയതാവബോധം.

ഭാരതത്തിൽ ചരിത്രപരമായി ഉരുത്തിരിഞ്ഞു വന്ന ദേശീയത ബഹുസ്വരവും സർവ്വാശ്ലേഷിയും ആയിരുന്നു. വൈവിധ്യമാർന്ന ധാരാളം തനിമകളെ ഒരു രാഷ്ട്ര സങ്കൽപ്പത്തിൽ ഒരുമിച്ചു ചേർത്ത് ഒരു ജനതയായി രൂപപ്പെടുത്തുകയായിരുന്നു. ഇതിലേതെങ്കിലും ഒന്ന് ചെറുതാകട്ടെ, വലുതാകട്ടെ മേൽകൈയുള്ളതായി, പ്രത്യേക അധികാര അവകാശമുള്ളതായി പരിഗണിക്കുമ്പോൾ വിഭാഗീയത മൊട്ടിടും. ഇത് ഭിന്നത വളർത്തുന്നതുമായിത്തീരും.

(കേരളാ കൗൺസിൽ ഓഫ് ചർച്ചസ്, അടൂരിൽ നടത്തിയ അസംബ്ലിയിലെ പ്രഭാഷണം

മഹാപുരോഹിത സന്ദേശം

കർത്താവിൽ പ്രിയരേ,

പരിശുദ്ധ സഭയിലെ ആണ്ടടക്കമുള്ള ഞായറാഴ്ചകളിലെയും പെരുന്നാളുകളിലെയും കൂദാശകളിലെയും മറ്റും വേദവായനഭാഗങ്ങൾ സഭാപിതാക്കന്മാർ ക്രമീകരിച്ചിട്ടുള്ളത് വളരെ ഉന്നതമായ വേദചിന്തയുടെയും ആരാധനാശാസ്ത്രത്തിന്റെയും വിശ്വാസ സംഹിതകളുടെയും അടിസ്ഥാനത്തിലാണല്ലോ. അതിലെ ഓരോ ദിവസത്തെയും വായനകളിൽ ആരാധനാവത്സരകാല ചക്രങ്ങൾക്ക് അനുസൃതമായ ആശയശൃംഖലയും വേദശാസ്ത്രപരമായ അന്യോന്യബന്ധവും കണ്ടെത്താനാകും. പൗരാണികമായ ആ വേദവായനക്കുറിപ്പാണ് നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഒരു പരിഷ്കരണം ആവശ്യമാണെന്ന ചിന്തയിൽ പരിശുദ്ധ സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം, പുതിയ ഒരു വേദവായനക്കുറിപ്പ് തയ്യാറാക്കിയത് 1987 ഫെബ്രുവരിയിൽ പരിശുദ്ധ സുന്നഹദോസ് അംഗീകരിക്കുകയും അത് 1987 കൂദോശ് ഈത്തോ ഞായറാഴ്ച മുതൽ ഉപയോഗിച്ചുവരികയുമാണ്. മേൽപറഞ്ഞ പരിഷ്കരിച്ച വേദവായനക്കുറിപ്പ് നമ്മുടെ പൗരസ്ത്യ സഭാ പാരമ്പര്യങ്ങളോട് ഇണങ്ങുംവിധത്തിൽ പുനഃക്രമവത്കരിക്കേണ്ടതാണെന്ന ചിന്ത ശക്തമായി വരികയും, അതിനായി അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, റവ. ഫാ. ഡോ. ബേബി വർഗീസ് എന്നിവരെ പരിശുദ്ധ സുന്നഹദോസ് ചുമതലപ്പെടുത്തുകയും ചെയ്തു. അവർ തയ്യാറാക്കിയ വേദവായനക്കുറിപ്പ് പരിശുദ്ധ സുന്നഹദോസ് പരിശോധിച്ച് അംഗീകരിക്കുകയും, നടപ്പിൽ വരുത്തുവാൻ നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

ഈ വേദവായനക്കുറിപ്പിന്റെ ശ്രമകരമായ എഡിറ്റിംഗ് ശ്ലാഘനീയമായി നിർവ്വഹിച്ചത് നമ്മുടെ വാത്സല്യവാൻ റവ. ഡോ. ബേബി വറുഗീസ് അച്ചനാണ്. പൗരസ്ത്യ പാരമ്പര്യത്തിലെ വേദവായനക്കുറിപ്പുകൾ പലതും താരതമ്യം ചെയ്താണ് അച്ചൻ ഇതു തയ്യാറാക്കിയത്. വിലപ്പെട്ട ആ സേവനത്തെ നാം നന്ദിയോടെ അഭിനന്ദിക്കുന്നു. ഇത് പ്രസിദ്ധീകരിക്കുന്ന മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻസിനെ ബഹു. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് അച്ചനും ശ്രീ. പി. തോമസ് പിറവവും സ്തുത്യർഹമായി സഹായിച്ചിട്ടുണ്ട്. അവരുടെ സേവനത്തിന് ദൈവത്തിൽ നിന്ന് പ്രതിഫലം ലഭിക്കുമാറാകട്ടെ. ഇതിൽ ഏവൻഗേലിയോൻ വായനകളുടെ പെസ്ഗോമോകൾ സുറിയാനിയിലും ഇംഗ്ലീഷിലും മലയാളത്തിലും ഉൾക്കൊള്ളിച്ചിരിക്കുന്നു. വേദവായനഭാഗങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും ചേർത്തിട്ടുള്ളതിനാൽ എവിടെയുമുള്ള വിശ്വാസികൾക്ക് ഭാഷ പ്രശ്നമാകാതെ ഇത് ഉപയോഗിക്കുവാനാകും.

2016 -ലെ കൂദൊശ് ഈത്തോ ഞായറാഴ്ച മുതലെങ്കിലും ഈ പുതിയ വേദവയാനക്കുറിപ്പ് എല്ലാ പള്ളികളിലും ഉപയോഗിക്കണം എന്ന് നാം ആഗ്രഹിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ വായനപ്പടി ഏവൻഗേലിയോനും ശ്ലീഹാവായനപ്പടിയും പഴയനിയമഭാഗവായനപ്പടിയും പുസ്തകരൂപത്തിൽ താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതാണ്. ആണ്ടടക്കമുള്ള വേദവായനകളും വി. കൂദാശകളുടെ വേദവായനകളും മറ്റും സന്ദർഭാനുസരണം വിശ്വാസികൾ സ്വന്തമായി വായിക്കുകയും ധ്യാനിക്കുകയും പഠിക്കുകയും ചെയ്യേണ്ടതാകയാൽ പള്ളികളിൽ മാത്രമല്ല, എല്ലാ ഭവനങ്ങളിലും ഇത് പ്രയോജനപ്പെടുത്തേണ്ടതാണ്. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

നീതി തേടുന്ന ഭിന്നലിംഗക്കാർ

TRANSGENDER/ THIRD GENDER

ഭിന്നലിംഗക്കാർ: വേർതിരിവ് ഇല്ലാതെ *എല്ലാപൗരനും* തുല്യതയും നീതിയും ലഭ്യമാകണം

‘

ഇന്ത്യയിൽ ഒരാൾക്കും നിയമത്തിന് മുമ്പിൽ സമത്വമോ തുല്യ സംരക്ഷണമോ സ്റ്റേറ്റ് നിഷേധിച്ചു കൂടാത്തതാകുന്നു.

(ഇന്ത്യൻ ഭരണഘടന വകുപ്പ് 14)

* * *

പാർശ്വവൽക്കരിക്കപ്പെടേണ്ടവരല്ല ഞങ്ങൾ, മറ്റേതൊരു മനുഷ്യജീവിയേയും പോലെ, സ്ത്രീയേയും പുരുഷനേയും പോലെ, ഞങ്ങൾക്കും ജീവിക്കുവൻ അവകാശമുണ്ട്.

(അക്കായ് പദ്മശാലി: ഭിന്നലിംഗം)

* * *

ഇന്ത്യൻ ഭരണഘടന വകുപ്പ് 14(1), 15 (2), 16 (3) പ്രകാരം ഭിന്നലിംഗക്കാർക്ക് സമത്വത്തിനും സംരക്ഷണത്തിനുമുള്ള അവകാശം ഉണ്ട്. ലിംഗം (sex) എന്നതിൽ സ്ത്രീ, പുരുഷൻ എന്നതിനൊപ്പം ട്രാൻസ് ജെൻഡർ (TG) അഥവാ മൂന്നാം ലിംഗവും ഉൾക്കൊള്ളും.

(സുപ്രീം കോടതി, 2014 ഏപ്രിൽ 15-ലെ വിധി)

ഇന്ത്യയിൽ സാമൂഹിക കാഴ്ചപ്പാടിൽ ഭിന്നലിംഗർ തിരസ്കൃതരാണ്. നപുംസകം, ശിഖണ്ഡി, ഹിജഡ, ദ്വിലിംഗം, ലിംഗാതീതർ, അപരലിംഗർ എന്നിങ്ങനെ വിളിപ്പേരുകൾ അനവധി. പുനരുത്പ്പാദനത്തിന് അശക്തരായവരെയും പരമ്പരാഗത മാതൃകയിൽ നിന്നും വ്യത്യസ്തമായി ലിംഗം, വ്യക്തിത്വം, സ്വഭാവം എന്നിവ ഉള്ളവരേയും പൊതുവായി വിശേഷിപ്പിക്കുന്ന പദമാണ് ട്രാൻസ്ജെൻഡർ അഥവാ ഭിന്നലിംഗം. മൂന്നാം ലിംഗം (third gender) എന്നും പറയും. ഏതെങ്കിലും ഒരു ലിംഗത്തിൽ ജനിച്ച് എതിർ ലിംഗത്തിന്റെ വ്യക്തിത്വത്തിലേക്ക് മാറുന്നവരേയും, ആൺ പെൺ വ്യക്തിത്വ വിശേഷണങ്ങൾ ഒരു സമയം ഉൾക്കൊള്ളുന്നവരേയും, ഈ രണ്ടു സവിശേഷതകളും ഇല്ലാത്തവരേയും ഈ ഗണത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

എവിടെയും അനീതി (Injustice at every turn) എന്ന പേരിൽ 2011-ൽ പ്രസിദ്ധീകരിച്ച 230 പേജുള്ള ദേശീയ റിപ്പോർട്ടിൽ ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിൽ ഭിന്നലിംഗക്കാർക്ക് എതിരേ നടത്തുന്ന നീതി നിഷേധങ്ങളുടെ ദീർഘമായ ചരിത്രം അവതരിപ്പിക്കുന്നു (Grant, Motter and Tains: 2011). ഇതിൽ 6450 ഭിന്നലിംഗക്കാരെ ഇന്റർവ്യൂ ചെയ്താണ് സ്ഥിതി വിവര റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഭിന്നലിംഗർ എല്ലായിടവും നേരിടുന്ന തിരസ്ക്കരണത്തിന്റെ നേർക്കാഴ്ചകളും അനുഭവക്കുറിപ്പുകളുമാണ് ഉള്ളടക്കം. വിദ്യാഭ്യാസം, ജോലി, ആരോഗ്യം, കുടുംബബന്ധം, പാർപ്പിടം, പൊതു ജീവിതം, സ്വത്വം, നിയമ വ്യവസ്ഥ തുടങ്ങി ഭിന്നലിംഗക്കാർ നേരിടേണ്ടി വരുന്ന വിവിധ വെല്ലുവിളികളും സമീപനങ്ങളും ഇതിൽ സമഗ്രമായി വിശകലനം ചെയ്തിട്ടുണ്ട്.

ബാല്യത്തിൽ ഭവനത്തിൽ ആരംഭിക്കുന്ന അവഗണനയും അവഹേളനവും സ്ക്കൂളിലും ജോലി സ്ഥലത്തും ആശുപത്രിയിലും എല്ലാം നേരിടേണ്ടി വരുന്നു. പൊതു സമൂഹത്തിൽ ഒരിടത്തു നിന്നും നീതിയും സ്നേഹവും സമത്വവും ലഭിക്കാതെ പീഡാനുഭവത്തിൽ കഴിയുന്ന ഭിന്നലിംഗക്കാരുടെ ജീവിതാവസ്ഥ അതിദാരുണമാണ്. വിവിധതര സാമൂഹിക രാഷ്ട്രീയ അവഗണന നേരിടുന്നതിനാൽ കൊടും ദാരിദ്ര്യത്തിലും ആരോഗ്യ പ്രതിസന്ധിയിലുമാണ് ഇവർ ജീവിക്കുന്നത്. തൊഴിലില്ലായ്മ, കുടിയിറക്കൽ, പാർപ്പിടമില്ലായ്മ, ശാരീരിക-മാനസിക, ലൈംഗിക പീഡനങ്ങൾ കുടുംബ ബന്ധങ്ങളുടെ അസ്ഥിരത, ആരോഗ്യ പരിപാലന നിഷേധം, തടങ്കൽ വാസം തുടങ്ങി നിരവധി പ്രതിസന്ധികളാണ് ഇവർ അനുദിനം അനുഭവിക്കുന്നത്.

ഭിന്നലിംഗക്കാർ നേരിടുന്ന ഏറ്റവും വലിയ അവഗണന കുടുംബത്തിൽ നിന്നുമാണ്. മാതാപിതാക്കൾ, പങ്കാളികൾ, കുടുംബാംഗങ്ങൾ എന്നിവരിൽ നിന്നുള്ള ഗാർഹിക പീഡനം അത്യധികമാണ്. ആരിൽ നിന്നും ഹൃദയപൂർവ്വമായ സാന്ത്വനമോ സ്നേഹസ്പർശമോ ലഭ്യമാകാറില്ല. പൊതുഇടങ്ങൾ, ഹോട്ടൽ ട്രാൻസ്പോർട്ട്, സർക്കാർ ഏജൻസികൾ, കോടതി, അഭിഭാഷകർ, പോലീസുകാർ, ആശുപത്രി ജീവനക്കാർ, ഡോക്ടർമാർ,

EDITORIAL

മതനേതാക്കൾ എന്നിവരിൽ നിന്നെല്ലാം തിരസ്ക്കരണങ്ങൾ നേരിടേണ്ടിവരുന്നു.

ഭിന്നലിംഗക്കാർക്ക് ആശുപത്രിയും ചികിൽസാ സംവിധാനങ്ങളും അനിവാര്യമാണ്. എന്നാൽ പൊതുയിടങ്ങളിൽ അനവധി വെല്ലുവിളികൾ ഉണ്ടാകുന്നത് ആരോഗ്യമേഖലയിൽ നിന്നുമാണ്. ലിംഗമാറ്റ ശസ്ത്രക്രിയകൾ വേണ്ടി വരുമ്പോൾ അവഗണനയും നിഷേധവും അനവധിയാണ്. അതിനാൽ ആരോഗ്യപരിപാലന അവകാശവും നീതിയും ഹനിക്കപ്പെടാറുണ്ട്. സർക്കാർ-സ്വകാര്യ ആശുപത്രികൾ ഇക്കാര്യത്തിൽ വ്യത്യാസമില്ല. HIV/AIDS നോട് ഏറ്റുമുട്ടുന്ന നിരവധിപ്പേരും ഉണ്ട്. ഏകാന്തതയും തിരസ്ക്കരണവും സമ്മർദ്ദവും ശക്തിപ്പെടുന്നതിനാൽ ലഹരിക്കും അടിമകളാകാറുണ്ട്. ഭിന്നലിംഗക്കാർ 41 ശതമാനം പേർ ഒരിക്കലെങ്കിലും ആത്മഹത്യക്ക് ശ്രമിച്ചിട്ടുള്ളവരാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ സുരക്ഷയും ആരോഗ്യ ചികിൽസയും പലയിടത്തും തിരസ്ക്കരിക്കപ്പെട്ട പശ്ചാത്തലത്തിലാണ് സുപ്രീം കോടതിയുടെ സുപ്രധാന വിധി ഉണ്ടായത്.

ഇന്ത്യൻ ഭരണഘടനയിലെ വകുപ്പ് 14(1), 15 (2), 16 (3) പ്രകാരം ഭിന്നലിംഗക്കാർക്ക് സമത്വത്തിനും സംരക്ഷണത്തിനുമുള്ള അവകാശം ജസ്റ്റീസ് കെ. എസ്. രാധാകൃഷ്ണന്റെ വിധിയിലൂടെ അനുവദിച്ചു. ഇന്ത്യൻ ഭരണഘടനയിൽ *ലിംഗം* എന്നതിന് സ്ത്രീ, പുരുഷൻ എന്നതിനൊപ്പം ഭിന്നലിംഗക്കാർ (transgender) അഥവ മൂന്നാം ലിംഗം (third gender) എന്നും പുനർനിർണ്ണയിച്ചു. സ്ത്രീ പുരുഷന്മാർക്ക് ഭരണഘടന വിഭാവനം ചെയ്തിരിക്കുന്ന എല്ലാ അവകാശങ്ങളും വ്യക്തി സ്വാതന്ത്ര്യവും ഭിന്നലിംഗക്കാർക്കും ഉണ്ടായിരിക്കണമെന്ന് വിധിന്യായം. റേഷൻ, വോട്ടേഴ്സ് കാർഡുകളിൽ ഭിന്നലിംഗക്കാർക്കും സ്വത്വം രേഖപ്പെടുത്തുവാൻ കഴിയും. വിദ്യാഭ്യാസ, ആരോഗ്യ-തൊഴിൽ സംവരണങ്ങളും ഏർപ്പെടുത്തണമെന്ന് സുപ്രീം കോടതി വിധി ഉണ്ടായി.

ജാതി മത-ലിംഗ, ജന്മ, ദേശ കാരണങ്ങളാലോ അവയിൽ ഏതെങ്കിലും ഒന്നിന്റെ അടിസ്ഥാനത്തിലോ ഒരു പൗരനോടും ഒരു തരത്തിലും വിവേചനം കാട്ടാൻ പാടില്ല എന്നും (15) ഇവയുടെ അടിസ്ഥാനത്തിൽ ബഹുമാനത്തിനോ ജോലിക്കോ സർക്കാർ സ്ഥാനങ്ങൾക്കോ ഒരു വിവേചനവും പാടില്ലെന്നും ഭരണഘടന വ്യക്തമാക്കുന്നു 16(2). ഈ വകുപ്പുകളിലെ ലിംഗം (sex) എന്നതിൽ ആൺ-പെൺ എന്നതിൽ പരിമിതിപ്പെടുത്താതെ ഭിന്നലിംഗത്തിൽപ്പെട്ടവരേയും ഉൾപ്പെടുത്തി, ജീവനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള സംരക്ഷണവും നൽകുന്നു. സുപ്രീം കോടതി വിധിയിൽ നിന്നും: ഇന്ത്യൻ ഭരണഘടന പ്രകാരമുള്ള അവകാശങ്ങളും ജീവനും വ്യക്തി സ്വാതന്ത്ര്യവും പരിരക്ഷിക്കുന്നതിനായി ഹിജഡ (Hijra) ഷണ്ഡർ (Eunuchs) എന്നിവരെ മൂന്നാം ലിംഗം (third gender) എന്നു പരിഗണിക്കണം. കേന്ദ്ര-സംസ്ഥാന സമിതികൾ ലിംഗം (sex) എന്നതിൽ സ്ത്രീ, പുരുഷൻ എന്നതിനൊപ്പം മൂന്നാം ലിംഗം (third gender) എന്നതു കൂട്ടി ചേർക്കണം. വിദ്യാഭ്യാസത്തിലും പൊതു നിയമനങ്ങളിലും പ്രത്യേകമായ സംവരണം ഇക്കൂട്ടർക്ക് നൽകണം. ആരോഗ്യ മേഖലയിൽ പ്രത്യേകമായ സംരക്ഷണവും പരിപാലനവും നൽകണം. സാമൂഹിക സാംസ്ക്കാരിക തലങ്ങളിൽ ഭിന്നലിംഗക്കാർ നേരിടുന്ന വിവിധതര തിരസ്ക്കരണങ്ങളും നിഷേധങ്ങളും നിയമ വിരുദ്ധം ആയിരിക്കും.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രത്യേകമായ ആരോഗ്യ സംരക്ഷണവും സാഹചര്യങ്ങളും ഒരുക്കുകയും ഭിന്നലിംഗക്കാരുടെ സമഗ്രമായ സാമൂഹിക അഭിവൃദ്ധിക്കായി പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യണം. ഭിന്നലിംഗക്കാരെ ഒരു തരത്തിലും തിരസ്ക്കരിക്കുകയോ നിഷേധിക്കുകയോ അവഹേളിക്കുകയോ ചെയ്യുവാൻ പാടില്ല. സാമൂഹിക സാംസ്ക്കാരിക രംഗത്ത് ഭിന്നലിംഗരുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ബാധ്യത ഉണ്ടെന്നും വിധിന്യായത്തിൽ വ്യക്തമാക്കി.

കേരളത്തിലെ ഭിന്നലിംഗക്കാരുടെ നയത്തെക്കുറിച്ച് 2015-ലെ സർക്കാർ നിയമത്തിൽ (order) ഭിന്നലിംഗക്കാരുടെ സാമൂഹിക സാംസ്ക്കാരിക അവസ്ഥ വിശദമാക്കിയിട്ടുണ്ട്. ഭിന്നലിംഗക്കാർക്ക് ജോലിസാധ്യതകൾ ലഭ്യമാകാത്തതിനാൽ വലിയ ദാരിദ്ര്യത്തിലാണ്. വിദ്യാഭ്യാസത്തിനോ ആരോഗ്യ പരിരക്ഷക്കോ അവസരം വേണ്ടത്ര ലഭിക്കാറുമില്ല. അതിനാൽ ഭിന്നലിംഗക്കാർക്ക് സാമൂഹിക നീതിയും സമത്വവും ഉറപ്പാക്കണമെന്ന് *ഭിന്നലിംഗ നയം* വ്യക്തമാക്കുന്നു. പൊതുസമൂഹത്തിലും സർക്കാർ സംവിധാനങ്ങളിലും ഭിന്നലിംഗക്കാർ നേരിടുന്ന പ്രതിസന്ധികൾക്ക് ശാശ്വത പരിഹാരം ഉണ്ടാകണം. സാമൂഹിക ജീവിതത്തിൽ ആത്മാഭിമാനത്തോടും ഭയരഹിതമായും വ്യക്തി സ്വാതന്ത്ര്യത്തോടെ ജീവിക്കുവാനും കഴിയണം. ഭിന്നലിംഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും വിദ്യാഭ്യാസം, ആരോഗ്യം, ജോലി എന്നിവയിൽ ഗുണപരമായ സമീപനങ്ങൾ വളർത്തുവാനും ഏവർക്കും സാധിക്കണം.

> “ ഭിന്നലിംഗക്കാരുടെ സമഗ്ര സുരക്ഷയ്ക്കും സാമൂഹിക അഭിവൃദ്ധിക്കുമുള്ള ക്ഷേമ പ്രവർത്തനങ്ങളിൽ സഭകൾക്കും നിർണ്ണായകമായ പങ്കാളിത്തം വഹിക്കുവാൻ കഴിയും. ഭിന്നലിംഗക്കാരോടുള്ള അവഗണനയും തിരസ്ക്കരണവും അവസാനിപ്പിക്കുവാൻ സുപ്രീംകോടതിവിധി നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ കഴിയണം. ഭിന്നലിംഗക്കാരോടുള്ള കാഴ്ചപ്പാടിലും സമീപനത്തിലും സമഗ്രമായ പൊളിച്ചെഴുത്ത് സഭകൾക്കും അനിവാര്യമാണ്. ”

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

പൗരോഹിത്യ നൽവര ദാന ശുശ്രൂഷ

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ
(പ. സുന്നഹദോസ് സെക്രട്ടറി)

ദൈവത്തിൽ നിന്ന് ലഭിക്കുന്ന അതിശ്രേഷ്ഠ കൃപാദാനമാണ് പൗരോഹിത്യം. ദൈവം തന്റെ പ്രത്യേക ദൗത്യനിർവ്വഹണത്തിന് ഏകപക്ഷീയമായി തെരഞ്ഞെടുത്ത് ഒരാളിനെ വേർതിരിക്കുന്നതിനാൽ അത് ഒരു കൂദാശ ആണ്. സഭയിലെ ഒരു എപ്പിസ്ക്കോപ്പായുടെ കൈവയ്പിലൂടെയാണ് പൗരോഹിത്യശ്രേണിയിലെ വിവിധ പദവികൾക്കും തദനുസൃതമായ ശുശ്രൂഷകൾക്കും പരിശുദ്ധാത്മാവ് ഒരാൾക്ക് ഈ നൽവരം നൽകുന്നത്. ഇത് സഭയിലെ പൗരോഹിത്യമായതിനാൽ തെരഞ്ഞെടുപ്പും പട്ടത്വ ശുശ്രൂഷയുമെല്ലാം സഭയാണ് നിർവ്വഹിക്കുന്നത്. അത് വ്യത്യസ്ത ഓർത്തഡോക്സ് സഭകളിൽ വ്യത്യസ്ത പാരമ്പര്യങ്ങളിലായിരിക്കും എന്നു മാത്രം. 'കൊഹെൻ' എന്ന എബ്രായ പദം പഴയനിയമ പുരോഹിതർക്ക് നൽകിയിരുന്നു. ബലികളും കാഴ്ച്ചകളും അർപ്പിക്കുന്നയാൾ എന്ന് അർത്ഥം. ഇത് പുതിയനിയമത്തിലെ എപ്പിസ്ക്കോപ്പായെ ഉദ്ദേശിച്ചുള്ളതാണ്. സഭയുടെ പ്രാദേശിക ഭരണതലത്തിൽ അപ്പോസ്തോലന്മാർ നിയോഗിച്ച കശീശ അഥവ മൂപ്പൻ സഭയുടെ കാലക്രമത്തിലുള്ള വളർച്ചയിൽ എപ്പിസ്ക്കോപ്പായുടെ നിയോഗപ്രകാരം കൂദാശകളുടെ പരികർമ്മിയായും കൂടി പരിണാമപ്പെട്ടു എന്നാണ് കാണുന്നത്. പുതിയ നിയമ സഭയിൽ കാണുന്ന ശുശ്രൂഷകനും വിവിധ പദവികൾ ഉണ്ടായി. ഇത് മിക്കവാറും എല്ലാ പൗരാണിക പട്ടത്വസഭകളിലും നിലവിലിരിക്കുന്നു.

ദൈവരാജ്യം പ്രസംഗിപ്പാനും രോഗികളെ സുഖപ്പെടുത്തുവാനും ക്രിസ്തു തന്റെ അനുയായികളിൽ ചിലരെ തെരഞ്ഞെടുത്ത് നിയോഗിച്ചയച്ചത് (ലൂക്കോ 6. 13, മത്താ 10, 5 -8) ആദ്യ പൗരോഹിത്യ സ്ഥാപനമായി കണക്കാക്കാം. എന്നാൽ അതിന്റെ പൂർത്തീകരണം പാപമോചനത്തിനും, മാമോദീസാ മുക്കി സഭയോടു ജനങ്ങളെ ചേർക്കുന്നതിനും, ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ വാഴ്ത്തി വിഭജിച്ചു കൊടുക്കുന്നതിനും തൈലാഭിഷേക പ്രക്രിയയിലൂടെ രോഗസൗഖ്യം നൽകുന്നതിനും ഉള്ള അധികാരപ്പെടുത്തലിലും കൂടിയാണ് (മത്താ 18.18; യോഹ 20.22-23; മത്താ 28.19,20; ലൂക്കാ 22.14-20; മർക്കോ 6.13; യാക്കോ, 5.14). ഇപ്രകാരം പൗരോഹിത്യം ലോകരൂപാന്തരീകരണ പ്രക്രിയയിൽ ദൈവത്തിന്റെ ദൗത്യമാധ്യമമെന്ന നിലയിൽ അതിശ്രേഷ്ഠം തന്നെ. ഇതിന് ഒരു ദൈവീക വിളിയും (മർക്കോ 3.13-15) സഭയുടെ തെരഞ്ഞെടുപ്പും (ലൂക്കോ. 6.12,13) നിയമനവും (യോഹ. 15.16; ലൂക്കോ 10.1) കൈവയ്പും, ശുദ്ധീകരണവും ആവശ്യമാണ് (അപ്പോ. 13.2,3; ഗലാ. 1.15,16; യോഹ. 17.19). ദൈവത്തിന്റെ പ്രത്യേക വിളിയില്ലാതെ ആരും പുരോഹിതന്മാരാകുന്നില്ല (എബ്രാ. 5.4-6). എന്നാൽ ദൈവ വചനത്തിന്റെ ശുശ്രൂഷാനായകരായിരിക്കുന്ന ഇവരിൽ നിന്ന് ദൈവം തികഞ്ഞ വിശ്വസ്ഥതയും ശ്രേഷ്ഠകാര്യവിചാരകത്വവും പ്രതീക്ഷിക്കുന്നു.

പൗരോഹിത്യ ശ്രേണികൾ

പ്രധാന ശ്രേണികൾ ശുശ്രൂഷക്കാരൻ (Deacon), പുരോഹിതൻ (Priest), എപ്പിസ്ക്കോപ്പാ (Bishop) എന്നിവയാണ്. ശെമ്മാശനു താഴെയുള്ളവ കീഴ്സ്ഥാനികൾ എന്ന് അറിയപ്പെടുന്നു. മേൽപറഞ്ഞ പൗരോഹിത്യ സ്ഥാനികളുടെയും, കീഴ്സ്ഥാനികളുടെയും പട്ടത്വദാന ശുശ്രൂഷകൾ തമ്മിൽ കാതലായ ചില വ്യത്യാസങ്ങളുണ്ട്.

ശുശ്രൂഷകപദവിയിലെ കീഴ്സ്ഥാനികൾ

1. മ്ഹയ്മനേ- വിശ്വാസി

പഴയനിയമ സഭയിൽ അംഗങ്ങളെല്ലാവരും രാജകീയ പുരോഹിത വർഗ്ഗമായിരുന്നതുപോലെ (പുറ 19:6) പുതിയ നിയമ സഭയിലും ക്രിസ്തുവിനോട് ചേർന്ന് മാമ്മോദീസായേറ്റ എല്ലാ വിശ്വാസികളും ആത്മീകയാഗം (വി.കുർബ്ബാന) കഴിപ്പാൻ തക്ക രാജകീയ പുരോഹിത വർഗ്ഗമാണെന്ന് വി. പത്രോസ് ശ്ലീഹാ സമർത്ഥിക്കുന്നതിന്റെ പശ്ചാത്തലത്തിൽ (1 പത്രോസ്2:4) വി. മാമ്മോദീസാ സമയത്ത് വി. മൂറോൻ അഭിഷേകത്തിൽ കൂടി വിശ്വാസി പൗരോഹിത്യത്തിന്റെ പ്രഥമ പടിയിലായിത്തീരുന്നു.

2. മൗമ്യോനോ

ആദിമസഭയിൽ മാമ്മോദീസായ്ക്കു തയ്യാറായി വരുന്ന സ്ഥാനാർത്ഥികളെ (Baptisants) വിശ്വാസം എറ്റുപറയിച്ച്

പ്രതിജ്ഞയെടുപ്പിക്കുന്നയാൾ എന്നൊരു ശുശ്രൂഷക പദവിയുണ്ടായിരുന്നു. വേദപുസ്തകത്തിൽ ഭൂതോച്ചാടനം ഒരു ദൗത്യമായിരുന്നു. കീഴ്സ്ഥാനികളിൽ രണ്ടാമത്തെതാണിത്. ഈ സ്ഥാനം മത്താ 7:22; ലൂക്കോ 11: 19, 20; അപ്പോ 19 :11-13 കാണുന്നു. ഈ സ്ഥാനത്തെക്കുറിച്ച് പ. യുസ്തിനോസ് നാലു പ്രാവശ്യം രേഖപ്പെടുത്തുന്നു. അന്ത്യോക്യയിലെ തെയോഫിലോസ്, തെർത്തുല്യൻ, ഒറിഗൺ, കുപ്രായാനോസ് എന്നിവരും സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ഇവരെ കൽപ്പനമൂലം നിയമിക്കയല്ലാതെ പ്രത്യേക ക്രമം ഉപയോഗിച്ച് പട്ടം കൊടുക്കുന്നില്ല. പിശാചു ബാധിതരിൽ നിന്ന് പിശാചിനെ പുറത്താക്കുന്ന പ്രാർത്ഥനയും (Exorcism) ഇവർ നടത്തിയിരുന്നിരിക്കാം. അപ്രകാരമുള്ള ഒരു പ്രാർത്ഥന നമ്മുടെ വലിയ നമസ്ക്കാര പുസ്തകത്തിൽ (പാമ്പാക്കുട) 422-ാം പേജിൽ കാണുന്നുണ്ട്. ഇവർക്ക് മൗദ്യോനേ (Confessor) എന്ന പേരും ചില രേഖകളിൽ കാണുന്നുണ്ട്.

3. മ്സമറോനോ (Singer പാട്ടുകാരൻ)

കോപ്റ്റിക് പാരമ്പര്യത്തിൽ ഇവർ Epsaltos എന്നാണ് വിളിക്കപ്പെടുന്നത്. സങ്കീർത്തനം ചൊല്ലുന്നവർ എന്ന് അർത്ഥം. എന്നാൽ സഭയിലെ ആരാധന ഗീതങ്ങൾ ആലപിക്കുവാൻ പ്രത്യേക പരിശീലവും കൈവെയ്പ്പുമുള്ളവരാണ് ഇവർ. ഓർത്തഡോക്സ് സുറിയാനി പാരമ്പര്യത്തിൽ ഇവരുടെ കൈവയ്പ്പു ശുശ്രൂഷയ്ക്ക് പ്രത്യേകം ക്രമം ഉൾക്കൊള്ളിച്ചിട്ടുണ്ട്. മ്സമറോനോ പട്ടത്വ മുടിവെട്ടും, സ്ഥാനാർത്ഥിയുടെ നെറ്റിയിൽ എപ്പിസ്ക്കോപ്പായുടെ വലതുകൈയും, വലതു തോളിൽ എപ്പിസ്ക്കോപ്പായുടെ ഇടതുകയ്യും വച്ചുകൊണ്ട് സ്ഥാനദാനത്തിന്റെ രഹസ്യ പ്രാർത്ഥനയും ചൊല്ലുന്നുണ്ട്. മറ്റ് പട്ടത്വദാന ശുശ്രൂഷകളിലെ പോലെ തന്നെ കാസാ-പീലാസാകൾ ഈ സമയത്ത് അനാവരണം ചെയ്യുന്നെങ്കിലും ക്രൊയ്ത്തൊദ് റൂഹാ(പരിശുദ്ധാത്മാഹ്വാനം) നടത്തുന്നില്ല. ശുശ്രൂഷകുപ്പായം വാഴ്ത്തി ധരിപ്പിക്കുന്നെങ്കിലും ഊറാറ സ്ഥാന വസ്ത്രമായി കൊടുക്കുന്നില്ല. എങ്കിലും തൊപ്പി വാഴ്ത്താതെ കൊടു ക്കുന്ന രീതി നിലവിലുണ്ട്. സ്ഥാനപദവിയുടെ ചിഹ്നമായി നൽകുന്നത് സങ്കീർത്തന പുസ്തകമാണ്. കോപ് റ്റിക് സഭയിൽ ഊറാറ ധരിപ്പിക്കുന്നുണ്ട്. ■

(അവസാനിക്കുന്നില്ല...)

അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ ജന്മദിനാശംസകൾ



അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ സന്ദേശം ഓഫീസ് ഓഫ് യു. എസ്. ഗവണ്മെന്റ്, വൈറ്റ് പോളിസി ഡപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ ഫാ. അലക്സാണ്ടർ കുര്യൻ പരിശുദ്ധ കാതോലിക്കാ ബാവായ്ക്കു സമ്മാനിക്കുന്നു.

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് 70-ാം ജന്മദിനം. ന്യൂയോർക്കിൽ ഔദ്യോഗിക സന്ദർശനത്തിന് എത്തിയ കാതോലിക്കാ ബാവാ കുട്ടികളോടൊപ്പം ജന്മദിന കേക്ക് പങ്ക് വെച്ചു. പരിശുദ്ധ കാതോലിക്കാ ബാവായെ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയും പത്നി മിഷേലും ആശംസകൾ നേർന്ന് സന്ദേശം അയച്ചു.

ഓർത്തഡോക്സ് സഭയുടെ അമേരിക്കയിലെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. മനുഷ്യാവകാശ സംരക്ഷണം, സ്ത്രീ സമത്വം, അടിച്ചമർത്തപ്പെട്ടവരോടുള്ള കരുതൽ എന്നിവയിൽ സഭയുടെ നിലപാട് പ്രചോദനാത്മകമാണെന്നും ലോകം മെച്ചപ്പെടുത്തുന്നതിനായുള്ള പരിശുദ്ധ ബാവായുടെ താല്പര്യം പ്രത്യാശാജനകമാണെന്നും അനുമോദന സന്ദേശത്തിൽ ബറാക് ഒബാമ പറഞ്ഞു.

സപ്തതി വർഷത്തിൽ സഭയുടെ പ്രധാന സാമൂഹ്യ സേവന പദ്ധതികളിൽ ഒന്നായ പരുമല ക്യാൻസർ കെയർ സെന്റർ ഉദ്ഘാടനം ചെയ്യും. ■

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് I ചരമ ദ്വിശതാബ്ദിയോടനുബന്ധിച്ച് കുന്നംകുളം പഴഞ്ഞിയിൽ നടത്തിയ ആഗോള വൈദിക സമ്മേളനം സ്വാമി നന്ദാത്മജാനന്ദ്ജി മഹാരാജ് ഉദ്ഘാടനം ചെയ്യുന്നു. യൂഹാനോൻ മാർ മിലിത്തിയോസ്, ബന്യാമിൻ, പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, മാത്യൂസ് മാർ തേവോദോസ്യോസ്, യൂഹാനോൻ മാർ പോളികാർപ്പോസ്, ഫാ. സൈമൺ വാഴപ്പള്ളി എന്നിവർ സമീപം.

വിഭിന്ന ശേഷിയുള്ളവരെ സമൂഹം ഉൾക്കൊള്ളണം

■ പിണറായി വിജയൻ
(കേരളാ മുഖ്യമന്ത്രി)

സന്തോഷകരമായ ഒരു ബാല്യം ഇവർക്ക് ഉറപ്പാക്കിക്കൊടുക്കുക എന്നതാണ് നമുക്ക് ചെയ്യാനുള്ളത്. അത് ഉയർന്ന നിലവാരത്തിൽ നിങ്ങൾ ചെയ്യുന്നു. അതു മനസ്സിലാക്കാനുള്ള അവസരം എനിക്കുണ്ടായി എന്നത് എന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ഒരു കാര്യമായി ഞാൻ കരുതുന്നു.

വിഭിന്ന ശേഷിയുള്ള കുട്ടികൾക്കായി പ്രവർത്തിക്കുന്ന മരിയൺ പ്ലേ ഹോം ഇരുപത്തഞ്ചുവർഷം പൂർത്തിയാക്കി രജത ജൂബിലി ആഘോഷിക്കുന്ന ഘട്ടമാണിത്. ഈ ഘട്ടത്തിൽ ഇവിടെ വരാനും കുറച്ചു സമയം ചെലവഴിക്കാനും കഴിയുന്നത് എന്നെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകാനുഭവമാണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ ഇടയിലക്കോണം മരിയോൺ പ്ലേ ഹോം രജത ജൂബിലി ആഘോഷ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ശശി തരൂർ എം.പി., അലക്സാണ്ടർ വൈദ്യൻ കോറെപ്പിസ്കോപ്പ, ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ, കോപ്റ്റിക് ഓർത്തഡോക്സ് സഭ ബിഷപ്പ് അംബാ യൗസേഫ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത എന്നിവർ സമീപം.

മലങ്കരസഭയ്ക്കും സമൂഹത്തിനും അഭിമാനം പകരുന്ന വിധത്തിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത് എന്നതു സന്തോഷകരമാണ്.

അഭിവന്ദ്യ ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തയുടെ മനസ്സിൽ നിന്നു രൂപം കൊണ്ട ഒരു സങ്കൽപമാണ് ഇന്ന് ഈ സ്ഥാപനമായി ഉയർന്നു നിൽക്കുന്നത്. വിഷമം അനുഭവിക്കുന്നവരോട് അഭിവന്ദ്യ പിതാവിനുണ്ടായിരുന്ന കരുതലിന്റെ സ്മാരകമാണ് ഈ സ്ഥാപനം. ആ മഹത്വത്തിന്റെ സ്മരണയ്ക്കു മുമ്പിൽ ഞാൻ ആദരാഞ്ജലികളർപ്പിക്കുന്നു.

സമൂഹത്തെ നേരിടുന്നതിനു ശാരീരികമായും മാനസികമായും ഭിന്നശേഷിയുള്ള കുഞ്ഞുങ്ങളെ സജ്ജമാക്കുന്ന വിധത്തിലാണ് ഇവിടുത്തെ ക്ലാസ്സുകൾ എന്ന് എനിക്കറിയാം. പഠന കേന്ദ്രം മുതൽ തൊഴിൽ പരിശീലന കേന്ദ്രം വരെ ഇവിടെയുണ്ട് എന്നു കാണുന്നതു സന്തോഷകരമാണ്.

ശൈശവദശയിൽ തന്നെ കുട്ടികളെ വിഷമതകൾ തിരിച്ചറിഞ്ഞ് പ്രത്യേക ചികിത്സ നൽകുന്നു. കുഞ്ഞുങ്ങൾക്ക് അപകർഷതാബോധമുണ്ടാകാതെ നോക്കുന്നു. അവരെ ഈ സമൂഹത്തിനാവശ്യമുണ്ടെന്ന് അവരെത്തന്നെ ബോധ്യപ്പെടുത്തുന്നു. ഇതൊന്നും ചെറിയ കാര്യങ്ങളല്ല. കായികവും കലാപരവുമായ കഴിവുകൾ ഇവർക്കുള്ളിൽ ഒളിഞ്ഞു കിടപ്പുണ്ട്. ചാരം മൂടിക്കിടക്കുന്ന കനലു പോലെ. അതിനെ കണ്ടെത്തി ആളിപ്പടർത്തി എടുക്കുകയാണ് ഈ സ്ഥാപനം ചെയ്യുന്നത്. ഇങ്ങനെ ചെയ്യുന്നതിന് അംഗീകാരം ലഭിക്കുന്നുമുണ്ട്. ഏഥൻസിൽ നടന്ന വേൾഡ് സ്പെഷ്യൽ ഒളിമ്പിക്സിൽ ഇവിടുത്തെ കുട്ടികൾക്ക് ഹാൻഡ് ബോളിൽ വെങ്കല മെഡൽ ലഭിച്ചതു തന്നെ ഇതിന്റെ ഉദാഹരണമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ മരിയോൺ പ്ലേ ഹോമിലൂടെ വലിയ ഒരു ജീവകാരുണ്യ പ്രവർത്തിയാണ് ചെയ്യുന്നത്. ഈ കരുണയും കരുതലും തുടരട്ടെ എന്നും ഇതൊക്കെ തുടരാനുള്ള ഭൗതിക സാഹചര്യങ്ങൾ നിലനിൽക്കട്ടെ എന്നും ഞാൻ ആശംസിക്കുന്നു മികവു പ്രകടിപ്പിച്ച കുഞ്ഞുങ്ങളെ ഞാൻ ആത്മാർത്ഥമായി അനുമോദിക്കുന്നു. പുതിയ നേട്ടങ്ങൾ കൈവരിക്കുവാൻ അവർക്കു കഴിയട്ടെ. ഒരു പരിമിതിയും ആത്യന്തികമായ പരിമിതിയല്ല എന്നും ഇച്ഛാശക്തിയും മനോവീര്യവും കൊണ്ട് ഏതു പരിമിതിയെയും മറികടക്കാനാവും എന്നുമാണ് ഈ സ്ഥാപനം തെളിയിക്കുന്നത്.

ഉയർന്ന തോതിലുള്ള ക്ഷമയും മനുഷ്യത്വവും ദയയും സ്നേഹവും ആവശ്യമുള്ളവരാണ് ഇവിടത്തെ കുട്ടികൾ. അവർക്ക് ചെയ്തു കൊടുക്കാവുന്ന ഏറ്റവും വലിയ കാര്യം നിങ്ങൾ അവരെ മനസ്സിലാക്കുന്നു എന്ന് അവർക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നതാണ്. അത് നിങ്ങൾ ചെയ്യുന്നുണ്ട്, എന്നു ഞാൻ മനസ്സിലാക്കുന്നു.

ഒരു കഴിവുമില്ലാത്ത ഒരു കുട്ടിയും ഇല്ല. പല കുട്ടികൾക്കും പല രംഗങ്ങളിലും കുറവുണ്ടാവാം. എന്നാൽ, ഒരു രംഗത്തെങ്കിലും കഴിവു കാണാതിരിക്കില്ല. കഴിവുള്ളത് ഏതു രംഗത്താണ് എന്നു കണ്ടു പിടിച്ച്, അത് പ്രോത്സാഹിപ്പിച്ച് ആ രംഗത്ത് അവരെ മികവിലേക്കുയർത്തുക. വലിയ ശ്രമം ആവശ്യമുള്ള കാര്യവുമാണ്. വലിയ ക്ഷമ ആവശ്യമുള്ള കാര്യമാണ്. എന്നാൽ ആ ക്ഷമയും ആ ശ്രമവും ഉണ്ടാവുന്നിടത്താണ് നിങ്ങൾ മനുഷ്യത്വമുള്ള മനുഷ്യരാണെന്നതു തെളിയിക്കുന്നത്.

ഒരു കുട്ടിക്ക് ഒരു വിഷയവും പഠിക്കാൻ കഴിയുന്നില്ലെന്നു വരാം. എന്നാൽ, ആ കുട്ടിക്ക് പാട്ടുപാടാൻ കഴിവുണ്ടാവാം; അല്ലെങ്കിൽ ചിത്രം വരയ്ക്കാൻ കഴിവുണ്ടാവാം. കഴിവ് ഏതു മേഖലയിലാണ് എന്നതു കണ്ടെത്തി, നല്ല വാക്കുകൾ കൊണ്ട് ആത്മവിശ്വാസം വളർത്തി അവരെ നയിക്കണം. ചിലർക്ക് ഏതെങ്കിലും ഒരു വിഷയത്തിൽ മാത്രമാവും താൽപര്യം. ആ വിഷയം കണ്ടെത്തി അതിൽ കേന്ദ്രീകരിപ്പിക്കണം.

പൊതുവേ, നമ്മുടെ സമൂഹത്തിന്റെ രീതി ഇത്തരം കുട്ടികളെ മുഖ്യധാരയിൽ നിന്ന് പാടേ നീക്കിയിരുത്തുക എന്നതാണ്. അങ്ങനെ ഒഴിവാക്കിക്കൂട. മനസ്സിന്റെ ശേഷിക്ക് കുറവുണ്ടായിരിക്കെത്തന്നെ കൈത്തൊഴിലുകൾ പഠിക്കാൻ താൽപര്യം കാട്ടുന്നവരുണ്ട് ഇത്തരം കുട്ടികൾക്കിടയിൽ. ചിലപ്പോൾ ചന്ദനത്തിരി നിർമാണമാവാം, ചിലപ്പോൾ ബുക്ക് ബൈൻഡിങ്ങാവാം, ഏതിലാണോ താൽപര്യം അതു കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. പൊതുവേദികളിൽ ഇവർക്കും ഇടമുണ്ടാവണം. അങ്ങനെയായാൽ ഈ സമൂഹത്തിന്റെ ഭാഗമാണ് തങ്ങളും എന്ന ചിന്ത ഇവരിൽ വളരും. പൊതുവായ മത്സരങ്ങളിൽ നിന്ന് അകറ്റി നിർത്തരുത്. സമ്മാനം കിട്ടുകയോ കിട്ടാതിരിക്കുകയോ ചെയ്യട്ടെ. ചിലപ്പോൾ കിട്ടില്ലായിരിക്കും. എന്നാൽ ഒരു കയ്യടി അതു മാത്രം മതിയാവും ഇവർക്ക് ഉള്ളിൽ സന്തോഷമുണ്ടാവാൻ. തങ്ങൾ ഒറ്റപ്പെട്ടവരല്ല എന്ന ചിന്തയുണ്ടാവാൻ. അത്തരം പൊതുവേദികളിൽ ഇവർക്ക് കയ്യടി കിട്ടാനുള്ള സാഹചര്യം അധ്യാപകർ തന്നെ ഒരുക്കിക്കൊടുത്താലും കുഴപ്പമൊന്നുമില്ല. ഒരു നല്ല കാര്യത്തിലാണല്ലോ, അത്.

എനിക്കു തോന്നുന്നത്, ഇത്തരം കുട്ടികളെ സ്പെഷ്യൽ സ്ക്കൂളുകളിൽ തന്നെ നിലനിർത്തിക്കൊണ്ട് പൊതുസമൂഹവുമായി ഇടപെടാൻ പരിചയിപ്പിക്കലാവും നല്ലത് എന്നാണ്. പൊതുസ്ക്കൂളിൽ വേണ്ടത്ര പ്രത്യേക പരിഗണന കിട്ടാതെ പിന്നോക്കം പോയി അപകർഷതാബോധത്തിൽ അടിയുന്നതിനേക്കാൾ നല്ലത് സ്പെഷ്യൽ സ്ക്കൂളിൽ പോയി ആത്മവിശ്വാസത്തോടെ വളരുന്നതാവും. അവിടെയാണ് ഇത്തരം വിദ്യാലയങ്ങളുടെ പ്രസക്തി.

■ ■ ■

കഞ്ഞുങ്ങളുടെ മനസ്സ് സന്തോഷത്തിൽ നിലനിർത്തുക എന്നതാണ് ഏറ്റവും പ്രധാനം. അതിന് എക്സ്കർഷനോ ടൂറോ കലാപരിപാടികൾ നടക്കുന്നിടത്ത് കൊണ്ടുപോകലോ ഒക്കെയാവാം. നിരന്തരം നല്ല വാക്കുകൾക്കൊണ്ട് പ്രോത്സാഹിപ്പിച്ച് കുഞ്ഞുങ്ങളിൽ ആത്മവിശ്വാസം വളർത്തുക എന്നതാണ് ഏറെ പ്രധാനം.

പെൺകുട്ടികളുടെ കാര്യത്തിലാണ് കൂടുതൽ ശ്രദ്ധ വേണ്ടത്. പൂർണ്ണ ബുദ്ധിശക്തിയുള്ള പെൺകുട്ടികളെത്തന്നെ ചൂഷണം ചെയ്യുന്ന, പീഡിപ്പിക്കുന്ന അവസ്ഥയുണ്ട് സമൂഹത്തിൽ. എന്നാൽ, ഈ വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങൾക്ക് സ്വയം സംരക്ഷിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. അരുതാത്ത നീക്കങ്ങൾ അവർക്കു നേർക്ക് ഉണ്ടായാൽ അത് തിരിച്ചറിയാൻ കഴിഞ്ഞുകൊള്ളണമെന്നുപോലുമില്ല. അതിനുള്ള സുരക്ഷാസംവിധാനം എങ്ങനെ ഉറപ്പാക്കാമെന്ന് അധ്യാപകരും രക്ഷകർത്താക്കളും ഒക്കെ പ്രത്യേകം ആലോചിക്കണം. വനിതാ ടീച്ചർമാരുടെ കൺവെട്ടത്തിൽത്തന്നെയുണ്ടാവണം ഈ പെൺകുട്ടികൾ എപ്പോഴും. അവരുടെ മുഖഭാവത്തിൽ വരുന്ന മാറ്റങ്ങൾപോലും മനസ്സിലാക്കാൻ കഴിയണം. അവരുടെ കണ്ണു നിറഞ്ഞാൽ അത് എന്തുകൊണ്ട് എന്ന് അധ്യാപികയ്ക്ക് അറിയാൻ കഴിയണം. അത്തരമൊരു ആത്മബന്ധം പെൺകുട്ടികളുമായി അധ്യാപികമാർക്കുണ്ടാവണം.

ഒരുവിഭാഗം കുഞ്ഞുങ്ങളിൽ ഈ ഒരു അവസ്ഥയുണ്ട് എന്നത് സമൂഹത്തിലെ യാഥാർത്ഥ്യമാണ്. അത് ഒളിച്ചുവെക്കപ്പെടേണ്ട ഒരു കാര്യമല്ല. ഈ ബോധം സമൂഹത്തിലുണ്ടാവണം. സമൂഹത്തിലെ രണ്ടു വിഭാഗങ്ങൾ ഇത് പ്രത്യേകമായി മനസ്സിലാക്കണം. ഒന്ന്: യഥാസ്ഥിതിക പശ്ചാത്തലത്തിലുള്ള സമ്പന്ന കുടുംബങ്ങൾ. അവിടെ ഇത്തരമൊരു കുഞ്ഞുണ്ടായാൽ അത് ഒരു കുറച്ചിലാണെന്നു കരുതി പുറത്തറിയിക്കാതെ കുഞ്ഞിനെ വീട്ടിനുള്ളിലടച്ച് സൂക്ഷിക്കുന്ന രീതി പലയിടത്തുമുണ്ട്. അത് ക്രൂരതയാണ്. കുഞ്ഞുങ്ങളെ പുറംലോകവുമായും സമാനപ്രായത്തിലുള്ള കുഞ്ഞുങ്ങളുമായും ഇടപെടാൻ അനുവദിക്കുകയാണ് വേണ്ടത്. ഇത്തരം സ്ക്കൂളുകളുടെ സൗകര്യങ്ങൾ ഉപയോഗിക്കുകയാണ് വേണ്ടത്. അത് ആ കുഞ്ഞുങ്ങൾക്ക് വലിയ തോതിൽ പ്രയോജനപ്പെടും.

ഇതേപോലെയാണ് നിരക്ഷരരായിട്ടുള്ളവരുടെ നിർധന കുടുംബങ്ങൾ. കേരളം സമ്പൂർണ സാക്ഷരത നേടി എന്നൊക്കെ പറയുന്നുണ്ടെങ്കിലും നിരക്ഷരർ തീരെ ഇല്ലാതായിട്ടില്ല എന്നതാണ് സത്യം. അത്തരം കുടുംബങ്ങളിലുള്ളവർക്ക് ഇത്തരം സ്പെഷൽ സ്ക്കൂളുകൾ ഉണ്ട് എന്നുതന്നെ അറിയില്ല. അതുകൊണ്ടുതന്നെ, ഇത്തരം

സ്ക്കൂളുകളുടെ സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ല. അവരെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കാൻ കഴിയണം.

വീടിനുള്ളിൽ അടച്ചുപൂട്ടിയിട്ടു വളർത്തുന്ന കുഞ്ഞുങ്ങളിൽ നിന്നും എത്രയോ വ്യത്യസ്തമാണ് ഇതര കുട്ടികളോട് ഇടപെട്ടും സ്പെഷ്യൽ സ്ക്കൂളുകളിൽ പരിശീലനം നേടിയും എത്തുന്ന കുഞ്ഞുങ്ങൾ; അവരുടെ മാനസികവികാസം തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കപ്പെടേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഉപയോഗിച്ച് ഇത്തരം കുഞ്ഞുങ്ങളെ ഇത്തരം സ്പെഷ്യൽ സ്ക്കൂളുകളിലേക്ക് കൊണ്ടുവരാനുള്ള ശ്രമം നടത്തേണ്ടതുണ്ട്. സമ്പന്ന-ദരിദ്ര കുടുംബ പശ്ചാത്തലമൊന്നും ഇക്കാര്യത്തിൽ തടസ്സമാവരുത്.

ഇത്തരം സ്പെഷ്യൽ സ്ക്കൂളുകൾ വളരെ കുറച്ചേയുള്ളു. ഇത്തരത്തിലുള്ള ഒരു കുട്ടിയുള്ളിടത്തുനിന്നും പത്തോ നാൽപതോ കിലോമീറ്റർ അകലെയേ ഇത്തരം ഒരു സ്പെഷ്യൽ സ്ക്കൂൾ ഉള്ളൂ എന്നു വരാം. അത്ര ദൂരെ കൊണ്ടുപോയി കുട്ടിയെ വിടുക പലർക്കും സാധ്യമായി എന്നുവരില്ല. ഈ പശ്ചാത്തലിൽ ഇവർക്കായി റസിഡൻഷ്യൽ സ്ക്കൂളുണ്ടാവണം. തദ്ദേശ ഭരണസമിതിയുടെ ഫണ്ട്, എംപി ഫണ്ട്, എം.എൽ.എ ഫണ്ട് തുടങ്ങിയവ ഇതിനായിക്കൂടി ഉപയോഗിക്കാൻ കഴിയണം.

Inclusive Education നെക്കുറിച്ച് സർക്കാർ പറയുന്നുണ്ട്. ബുദ്ധിക്ക് പോരായ്മയുള്ള കുഞ്ഞുങ്ങളെയും ഇതരവിഭാഗം കുഞ്ഞുങ്ങളെയും ഒരുമിച്ചിരുത്തി പഠിപ്പിക്കലാണത്. ഫലപ്രദമായ suport service ഉണ്ടെങ്കിൽ മാത്രേ ഇത് ഫലപ്രദമാവൂ. അതായത്, ബുദ്ധിക്ക് കുറവുള്ള ഓരോ കുട്ടിക്കും ഓരോ സ്പെഷ്യൽ ടീച്ചറെ അനുവദിക്കാൻ കഴിയണം. ഇപ്പോൾ ഒരു സ്ക്കൂളിൽ ഒന്നോ രണ്ടോ സ്പെഷ്യൽ ടീച്ചർമാർ മാത്രമേയുള്ളു എന്നതാണ് സ്ഥിതി. സ്കൂളിലാകട്ടെ പല സ്റ്റാൻഡേർഡുകളിലായിട്ടാവും എട്ടോ പത്തോ കുട്ടികളുണ്ടാവുക. ഒന്നോ രണ്ടോ സ്പെഷ്യൽ ടീച്ചർമാർക്ക് ശ്രദ്ധിക്കാൻ കഴിയില്ല ഇവരെയൊക്കെ. ആ ശ്രദ്ധ ഉണ്ടായില്ലെങ്കിൽ ഈ കുഞ്ഞുങ്ങൾ വലിയ അപകർഷതാബോധത്തിലേക്ക് വീഴും. അത് കൂടുതൽ അപകടമാവും. അതുകൊണ്ടാണ് Support Service ഉണ്ടെങ്കിലേ Inclusive Education ഫലപ്രദമാവൂ. എല്ലാവിധ protection നും കൊടുത്ത് കുഞ്ഞുങ്ങളെ പരിപാലിക്കാൻ വേണ്ടത്ര supportive ആയി Special Teachers ഉണ്ടാവണം.

എനിക്കു തോന്നുന്നത്, ഇത്തരം കുട്ടികളെ സ്പെഷ്യൽ സ്ക്കൂളുകളിൽ തന്നെ നിലനിർത്തിക്കൊണ്ട് പൊതുസമൂഹവുമായി ഇടപെടാൻ പരിചയിപ്പിക്കലാവും നല്ലത് എന്നാണ്. പൊതുസ്ക്കൂളിൽ വേണ്ടത്ര പ്രത്യേക പരിഗണന കിട്ടാതെ പിന്നോക്കം പോയി അപകർഷതാബോധത്തിൽ അടിയുന്നതിനേക്കാൾ നല്ലത് സ്പെഷ്യൽ സ്ക്കൂളിൽ പോയി ആത്മവിശ്വാസത്തോടെ വളരുന്നതാവും. അവിടെയാണ് ഇത്തരം വിദ്യാലയങ്ങളുടെ പ്രസക്തി.

പൊതുസമൂഹവുമായി ഈ കുഞ്ഞുങ്ങളെ ഇടപെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ പറഞ്ഞു. അതിനായി കലോത്സവങ്ങളിലേക്കും ടാലന്റ് ഷോകളിലേക്കും ഒക്കെ അവരെ കൂട്ടിക്കൊണ്ടുപോവണം. ഇങ്ങനെയൊക്കെ സന്തോഷകരമായ ഒരു ബാല്യം ഇവർക്ക് ഉറപ്പാക്കിക്കൊടുക്കുക എന്നതാണ് നമുക്ക് ചെയ്യാനുള്ളത്. അത് ഉയർന്ന നിലവാരത്തിൽ നിങ്ങൾ ചെയ്യുന്നു. അതു മനസ്സിലാക്കാനുള്ള അവസരം എനിക്കുണ്ടായി എന്നത് എന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ഒരു കാര്യമായി ഞാൻ കരുതുന്നു.

നൂറ് ആടുകളുള്ളതിൽ ഒന്നിനെ നഷ്ടപ്പെട്ടാൽ തൊണ്ണൂറ്റി ഒമ്പതിനെയും അവിടെ നിർത്തി നഷ്ടപ്പെട്ട കുഞ്ഞാടിനെ വീണ്ടെടുക്കാനുള്ള മനസ്സുകാട്ടണമെന്നു ബൈബിളിൽ പറയുന്നുണ്ടല്ലോ. ആ മനസ്സാണ് മരിയോൺ പ്ലേ ഹോം പോലുള്ള സ്ഥാപനങ്ങൾ നടത്തുന്നതിലൂടെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പ്രകടിപ്പിക്കുന്നത്. ദീനാനുകമ്പയുടേതായ ഈ സേവന സംസ്കാരം അനവരതം തുടർന്നുകൊണ്ടുപോകാൻ സഭയ്ക്കും ഈ സ്ഥാപനത്തിന്റെ നടത്തിപ്പു ചുമതലയുള്ളവർക്കും കഴിയട്ടെ.

(തിരുവനന്തപുരം ഭദ്രാസനത്തിന്റെ മാരിയോൺ പ്ലേ ഹോം രജത ജൂബിലി സമാപനം ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ പ്രഭാഷണം, 17 ആഗസ്റ്റ് 2016)

■

മാധ്യമ ഫെലോഷിപ്പ്

കോട്ടയം: യുണിസെഫ്, പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ എന്നിവ സംയുക്തമായി ഏർപ്പെടുത്തിയ മാധ്യമ ഫെലോഷിപ്പ് (50,000) നേടിയ ജെറിൻ ജോയി. സമൂഹത്തിൽ കുട്ടികൾ നേരിടുന്ന വിവിധ വെല്ലുവിളികളെക്കുറിച്ചു പഠിക്കുന്നതിനാണ് ഫെലോഷിപ്പ്.

മലയാള മനോരമ കോട്ടയം യൂണിറ്റിൽ റിപ്പോർട്ടറായ ജെറിൻ ജോയി തിരുവല്ല കാവുംഭാഗം സെന്റ് മൽക്ക് ഓർത്തഡോക്സ് ഇടവകയിൽ ഇടശ്ശേരിപറമ്പിൽ ജോയ് വർഗീസിന്റെയും ഡെയ്സിയുടെയും മകനാണ്. ഭാര്യ: ജിഷ.

യുവപ്രതിഭ



തിരുവനന്തപുരത്ത് നടന്ന ഫിലിം ഫെസ്റ്റ്വെലിൽ യുവപ്രതിഭാ പുരസ്ക്കാരം നേടിയ അലക്സ് ഇലഞ്ഞിമൂട്ടിൽ. ചെങ്ങന്നൂർ യോർദാൻപുരം മാർ ഗ്രിഗോറിയോസ് ഇടവകാംഗമായ അലക്സ് ഇലഞ്ഞിമൂട്ടിൽ 14 ഷോർട്ട് ഫിലിം സംവിധാനം ചെയ്തിട്ടുണ്ട്.

കുപ്പയിലെ മാണിക്യം എന്ന ചലച്ചിത്രത്തിനാണ് പുരസ്ക്കാരം ലഭിച്ചത്. നിരവധി സീരിയലുകളിലും ടെലിഫിലുമുകളിലും അഭിനയിച്ചിട്ടുണ്ട്.



ഭിന്ന ലിംഗക്കാർ

ക്രൈസ്തവ സമീപനം

ഭിന്ന ലിംഗത്തിൽപ്പെട്ടവർ ആദരിക്കപ്പെടണം. അവരെ അംഗീകരിക്കണം. അവർക്ക് അഭിമാനത്തോടെ ജീവിക്കാനാകണം. മേൽവിലാസമുണ്ടാകണം. പൊതു ജീവിതം അവർക്കും ആഘോഷിക്കുവാനുള്ളതാണ്.

■ ഡോ. കെ.എൽ മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പാ

പ്രപഞ്ച സൃഷ്ടിയിൽ എന്തെല്ലാം വൈവിധ്യങ്ങൾ! മനുഷ്യ മസ്തിഷ്കത്തിന് അവ കുറേശ്ശെയായി വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. പുതിയ കണികകളെക്കുറിച്ചും പ്രകൃതിയുടെ പ്രതിഭാസങ്ങളെക്കുറിച്ചും ഇനിയും വെളിപ്പെടുവാൻ ധാരാളം കാര്യങ്ങൾ. വെളിപ്പെട്ട കാര്യങ്ങളെക്കുറിച്ച് പൂർണ്ണമായി ഗ്രഹിക്കുവാനും അസാദ്ധ്യം. ഒരു കണ്ണാടിയിലൂടെ മങ്ങിയ നിലയിലാണ് നമ്മുടെ കാഴ്ച. ഭാഗം ഭാഗമായിട്ടാണ് ദൈവത്തിന്റെ വെളിപ്പെടുത്തൽ.

മനുഷ്യ സൃഷ്ടിയെക്കുറിച്ച് "ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു" എന്ന ബൈബിളിലെ പ്രസ്താവന ആണും പെണ്ണുമായി മാത്രമേ സൃഷ്ടിച്ചിട്ടുള്ളു എന്ന് വ്യാഖ്യാനിക്കേണ്ടതില്ല. സൃഷ്ടിച്ചവ നല്ലതെന്ന് ദൈവം കണ്ടു. അറിവിന്റെ ചക്രവാളം വികസിക്കുന്തോറും മുൻകാല ധാരണകൾ പലതും തിരുത്തിക്കുറിക്കപ്പെടുന്നത് സ്വാഭാവികം. ആദിമ നൂറ്റാണ്ടുകളിൽ സഭയുടെ ആരാധനാക്രമത്തിൽ വിമാന യാത്രക്കാർക്കു വേണ്ടിയുള്ള പ്രാർത്ഥന ഇല്ലായിരുന്നു. ഇപ്പോൾ അവർക്കു വേണ്ടിയും നാം പ്രാർത്ഥിക്കുന്നു. ഹൈടെക് യുഗത്തിൽ നിരീക്ഷണ പരീക്ഷണ നിഗമന മാനദണ്ഡങ്ങൾ മാറിമറിയുന്നു. സഭയുടെ ദൈവശാസ്ത്രം ചലനാത്മകമായിരിക്കണം.

ദൈവമക്കൾ എന്ന പദവി ലിംഗ വ്യത്യാസം കൂടാതെ സകല മനുഷ്യർക്കും ബാധകമാണ്. പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മ ആവാസം ഉണ്ടായത് ലിംഗ വത്യാസം കൂടാതെ ഒരുമിച്ചുകൂടിയിരുന്ന ജനത്തിനാണ്. ഭിന്ന ലിംഗത്തിൽപ്പെട്ടവർ ആദരിക്കപ്പെടണം. അവരെ അംഗീകരിക്കണം. അവർക്ക് അഭിമാനത്തോടെ ജീവിക്കാനാകണം. മേൽവിലാസമുണ്ടാകണം. പൊതു ജീവിതം അവർക്കും ആഘോഷിക്കുവാനുള്ളതാണ്. ചെയർ പേർസൺ പോലെയുള്ള ഭാഷാ പ്രയോഗങ്ങൾ ഇന്ന് സർവ്വ സാധാരണം. അവരും സെലിബ്രിറ്റികളായിത്തീരണം. അവരുടെ കഴിവുകൾ മനുഷ്യരാശിയുടെ നന്മക്കായി ഭവിക്കണം. അവരുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കണം. അവരും സന്തോഷമായിരിക്കട്ടെ. അവർ നൃത്തം ചെയ്യട്ടെ, പാടട്ടെ, പൊട്ടിച്ചിരിക്കട്ടെ, നമുക്കവരെ കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കാം.

ഹിജഡകൾ എന്ന പേര് അവർക്ക് അപകർഷതാബോധമുണ്ടാകാതിരിക്കാൻ നമുക്ക് പിൻവലിക്കാം. ഭിന്ന ലിംഗ സമൂഹത്തിന്റെ ഭവനങ്ങൾ ഭൂമിയെ കൂടുതൽ വർണ്ണാഭമാക്കട്ടെ. അവരിൽ സൗന്ദര്യം ദർശിക്കാൻ നമുക്കാകട്ടെ. ഭിന്ന ലിംഗക്കാരുടെ സംഗീത ബാൻഡിന് വൻനിര ആരാധകരുണ്ടെന്ന് അടുത്ത കാലത്ത് പത്രവാർത്ത ഉണ്ടായിരുന്നു. അവരുടെ സങ്കടവും ഏകാന്തതയും ഉല്ലാസത്തിന് വഴി മാറട്ടെ. നമ്മുടെ സ്വപ്നങ്ങളും അവരുടെ സ്വപ്നങ്ങളും സാക്ഷാൽക്കരിക്കപ്പെടട്ടെ. പരിഹാസത്തോടും പുച്ഛത്തോടുമല്ല ബഹുമാനത്തോടും സമത്വത്തോടുമാണ് അവരോട് ഇടപെടേണ്ടത്.

ആണും പെണ്ണും കെട്ടവർ എന്ന ശൈലി നമ്മുടെ നാവിലുയരരുത്. ശരിയായ പരിശീലനം നൽകിയാൽ അസാദ്ധ്യനേട്ടങ്ങൾ അവരിൽനിന്നു കൈവരും. അവർക്കിഷ്ടപ്പെട്ട വേഷം അവർ അണിയട്ടെ. നമ്മുടെ കൂട്ടായ്മയിൽനിന്ന് അവർ പുറത്താക്കപ്പെടരുത്. അപൂർണ്ണരെന്ന് അവരെക്കുറിച്ച് വിധിയെഴുതരുത്. ആദിമ ക്രൈസ്തവ സഭയിൽ ഭിന്ന ലിംഗക്കാർ ഇല്ലായി

ഭിന്ന ലിംഗക്കാർ സമീപനങ്ങൾ

■ ഫാ.ഡോ. റെജി മാത്യു
(സെക്രട്ടറി, കേരളാ കൗൺസിൽ ഓഫ് ചർച്ചസ്)

ഇന്നത്തെ ലോകത്തിൽ ക്രൈസ്തവ സഭകളുടെ സാംഗത്യം എന്താണ് ? നാലാം നൂറ്റാണ്ടിൽ കുസ്തന്തീനോസ് ചക്രവർത്തി റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചതുമുതൽ ക്രൈസ്തവ സഭയ്ക്കുണ്ടായ മൂല്യച്യൂതി ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഭാരത്തിലെ സഭയ്ക്കും ഇല്ലെന്നു പറയാനൊക്കുമോ?

വിശ്വാസികളായവർക്കെല്ലാം ദൈവസ്നേഹം പകർന്നുകൊടുക്കുവാൻ സഭയ്ക്കും വൈദിക നേതൃത്വത്തിനും കഴിയുന്നുണ്ടോ ? "ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കണമെന്നു വിചാരിക്കാതെ തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി കുരിശിലെ മരണത്തോളം തന്നെത്തന്നെ താഴ്ത്തിയ ദൈവപുത്രനായ യേശുക്രിസ്തുവിനെ" ചില്ലുകൂട്ടിലിട്ട് ആരാധിക്കുക മാത്രമാണോ നമ്മുടെ ദൗത്യം ? സഭയുടെ ശുശ്രൂഷയിലൂടെ നസ്രായനായ യേശുവിനെ മനുഷ്യർക്ക് എത്തിച്ചുകൊടുക്കുവാൻ നമുക്ക് കഴിയേണ്ടേ? അതിനായിട്ടല്ലേ ദൈവം നമ്മെ ഏവരെയും വിളിച്ച് വേർതിരിച്ച് തന്റെ രാജ്യത്തിന്റെ സുവിശേഷീകരണത്തിനായി നമ്മെ അഭിഷേകം ചെയ്തിരിക്കുന്നു എന്ന തിരിച്ചറിവും നമുക്കുണ്ടോ ? "ഈ കൂട്ടത്തിൽ ഉൾപ്പെടാത്ത ആടുകളും എനിയ്ക്കുണ്ട്" എന്നു പറഞ്ഞ നമ്മുടെ കർത്താവ് അജപാല ശുശ്രൂഷയുടെ സാമൂഹികമാനങ്ങളിലേക്ക് വിരൽചൂണ്ടുകയല്ലേ ചെയ്തത് ?

സമൂഹത്തിൽ എല്ലാ പൗരന്മാർക്കും നീതി ലഭിയ്ക്കണമെന്നും ഇതു ക്രൈസ്തവ സഭയുടെ ലക്ഷ്യങ്ങളിലൊന്നാണല്ലോ. ലിംഗസമത്വം എന്നും പറയുമ്പോൾ പൊതുവെ ചർച്ച ചെയ്യപ്പെടുന്നത് സ്ത്രീ-പുരുഷ സമത്വമാണ്. പക്ഷെ ഈ രണ്ടു വിഭാഗത്തിലുമുൾപ്പെടാത്ത കുറെ ആളുകൾ നമ്മുടെ സമൂഹത്തിലുണ്ട് എന്ന യാഥാർത്ഥ്യം ഇന്നും പരക്കെ ശ്രദ്ധിയ്ക്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ നമ്മോടു ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതായിട്ടുണ്ട്.

1. "ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു.... ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു" (ഉല്പത്തി 1:27) എന്നു വേദപുസ്തകം പറയുമ്പോൾ ഇതു രണ്ടും അല്ലാതെ ജനിക്കുന്നവർ ദൈവരൂപത്തിലല്ലാതെയാണോ സൃഷ്ടിക്കപ്പെടുന്നത്?

2. നമ്മുടെ വിവാഹ കൂദാശയിൽ വേദഭാഗത്ത് നമ്മുടെ കർത്താവിന്റെ വചനങ്ങളായി നാം വായിക്കുന്നത് "അമ്മയുടെ ഗർഭത്തിൽ നിന്നു ഷണ്ഡന്മാരായി ജനിച്ചവർ ഉണ്ട്; മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും ഉണ്ട്" എന്നാണല്ലോ (മത്തായി 19:12). പിറവിയിൽ ഒരു ശിശു ആണും പെണ്ണുമല്ലാതെ ജനിക്കുന്നതിന് ആരെയാണ് കുറ്റം പറയേണ്ടത് ?

3. ആൺകുട്ടികൾ പെൺകുട്ടികളുടെ ഭാവത്തിലും പെൺകുട്ടികൾ ആൺകുട്ടികളുടെ ഭാവത്തിലും തങ്ങളുടെ കൗമാരപ്രായത്തിൽ പ്രതികരിക്കുന്നത് ബാഹ്യപ്രേരണയായി മാത്രം ചിന്തിക്കാനാവുമോ ? ഒരു വ്യക്തിയുടെ ലൈംഗികപരമായ ആളത്വം രൂപപ്പെടുന്ന കൗമാരപ്രായത്തിൽ പെൺകുട്ടികൾ സാധാരണ സ്ത്രീകളായിത്തീരുവാനും ആൺകുട്ടി

രുന്നു എന്ന് പറയാനാവില്ല. അന്ത്യകാലത്ത് സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും എന്ന യോവേൽ പ്രവചനത്തിൽനിന്ന് (2:28) ഭിന്ന ലിംഗക്കാരെ ഒഴിവാക്കിയിട്ടില്ല. ദൈവത്തിന് എല്ലാവരും മക്കൾ തന്നെ, നമുക്ക് അവർ സഹോദരങ്ങളും.

മാമോദീസാ ഭിന്ന ലിംഗക്കാർക്ക് നിഷേധിക്കാൻ സാദ്ധ്യമല്ല. സഭയിൽ ആരാധനാ ക്രമം കാലാകാലങ്ങളിൽ വികസിക്കുമ്പോൾ പുതിയ മേഖലകളിൽ ഗീതങ്ങളും പ്രാർത്ഥനകളും ഉണ്ടാകേണ്ടതാണ്. ക്രിസ്തുവിന്റെ ശരീരമായ സഭയിൽ ഓരോ മനുഷ്യനും അവയവമാണ്. ഓരോരുത്തർക്കും പ്രത്യേക നൈപുണ്യം ഉണ്ടായിരിക്കും. എല്ലാവരും ഒരേ അപ്പത്തിന്റെ അംശികളാകുന്നു. അവർക്ക് കുർബ്ബാന നിഷേധിക്കാനിടയാകരുത്. ക്രിസ്തു ശരീരത്തിലെ ഒരവയവത്തിന് മറ്റൊരവയവത്തെ എങ്ങനെ തള്ളിപ്പറയാൻ കഴിയും?.

ഭാഷയ്ക്ക് പരിമിതിയുണ്ടെങ്കിൽ ക്രിസ്തുവിനും ക്രിസ്തു ശരീരമായ സഭയ്ക്കും ആ പരിമിതി കല്പിക്കാനാവില്ല. ഭിന്ന ലിംഗ സമൂഹത്തിൽ ജനിക്കുവാനിടയായത് ആ വ്യക്തിയുടെയോ അമ്മയപ്പന്മാരുടെയോ പാപം മൂലമല്ലല്ലോ. എല്ലാവരിൽകൂടിയും ദൈവ മഹത്വം പ്രവർത്തിക്കേണ്ടതാകുന്നു. ഇൻഡ്യയുടെ ഭരണഘടന പ്രകാരം ഭിന്ന ലിംഗത്തിൽപ്പെട്ടവർക്കും വോട്ടവകാശം ലഭ്യമാണ്. കഴിഞ്ഞ കേരള അസംബ്ളി തെരഞ്ഞെടുപ്പിൽ അവർ വോട്ടവകാശം വിനിയോഗിച്ചത് വാർത്തയായി. അവകാശങ്ങളിലും പദവികളിലും മാന്യതയിലും അവർ തുല്യരാണ്.

രക്ഷയും വീണ്ടെടുപ്പും എല്ലാവർക്കുമായിട്ടാണ് ലഭ്യമാക്കുന്നത്. സഭയിലും സമൂഹത്തിലും വർഗ്ഗ, വർണ്ണ, ലിംഗ വ്യത്യാസമില്ലാതെ എല്ലാവർക്കും അവസര സമത്വം ഉണ്ടാകണം. ദൈവ സാദൃശ്യത്തിലാണ് എല്ലാവരെയും സൃഷ്ടിച്ചിരിക്കുന്നത്. ദൈവീകരണം പ്രാപിക്കുന്നതിന് എല്ലാവർക്കും തുല്യാവകാശമുണ്ട്. ■

കൾ തങ്ങളുടെ പുരുഷത്വം തെളിയിക്കുവാൻ ഉദ്യമിക്കുമ്പോൾ മൂന്നാമതൊരു കൂട്ടമാളുകൾ അവരുടെ ഉൾപ്രേരണയാൽ സമൂഹം വിചാരിക്കുന്നതിനു വിപരീതമായി ചിന്തിച്ചാൽ - അതിന് ശാസ്ത്രീയമായതും ജനിതകവുമായ കാരണങ്ങളുണ്ടെങ്കിൽ അതിനെ പാപമായി കുറ്റപ്പെടുത്താനാകുമോ ? വിവാഹത്തിനുമുമ്പ് നടക്കുന്ന കൗമാരചേഷ്ടകളെപ്പോലെ ഇതിനെയും തള്ളിപ്പറയാനാകുമോ ?

4. ഒരു വ്യക്തിയുടെ ഉള്ളിൽ തന്നെ രണ്ടുവർഗ്ഗത്തിലുള്ളവരുടെയും ശാരീരികവളർച്ച ഉണ്ടായി വന്നാൽ അതിനെ നിസ്സാരമായി തള്ളിക്കളയാനാകുമോ ? Inter Sex എന്നു പറയുന്ന ലോകത്തിലെ വളരെ ചുരുക്കം പേരുള്ളവരുടെ ശാരീരിക - മാനസിക സമ്മർദ്ദങ്ങൾക്കുത്തരം പറയുവാൻ നമുക്കെങ്ങനെ സാധിക്കും ? ഉദാഹരണമായി, പുറമെ പുരുഷ ശരീരമുള്ള ഒരാൾക്ക് ഗർഭപാത്രവും സ്ത്രീകൾക്കുള്ള മാസമുറയും കൂടി ഉണ്ടായാൽ അത് ആ വ്യക്തിയുടെ കുറ്റമായി നിസ്സാരവൽക്കരിക്കാനാകുമോ ?

5. "ആണും - പെണ്ണും കെട്ടവർ" എന്ന് പറഞ്ഞ് നാം അധിക്ഷേപിക്കുന്ന Transgendersനെപ്പോലെയുള്ളവരെല്ലാം അധാർമ്മിക ജീവിതം നയിക്കുന്നവരാണെന്ന് പറയുന്നതു ശരിയാണോ ? ഇതിൽ മിക്കവരും കുടുംബത്തിൽ നിന്നും, സമൂഹത്തിൽ നിന്നും തള്ളപ്പെട്ട് ജീവിയ്ക്കുവാൻ വകയില്ലാതെ കഴിയുന്നത് നാം ശ്രദ്ധിച്ചിട്ടുണ്ടോ ?

6. ലിംഗപരമായി കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് കഴിയുന്നവരോട് സഹാനുഭൂതിയോടെ പെരുമാറാനുള്ള കടമ സഭയ്ക്കും പൊതുവെയും അജപാലന ശുശ്രൂഷയിൽ ഇടപെടുന്നവർക്കും ഉണ്ടാകേണ്ടതല്ലേ ? അവരുടെമേൽ ചൊരിയപ്പെടുന്ന പരിഹാസവർഷം, മാതാപിതാക്കളിൽ നിന്നും പോലും ഉണ്ടാവുന്ന പീഡനമുറകൾ, അവർക്കുള്ളത് മാനസിക രോഗമാണെന്നു കരുതി ആശുപത്രികളിൽ നടത്തപ്പെടുന്ന ശസ്ത്രക്രിയകളും, രാസപദാർത്ഥങ്ങൾ ഉൾപ്പെടുന്ന പ്രാകൃതമായ ചികിത്സാ സമ്പ്രദായങ്ങൾ എന്നിവയെ നാം എതിർക്കേണ്ടതല്ലേ ? മൃഗങ്ങൾക്കു പോലും അവകാശങ്ങൾ ഉറപ്പാക്കുന്ന ഈ രാജ്യത്തിൽ LGBT സമൂഹത്തിലുള്ളവരോടുള്ള അക്രമങ്ങളെ ചെറുത്തുനിൽക്കുവാൻ സഭ അവരെ സഹായിക്കേണ്ടതല്ലേ?

> ലിംഗപരമായി കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് കഴിയുന്നവരോട് സഹാനുഭൂതിയോടെ പെരുമാറാനുള്ള കടമ സഭയ്ക്കും പൊതുവെയും അജപാലന ശുശ്രൂഷ യിൽ ഇടപെടുന്നവർക്കും ഉണ്ടാകേണ്ട തല്ലേ?

7. അവസാനവുമായി, യഥാർത്ഥ ദൈവസാദൃശ്യം എന്താണെന്നു നമ്മെ പഠിപ്പിച്ച യേശുക്രിസ്തു ചുങ്കക്കാരോടും വേശ്യമാരോടും, കുഷ്ഠരോഗികളോടുമൊപ്പം ഭക്ഷണം കഴിക്കുവാൻ വരെ തയ്യാറായെങ്കിൽ ആ യേശുവിന്റെ യഥാർത്ഥ മുഖം പുറത്തുകാട്ടേണ്ട കടമ സഭയുടേതല്ലേ ? കപടഭക്തരായ മതനേതാക്കന്മാരല്ല നാം എന്നുള്ളത് പ്രവർത്തിപഥത്തിൽ നാം വേണ്ട വണ്ണം പ്രദർശിപ്പിക്കുന്നുണ്ടോ ?

നമുക്കിനിയെങ്കിലും പരീശമനോഭാവം വെടിഞ്ഞ് ഇക്കാര്യത്തെപറ്റി നമ്മെ തന്നെ ബോധവൽക്കരിക്കേണ്ടേ ? വെറുപ്പിനുപകരം അനുകമ്പയും, ഒറ്റപ്പെടുത്തലിനു പകരം സംരക്ഷണവും, ഒരു വ്യക്തിയെന്ന നിലയിലുള്ള മനുഷ്യാവകാശ ലംഘനത്തിനു പകരം സാധാരണ മനുഷ്യർക്ക് അവകാശപ്പെട്ട ഭക്ഷണവും, വസ്ത്രവും, പാർപ്പിടവും ഇക്കൂട്ടരുടേയും മനുഷ്യാവകാശ ങ്ങളല്ലേ ?

നാം വാസ്തവത്തിൽ ആരുടെ പക്ഷത്താണ് ? ചുങ്കക്കാരെയും, പാപികളെയും, വേശ്യാസ്ത്രീ കളെയും ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ പഠിപ്പിച്ച യേശുവിനോടൊപ്പമാണോ, അതോ "ഇവൻ പാപികളെ കൈക്കൊണ്ട് അവരോടുകൂടി ഭക്ഷിക്കുന്നു" എന്നാരോപിച്ച് യേശുവിനെതിരായി ജനങ്ങളെ സംഘടിപ്പിച്ച പരീശന്മാരുടെയും സാദുക്യരുടെയും പക്ഷത്താണോ നമ്മുടെ നിലപാടുകൾ? ദൈവം നമുക്ക് ഉത്തരം തരുമാറാകട്ടെ. ■

ഭിന്നലിംഗക്കാർ:

കോട്ടയം: ഭിന്നലിംഗക്കാരുടെ അവകാശങ്ങളെക്കുറിച്ച് കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെയും വിവിധ സഭകളുടെയും നേതൃത്വത്തിൽ നടന്ന പ്രഭാഷണങ്ങൾക്ക് നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ഫിലിപ്പ് കുരുവിള മുഖ്യ നേതൃത്വം നൽകി.

തിരുവല്ലയിൽ നടന്ന സമ്മേളനം ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ഉദ്ഘാടനം ചെയ്തു. റാന്നി സമ്മേളനം ഡോ. ജോഷ്വാ മാർ നിക്കോദിമോസും എറണാകുളം സമ്മേളനം യൂഹാനോൻ മാർ പോളികാർപ്പോസും ഉദ്ഘാടനം ചെയ്തു.

ഓർത്തഡോക്സ് സെമിനാരിയിൽ നടന്ന സമ്മേളനത്തിൽ പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. ഡോ. റെജി മാത്യു, ഫാ. ഫിലിപ്പ് കുരുവിള, ഫാ. ഡോ. ജേക്കബ് മാത്യു, ഭിന്നലിംഗ സമൂഹത്തിലെ അനന്യ (കോയമ്പത്തൂർ), വിജയരാജ മല്ലിക (ബോംബെ), ഒൾഗാ ആരാൻ (ചെന്നൈ), ദാനിയേൽ മെൻസോൻക (ബോംബെ) എന്നിവർ നേതൃത്വം നൽകി.

വായിക്കൂ... വളരുക... വരിക്കാരാകൂ...

മലങ്കരസഭ മാസിക

പരുമല പെരുന്നാളിനോടനുബന്ധിച്ച് പരുമല പള്ളിയിൽ മലങ്കരസഭാ മാസികയുടെ കൗണ്ടർ പ്രവർത്തിക്കും ഒക്ടോബർ 30, 31, നവം. 1, 2 തീയതികളിൽ.

- വരിസംഖ്യ അടയ്ക്കാനും, പുതുക്കാനും, പരസ്യങ്ങൾ നൽകുവാനും കഴിയും.
- മലങ്കരസഭ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ വാങ്ങുവാൻ അവസരം ഉണ്ടായിരിക്കും.
- പ്രത്യേക കൗണ്ടറിൽ മലങ്കരസഭാ മാസിക സംബന്ധമായ പരാതികൾ എഴുതി നൽകുവാൻ കഴിയും.

ഭിന്ന ലിംഗക്കാർ സാമൂഹിക സമീപനം

2014 ഏപ്രിൽ 15ലെ സുപ്രീംകോടതി വിധിയോടെ മൂന്നാംലിംഗകാർക്ക് ഭരണഘടനാപരമായ സമത്വവും സ്വാതന്ത്ര്യവും പ്രഖ്യാപിക്കപ്പെട്ടു. ഒരിക്കൽ ഭിന്നലിംഗ വിഷയത്തിൽ നിശബ്ദത പാലിച്ചിരുന്ന സഭകളും എക്യുമെനിക്കൽ പ്രസ്ഥാനങ്ങളും ഇന്ന് ക്രിയാത്മക പഠനങ്ങളും ചർച്ചകളും വേദ വിശകലനങ്ങളും ആരംഭിച്ചു കഴിഞ്ഞു

■ **ഡീക്കൻ ജോബ് സാം മാത്യു, കൊടുമൺ**

ലൈംഗികതയും അതിന്റെ ആവിഷ്ക്കാരവും തികച്ചും വ്യക്തിപരമായ ആനുഭവമാണ്. എന്നാൽ അവ പൊതു വേദികളിൽ ചർച്ചചെയ്യുന്ന തലത്തിലേക്ക് ഇന്ന് മാറിയിരിക്കുന്നു. നാണവും അറപ്പും തിരസ്കരണവും പ്രകടിപ്പിച്ചിരുന്ന ഈ മേഖല ഇപ്പോൾ വേദശാസ്ത്ര, സാമൂഹിക ശാസ്ത്ര, വൈദ്യശാസ്ത്ര രംഗങ്ങളിൽ സംവാദങ്ങൾക്കിടയാക്കുന്നു. ശരീരത്തെക്കുറിച്ചുള്ള പുതിയ പഠനങ്ങളുടെ വെളിച്ചത്തിൽ, ശരീരം ജൈവികമായ നിർമ്മിതി മാത്രമല്ലെന്നും, സാംസ്കാരികവും സാമൂഹികവുമായ വ്യവഹാരങ്ങളുടെ ഉത്പന്നമാണെന്നും പുനർവായിക്കപ്പെടുന്നു. സ്ത്രീ-പുരുഷ ബന്ധമാണ് പ്രകൃതി സഹജമായി കരുതപ്പെടുന്നത്. ഗെ, ലെസ്ബിയൻ, ദ്വിലൈംഗിക, ഹിജഡ, ട്രാൻജന്റെർ മുതലായവർ ന്യൂനപക്ഷങ്ങളാണ്. സമൂഹത്തിലെ വ്യവസ്ഥാപിത ലൈംഗികതയിൽനിന്നും വ്യതിചലിച്ച ഇവരെ കുറിച്ച് ഇന്ന് ഏറെ സംവാദങ്ങൾ നടക്കുന്നു.

മനുഷ്യന്റെ വ്യവഹാരങ്ങളെ ദ്വന്ദ്വങ്ങളായി അടയാളപ്പെടുത്തുന്ന രീതിയിൽനിന്നും വ്യത്യസ്തമായി മൂന്നാമിടമാണ് ഭിന്ന ലൈംഗിതയുള്ളവർ രൂപീകരിക്കുന്നത്. ഹോർമോൺ ഉത്പാദനത്തിലെ വ്യത്യാസങ്ങളും തലച്ചോറിലെ ന്യൂറോണുകളുടെ വിനിമയ വ്യതിയാനങ്ങളുമാണ് ഭിന്ന ലിംഗക്കാരെ സൃഷ്ടിക്കുന്നത്. ശാരീരികവും മാനസികവുമായ മാറ്റങ്ങൾക്ക് കാരണമാകുന്ന ഈ പ്രവർത്തനങ്ങൾ മനുഷ്യ നിയന്ത്രണത്തിലല്ല. അതിനാൽ ഇത്തരം ആഭിമുഖ്യങ്ങളെ രോഗാവസ്ഥ (disorder or disfunction) എന്ന് വിശേഷിപ്പിക്കാനാവില്ല. എന്നാൽ ലൈംഗികതയെ സംബന്ധിച്ച് സാംസ്കാരിക മുൻവിധികൾ നിലനിൽക്കുന്നതിനാൽ ചിലതിനെ സ്വാഭാവികമെന്നും മറ്റ് ചിലതിനെ അശ്ലീലമെന്നും വിളിക്കുന്നു.

ഇന്ത്യയിൽ അരകോടിയിലധികവും കേരളത്തിൽ കാൽലക്ഷത്തോളവും ലൈംഗിക ന്യൂനപക്ഷത്തിൽ പെട്ടവരുണ്ടെന്നാണ് ഏകദേശ കണക്ക്. എന്നാൽ സ്വവർഗരതിക്കാരെക്കുറിച്ച് കണക്കുകൾ ലഭ്യമല്ല. ഭിന്നലിംഗചോദനകളെ ഇന്ത്യയിൽ നിയമവിരുദ്ധമായിട്ടാണ് കണ്ടിരുന്നത്. ഇവരെക്കുറിച്ച് മലയാളികൾ പരിചയപ്പെട്ടിട്ടുണ്ട്. മലയാള സാഹിത്യ രംഗത്ത് തകഴി, മാധവിക്കുട്ടി, എൻ.എസ് മാധവൻ, ഇന്ദുമേനോൻ, ബി. മുരളി മുതലായവർ വിമത ലൈംഗികതയെ വിശകലനം ചെയ്യുന്ന രചനകൾ നടത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ സാഹിത്യ രചനകൾ, സിനിമകൾ, ചിത്ര പ്രദർശനങ്ങൾ, പഠനങ്ങൾ എന്നിവ ധാരാളമായി ഇപ്പോൾ പുറത്തിറങ്ങുന്നു.

പ്രതിസന്ധികൾ, സങ്കീർണ്ണതകൾ

ഭിന്നലിംഗക്കാരുടെ ജനനത്തോടെ ആ കുട്ടിയും കുടുംബവും സമൂഹത്തിൽനിന്നും ഒറ്റപ്പെടുന്നു. അതിനാൽ മാതാപിതാക്കൾ ഇവരെ ഉപേക്ഷിക്കുകയോ ചിലപ്പോൾ കൊല്ലുകയോ ചെയ്യുന്നു. ചുരുക്കം ചില സാഹചര്യങ്ങളിൽ മാത്രമേ കുടുംബത്തിൽനിന്നും സംരക്ഷണം ലഭിക്കുന്നുള്ളു. പരിഹാസവും നിന്ദയും അവജ്ഞയുമാണ് സമൂഹം ചൊരിയുന്നത്. ഇന്ത്യയിലെ ജാതി, മത, വർഗ്ഗ അടിസ്ഥാനത്തിലുള്ള ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്ന സംവരണവും നിയമ പരിരക്ഷയും ഇവർക്ക് അന്യമാണ്. ആരാധനാലയങ്ങൾ ഉൾപ്പെടെയുള്ള പൊതു

ഇടങ്ങളിൽനിന്നും ഇവരെ അകറ്റി നിർത്തുന്നു (ജാതിഭേദം ഇക്കാര്യത്തിൽ ഇല്ല) വിവാഹം, പിതൃ സ്വത്തിന്മേലുള്ള അവകാശം, വിദ്യാഭ്യാസം, തൊഴിൽ, വൈദ്യ ചികിത്സ, സാമ്പത്തിക സുരക്ഷ എന്നിവയ്ക്കുള്ള സാഹചര്യങ്ങളും നിഷേധിക്കുന്നു.

മനുഷ്യൻ എന്ന പരിഗണന പോലും മിക്കയിടങ്ങളിലും ലഭിക്കാത്തതിനാൽ ജീവസന്ധാരണത്തിന് ഭിക്ഷാടനവും, ലൈംഗിക തൊഴിലും സ്വീകരിക്കേണ്ടിവരുന്നു. ഇവർക്ക് തൊഴിൽ നൽകാൻ മടിയുള്ളതിനാലും തൊഴിൽ ലഭിച്ചാൽതന്നെ വിവിധ പീഡനങ്ങളെ നേരിടേണ്ടി വരുന്നതിനാലും മറ്റ് ജീവിനോപാധികൾ തേടാൻ പ്രേരിതരാകുന്നു. ശരീരത്തിനും ജീവനും മേൽ നിരന്തര ഭയം നിലനിൽക്കുന്നതിനാൽ സ്വാഭിമാനത്തോടെ ജോലി ചെയ്യുന്നതിനോ, പൊതു ഇടങ്ങളിൽ സ്വതന്ത്രമായി സഞ്ചരിക്കുന്നതിനോ കഴിയുന്നില്ല. മാനസിക രോഗികളെന്നും അപൂർണ്ണ മനുഷ്യരെന്നും പാപത്തിന്റെ പരിണിത ഫലമെന്നും തെറ്റായി മുദ്രകുത്തപ്പെടുന്ന ഇവർ, പ്രതിരോധിക്കാൻ ശ്രമിക്കുമ്പോൾ പൊതു സമൂഹം ക്രൂരമായ വിവേചനത്തിനു തയ്യാറാകുന്നു. ജീവിതം മുഴുവൻ അനുഭവിക്കുന്ന മാനസിക ഭയം, ഒറ്റപ്പെടൽ, ഏകാന്തത, രോഗങ്ങൾ, അരക്ഷിതാവസ്ഥ എന്നിവയാൽ ചിലർ ആത്മഹത്യ ചെയ്യുന്നു. ഈ വിഷയത്തിലുള്ള ചർച്ച പൊതു സമൂഹത്തെ അസ്വസ്ഥമാക്കിയേക്കാം. എന്നാൽ പൊതു സമൂഹം സൃഷ്ടിച്ചിരിക്കുന്ന അബദ്ധ വേലികൾക്ക് ഇവ വെല്ലുവിളിയാണ്.

ക്രിയാത്മക നടപടികൾ അനിവാര്യം

ലൈംഗിക ന്യൂനപക്ഷങ്ങൾ നേരിടുന്ന അതിദാരുണമായ അതിക്രമങ്ങളും കീഴടക്കപ്പെടലും വിവേചനവും മുഖ്യധാര മാധ്യമങ്ങളുടെ ദൃഷ്ടിയിൽനിന്നും അന്യമാകുന്നു. എന്നാൽ തങ്ങളുടെ സംഘ ശക്തിയാലും സ്വത്വബോധത്താലും ആർജവത്വത്താലും ശബ്ദിക്കാനും സംഘടിക്കാനും ഇവർ തുടങ്ങിയപ്പോൾ മാധ്യമ ശ്രദ്ധ നേടി. നിയമ വ്യവസ്ഥയും ഭരണകൂടവും മാധ്യമങ്ങളും പൗര സമൂഹവും ഇന്ന് ഇവരെക്കുറിച്ച് അജ്ഞരല്ല. അനാസ്ഥയോടും തിരസ്കരണത്തോടും തുടർന്നുള്ള കാലത്ത് ഈ വിഷയത്തെ സമീപിക്കാനാവില്ല. തങ്ങളെ പാർശ്വവത്കരിക്കുകയും അവഗണിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നവർക്കു നേരെയുള്ള ഇവരുടെ പ്രതിഷേധങ്ങൾ ഉള്ളിലെ വേദനകളുടെ പ്രതിഫലനമാണ്. തങ്ങളുടെ സ്വത്വത്തെ കുറിച്ചുള്ള അവബോധം പൊതു ധാരയിലേക്ക് ധീരതയോടെ കടന്നുവരുന്നതിനും അവകാശങ്ങൾ നേടിയെടുക്കാനും പ്രേരണ നൽകുകയും ചെയ്യുന്നു.

ലൈംഗിക ന്യൂനപക്ഷങ്ങൾക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച പശ്ചാത്തലത്തിലാണ് സുപ്രീംകോടതി ഇവരുടെ കാര്യത്തിൽ ഇടപെട്ടത്. പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും ഈ വിഷയം ചർച്ചകൾക്കിടയാക്കി. 2014 ഏപ്രിൽ 15ലെ സുപ്രീംകോടതി വിധിയോടെ മൂന്നാംലിംഗകാർക്ക് ഭരണഘടനാപരമായ സമത്വവും സ്വാതന്ത്ര്യവും പ്രഖ്യാപിക്കപ്പെട്ടു. മൂന്നാം ലിംഗക്കാർ എന്ന പേരിൽ ഹിജറകൾക്ക് 1994 മുതൽ സമ്മതിദാന അവകാശമുണ്ട്. ഹിജഡ, അറവാണി എന്നീ പേരുകളിൽ അറിയപ്പെടുന്ന ഭിന്ന ലിംഗക്കാരുടെ ക്ഷേമത്തിനായി ഇന്ത്യയിലാദ്യമായി, കേരളവും തമിഴ്നാടും പദ്ധതി ആവിഷ്കരിച്ചു. ഭിന്നലിംഗക്കാരുടെ ലിംഗമാറ്റ ശസ്ത്രക്രിയ ഗവൺമെന്റ് ആശുപത്രികളിൽ സൗജന്യമായി നടത്താനുള്ള നിയമമായി. പാർപ്പിടം, സമ്മതിദാനാവകാശം, ഉന്നത വിദ്യാഭ്യാസത്തിനുള്ള സർക്കാർ കോളേജുകളിൽ സ്കോളർഷിപ്പ്, സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള സഹായം, തൊഴിൽ പരിശീലനം എന്നിവയും ക്ഷേമ പദ്ധതികളിൽ ഉൾപ്പെടുന്നു. ഇവർക്ക് അന്തസ്സോടും സ്വാതന്ത്ര്യത്തോടും ജീവിക്കാൻ വഴിയൊരുന്ന സാമൂഹിക സംഘടനകളും പ്രവർത്തകരും ഇന്നുണ്ട്.

സാമൂഹ്യ നിർമ്മിതമായ അരക്ഷിതാവസ്ഥയെ തരണം ചെയ്യാൻ ഭിന്ന ലിംഗക്കാരിൽ ചിലർ ധീരതയോടെ മുന്നോട്ട് വരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസം സാധ്യമല്ലാതിരുന്ന പശ്ചാത്തലത്തിൽനിന്ന് വിദ്യാഭ്യാസ അവസരങ്ങളും തൊഴിൽ ഇടങ്ങളിലെ സംവരണവും ഇന്ന് ലഭിക്കുന്നു. പൊതു സമൂഹത്തിന്റെ മുൻവിധികളെ പൊളിച്ചെഴുതുവാൻ ഈ വിഷയത്തിൽ വിജ്ഞാന സമ്പത്തും നിയമ പരിരക്ഷയും അവബോധ പ്രവർത്തനങ്ങളും ഉണ്ടാകണം. ദയയും കരുണയും സ്നേഹവും ഒപ്പം സമത്വവും സ്വാതന്ത്ര്യവുമാണ് ഇവർ ആഗ്രഹിക്കുന്നത്. അല്ലാതെ സഹതാപവും കണ്ണീരുമല്ല. പ്രസംഗങ്ങളിലോ, പുസ്തകങ്ങളിലോ മാത്രം ഒതുങ്ങാനാകാതെ സമൂഹത്തിന്റെ ആകമാനമുള്ള അപനിർമ്മാണത്തിന് ഈ വിഷയത്തിന്റെ സൂക്ഷ്മ തലങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നു. ജീവകാരുണ്യമോ, തൊഴിൽ സാധ്യതകളോ, സാമ്പത്തിക സുരക്ഷിതത്വമോ മാത്രമല്ല ഈ യത്നങ്ങളുടെ ആത്യന്തിക ലക്ഷ്യം. മറിച്ച് ഇതിനെയൊക്കെ മറികടക്കുന്ന സാംസ്കാരിക പരിവർത്തനമാണ്.

ആത്മീകവും മാനസികവും ശാരീരികവുമായ പൂർണ്ണത കൈവരിച്ച ഒരു മനുഷ്യനെയും നമുക്ക് കണ്ടെത്താനാവില്ല. എന്നാൽ നമ്മുടെ സങ്കല്പങ്ങളാൽ മെനഞ്ഞെടുത്ത വീക്ഷണത്തിൽ ഈ വിഷയത്തെ സമീപിക്കുമ്പോൾ യാഥാർത്ഥ്യ ബോധമില്ലാത്ത നിഗമനങ്ങളിലേക്ക് നാം എത്തുന്നു. പച്ചയായ ജീവിത യാഥാർത്ഥ്യവും നമ്മുടെ ചുറ്റുപാടുകളിലുള്ളതും എന്നാൽ നാം അറിഞ്ഞതായോ, കണ്ടതായോ നടിക്കാതെയിരിക്കുന്ന ഈ വിഷയത്തിൽ ക്രിയാത്മക സമീപനം ആവശ്യമായി വരുന്നു. ലൈംഗിക ന്യൂനപക്ഷങ്ങളെ ഏതുവിധേനയും അടിച്ചമർത്താം എന്ന് കരുതിയവർ നിയമ പരിരക്ഷയിലൂടെ തിരുത്തലിന് വിധേയമാക്കപ്പെടുന്നു.

ഉപസംഹാരം

ജാതി, മത, ലിംഗ, വർഗ, വംശ ഭേദങ്ങൾ കൂടാതെ ഏവർക്കും തുല്യമായി ജീവിക്കാൻ അവസരം ഒരുക്കുമ്പോഴാണ് സമത്വവും സമഭാവനയും ആവിഷ്ക്കരിക്കപ്പെടുന്നത്. സൃഷ്ടിച്ച എല്ലാറ്റിനെയും നല്ലതെന്ന് കണ്ട ദൈവം, വ്യത്യസ്തതകളെ സ്നേഹിക്കുന്നവനും പരിരക്ഷിക്കുന്നവനുമാണ്. എങ്കിൽ ഇവരും നമ്മുടെ സഹോദരങ്ങളാണെന്നും, അവരുടെ ആത്മത്തെ ബഹുമാനിക്കേണ്ട ഉത്തരവാദിത്വം നമ്മിലുണ്ടെന്നും ഓർക്കണം.

ഭിന്നലിംഗകരുടെ പ്രശ്നങ്ങളെ അനുഭാവപൂർവ്വം വീക്ഷിക്കാൻ സമൂഹവും സഭകളും തയ്യാറാകണം. ഇവരുടെ സ്വത്വബോധത്തെയും ചേതനയെയും ഊതികെടുത്താൻ ശ്രമിക്കുന്നത് പാപമാണ്. കപട സദാചാരത്തെ അകറ്റി, മനുഷ്യത്വവും മാനവിക മൂല്യങ്ങളും സമത്വവും നിറഞ്ഞ ദൈവരാജ്യ നിർമ്മിതിയിൽ ഏവരും പങ്കുചേരണം.

തിരുവചനത്തിന്റെയും സഭാപിതാക്കന്മാരുടെ പഠിപ്പിക്കലിന്റെയും സഭാപാരമ്പര്യങ്ങളുടെയും വെളിച്ചത്തിൽ ഈ വിഷയത്തിൽ ശ്രദ്ധാപൂർവ്വമായ തുടർ പഠനവും സംവാദവും അനിവാര്യമാണ്. ■



ഭിന്ന ലിംഗക്കാർ

വേദപുസ്തക സമീപനം

മനുഷ്യർ വ്യത്യസ്തരാണ് എന്നതിൽ രണ്ടു പക്ഷമില്ല. നിറം, പൊക്കം, താല്പര്യങ്ങൾ എന്നിവയിൽ മാത്രമല്ല അസ്തിത്വപരമായും പ്രകടനപരമായും വ്യത്യസ്തകളുണ്ട്. ഭിന്നലിംഗാവസ്ഥ മറ്റൊരു വ്യത്യസ്തത എന്നു മാത്രം. അതിന്റെ പേരിൽ അവരെ സ്വന്ത ഭവനത്തിലോ ജീവിക്കുന്ന സാമൂഹിക ചുറ്റുപാടിലോ ദൈവാലയത്തിലോ യാത്രാ വേളയിലോ ഒറ്റപ്പെടുത്തിക്കൂടാ.

■ **ഫാ. ഡോ. ജേക്കബ് മാത്യു കാരിച്ചാൽ**

ഭിന്നലിംഗരുടെ അസ്തിത്വം, അന്തസ്, അംഗീകാരം എന്നിവ സംബന്ധിച്ച് സംശയങ്ങളും സംവാദങ്ങളും ഉണ്ടാകുന്ന സാഹചര്യത്തിൽ, വേദപുസ്തകവും വേദശാസ്ത്രവും എന്തു പഠിപ്പിക്കുന്നു എന്ന് അന്വേഷിക്കേണ്ടതുണ്ട്.

1. മനുഷ്യശാസ്ത്രവും ഭിന്നലിംഗരും

മനുഷ്യനെ സംബന്ധിച്ച് വേദപുസ്തകം നല്കുന്ന സൂചന, മനുഷ്യൻ ദൈവ സ്വരൂപത്തിലും, സാദൃശ്യത്തിലും ആണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവകരം രൂപപ്പെടുത്തിയതും (ഉല്പ. 1:27) മൂക്കിൽ ജീവശ്വാസം ഊതിയതും (2:7) ആണ് മനുഷ്യന്റെ അസ്തിത്വവും മറ്റു സൃഷ്ടിയോടുള്ള താരതമ്യത്തിൽ അനന്യതയും അന്തസ്സും നല്കുന്നത്. സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ലാതെ ആന്തരികമോ ബാഹ്യമോ ആയ വ്യത്യാസങ്ങളാൽ മാറ്റി നിർത്തപ്പെടേണ്ടതല്ല എന്നാണ് മനുഷ്യ സൃഷ്ടി സംബന്ധമായ ദൈവശാസ്ത്ര വീക്ഷണം. 'ആണും പെണ്ണും എന്നില്ല' എന്നുള്ള വിവരണം, ദ്വന്ദ്വങ്ങൾ നല്കിയിട്ട് (ഉദാ: കിഴക്കും പടിഞ്ഞാറും, ആൽഫയും ഒമേഗയും, ഇരുളും വെളിച്ചവും) അതിനിടയിലുള്ള സകലത്തെയും ഉൾക്കൊള്ളുന്നു എന്ന രീതിയിൽ ശേമ്യ (semitic) ഭാഷാ പ്രയോഗം ചേർത്തതുമാകാം. അങ്ങനെയെങ്കിൽ ദ്വന്ദ്വങ്ങളിലെ രണ്ട് അതിരുകളെ പരാമർശിക്കുന്നതിലൂടെ അവയ്ക്കിടയിൽ വരുന്ന ചെറു വ്യത്യാസങ്ങളിലുള്ള സകലത്തെയും ഉൾക്കൊള്ളുന്നതുമാകാം. മഴവില്ലിനു സമാനമായി സകലത്തെയും ഉൾക്കൊള്ളുന്നതാണ് സൃഷ്ടിയും മനുഷ്യനും. വ്യത്യസ്തതകൾ അതിന്റെ ഭാഗം മാത്രമായേ വരികയുള്ളു (Rainbow community comprising every diversity). അതിനാൽ സ്ത്രീയും പുരുഷനും മാത്രമല്ല, ഭിന്നമായ ലിംഗപ്രത്യേകതകളുള്ളവരും ദൈവരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവയിലുണ്ട്.

മനുഷ്യൻ ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ തുടർച്ചയിൽ വരുന്ന ആശയമാണ് 'മനുഷ്യ സാഹോദര്യം'. ഒരേ ഉദരത്തിൽ നിന്ന് ഒരേ ഛായയിൽ സൃഷ്ടിക്കപ്പെട്ടവരിൽ ചിലർക്കു മാത്രം അവകാശപ്പെട്ടതാണോ 'സാദൃശ്യം'? ദൈവസാരാംശത്തിൽ നിന്ന് കുറച്ചുപേരെ അകറ്റി നിർത്താനാവുമോ? എല്ലാവരും ഒരുപോലെ ദൈവസൃഷ്ടം എന്ന ബോധ്യമാണ് സാഹോദര്യത്തിനടിസ്ഥാനം. (സദൃ. 16:4[a]; 17:5[b]; പുറ. 4:10-11).

2. ഭിന്നലിംഗർക്കുള്ള വേദവിലക്കുകൾ

പ്രകടമായ ഊനം അഥവാ ന്യൂനതയോ ബലഹീനതയോ ഉള്ളവരെ ഇസ്രായേല്യ സഭയിൽ നിന്നും (ആവ. 23:1) ലേവ്യ പൗരോഹിത്യത്തിൽ നിന്നും അകറ്റി നിർത്തിയിരിക്കുന്നു എന്ന് (ലേവ്യ 21:20) പഞ്ചഗ്രന്ഥ നിയമാവലി നിഷ്കർഷിച്ചിരുന്നു. അംഗഹീനരായവരെ പൊതുവെ സമൂഹ ആരാധനയിൽ നിന്നും അകറ്റി നിർത്തുന്നത് യിസ്രായേലിലെ പതിവായിരുന്നു (ലേവ്യ. 21:17-23). അതിൽ ഷണ്ഡരും ഉൾപ്പെട്ടിരുന്നു എന്നു മാത്രം. എന്നാൽ ആ നിയമം ഉടലെടുത്ത സാഹചര്യം സാംസ്ക്കാരികമായി പരിശോധിച്ചാൽ, അന്യ ദൈവ പ്രീതിക്കായി തങ്ങളുടെ ലിംഗം ഛേദിക്കുകയോ തകർക്കുകയോ ചെയ്യുന്ന

രീതിയുടെ പശ്ചാത്തലത്തിലാണ് ഇത്തരം നിയമം ഉടലെടുത്തത് എന്നു കാണാം.

3. പ്രത്യേക സ്ഥാനം കല്പിച്ചുള്ള അനുവാദങ്ങൾ

ആവർത്തന-പുരോഹിത നിയമങ്ങളിൽ ഷണ്ഡരെ ഒഴിവാക്കിക്കൊണ്ടുള്ളവ പിൽക്കാലത്ത് പാടെ നീക്കം ചെയ്തു എന്നു മാത്രമല്ല, അവർക്ക് പ്രത്യേക പരിഗണനയും നല്കിയിരിക്കുന്നു. പ്രധാനമായി രണ്ടു തരത്തിൽ ആ പ്രത്യേക പരിഗണന ശ്രദ്ധേയമാണ്.

1. മശിഹായുടെ വരവിങ്കൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് പ്രവചിക്കുന്നതിൽ (യെശ. 56:1-8), ഷണ്ഡൻ യഹൂദ സഭയിലെ താക്കോൽ സ്ഥാനം അലങ്കരിക്കണമെന്ന വിവരണം. ആലയം ഉൾപ്പെടെയുള്ള നേതൃത്വത്തിലേക്ക് അവർ വരുമെന്നും (വാ. 5,10). ശാബത്, മോശൈക നിയമങ്ങൾ, യഹോവയുടെ പർവ്വതം, ബലിപീഠം, യാഗം എന്നിവയുടെ നിർവ്വഹണത്തിൽ അവർ ചുമതല വഹിക്കും എന്നും യെശയ്യാവ് പ്രവചിച്ചിരുന്നു (56:1-8).

2. രാജാക്കന്മാർ കല്പിച്ചനുഗ്രഹിച്ച് പ്രത്യേക ചുമതലകളിലേക്ക് ഷണ്ഡരെ നിയോഗിക്കുന്ന അയൽ രാജ്യങ്ങളുടെ രീതി യിസ്രായേലും തുടർന്നു വന്നു എന്നു കാണുന്നു. അങ്ങനെ അവർ അന്തപ്പുര കാവല്ക്കാരും (2 രാജാ. 9:32; യിരെ. 41:16) ഭടന്മാരുടെ നിയന്ത്രണം ഏറ്റെടുത്തവരും (1 ശമു. 8:15; 22; 2 രാജാ. 24:12-13) ആയിരുന്നു.

3. ഷണ്ഡരുടെ സാന്നിധ്യം രാജകൊട്ടാരത്തിൽ സ്ഥിരമായുണ്ടായിരുന്നു എന്ന് പുരാതന ചരിത്രകാരനായ ജോസീഫീസ് രേഖപ്പെടുത്തിയിരിക്കുന്നു. ജ്ഞാന ഗ്രന്ഥത്തിൽ (പഴയ-പുതിയ ഇടക്കാല ഗ്രന്ഥം, widsom) വന്ധ്യ, ഷണ്ഡൻ, ചെറുപ്രായത്തിൽ മരണപ്പെടുന്നവർ എന്നിവരെക്കുറിച്ച് പരാമർശിക്കുന്നിടത്ത് ഷണ്ഡനായിരിക്കുന്നതിൽ അനുഗ്രഹത്തിനു കുറവില്ല എന്നുമാത്രമല്ല, *സ്വകരങ്ങൾകൊണ്ട് നിയമത്തിനു വിരുദ്ധമായതൊന്നും ചെയ്തിട്ടില്ലാത്തവനും കർത്താവിന് എതിരെ ദുരാലോചന നടത്താത്തവനുമായ ഷണ്ഡനും അനുഗ്രഹീതനാണ്* (ജ്ഞാനം 3:14) എന്നാണ് നിരീക്ഷിച്ചിരിക്കുന്നത്.

4. പുതിയ നിയമ പരാമർശം അനുസരിച്ച് (മത്താ. 9:12) ഒരു നിയോഗിത വർഗ്ഗമായി ഹെരോദിന്റെ കൊട്ടാരത്തിൽ ഷണ്ഡർ ഉണ്ടായിരുന്നു. എന്നാൽ ഈ വേദഭാഗം തെറ്റായോ അമിതാവേശത്തോടെയോ സ്വീകരിച്ച ഒരിഗൺ (മരണം എ.ഡി. 254) എന്ന സഭാ പിതാവ് സ്വയം ലിംഗ ഛേദത്തിന് വിധേയനാകുകയും (castration) അത് ഏറെ വിവാദങ്ങൾക്ക് കാരണമാകുകയും ചെയ്തിട്ടുണ്ട്.

4. ഉപസംഹാരം

ഭിന്നലിംഗക്കാരോടുള്ള സമീപനം കുറച്ചുകൂടെ അവർക്ക് അനുകൂലമായും അന്തസ്സ് അംഗീകരിക്കുന്നതായും മാറേണ്ടതുണ്ട്. മനുഷ്യർ വ്യത്യസ്തരാണ് എന്നതിൽ രണ്ടു പക്ഷമില്ല. നിറം, പൊക്കം താല്പര്യങ്ങൾ എന്നിവയിൽ മാത്രമല്ല അസ്തിത്വപരമായും പ്രകടനപരമായും വ്യത്യസ്തകളുണ്ട്. ഭിന്നലിംഗാവസ്ഥ മറ്റൊരു വ്യത്യസ്തത എന്നു മാത്രം. അതിന്റെ പേരിൽ അവരെ സ്വന്ത ഭവനത്തിലോ ജീവിക്കുന്ന സാമൂഹിക ചുറ്റുപാടിലോ ദൈവാലയത്തിലോ യാത്രാ വേളയിലോ ഒറ്റപ്പെടുത്തിക്കൂടാ. അത് നിയമം മൂലം വിലക്കിയിട്ടുണ്ട് എന്നറിയുന്നതും സഹകരിക്കുന്നതും യുക്തം. മറിച്ചായാൽ അത് കുറ്റകരമായ പെരുമാറ്റം ആകുകയും ചെയ്യും. തങ്ങൾക്കു കൂടി മനശാന്തിയോടെ ആരാധിക്കുവാനുള്ള ഇടമായി ദൈവാലയങ്ങൾ മാറ്റപ്പെടണം എന്ന് ഭിന്നലിംഗർ ആഗ്രഹിക്കുന്നത് അധികമല്ല. സമൂഹ മനസ്സാക്ഷി ഉണരട്ടെ. ■

പൗരോഹിത്യ സുവർണ്ണ ജൂബിലി



പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിലായ ഫാ. എൻ.എസ്. ഫിലിപ്പ്. പുത്തൻകാവ് നെടുംപറമ്പിൽ സ്കറിയ അന്നമ്മ ദമ്പതികളുടെ മകനായി 1936 നവം. 11-ന് ജനിച്ചു. 1965 ഫെബ്രുവരി 28-ന് കോറൂയോ പട്ടവും 1966 ആഗസ്റ്റ് 19-ന് കശീശപട്ടവും സ്വീകരിച്ചു. മലബാർ ഭദ്രാസനത്തിൽ 48 വർഷമായി 12 പള്ളികളിൽ സേവനമനുഷ്ഠിച്ചു.

സഹധർമ്മിണി: നെല്ലിമല വാഴുവേലിൽ ശോശാമ്മ. മക്കൾ: ആനി, മേരി, സക്കറിയ, എലിസബത്ത്. മരുമക്കൾ: സണ്ണി ജോസഫ്, ജേക്കബ് ജോർജ് (അദ്ധ്യാപകൻ), സീമ വർഗ്ഗീസ് (ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, കോഴിക്കോട്) ബിന്ദു ഉമ്മൻ.

കേരള സർക്കാർ മികച്ച ജില്ലാ മണ്ണു സംരക്ഷണ ഓഫീസർക്ക് ഏർപ്പെടുത്തിയ *ക്ഷോണിപ്രിയ* അവാർഡിന് അർഹയായ തൃശൂർ ചെമ്പുക്കാവ് ഇടവകാംഗമായ മറിയാമ്മ കെ. ജോർജ്.

നിരണം മട്ടയ്ക്കൽ കാരിക്കോട്ട് പരേതരായ ജേക്കബ് ജോർജിന്റെയും അന്നമ്മ തൊമ്മിയുടെയും മകളും പുതുപ്പള്ളി ഇഞ്ചക്കാട്ട് ചാലുങ്കൽ ഡോ. ഈ.കെ. കുര്യന്റെ ഭാര്യയുമാണ്.

അഭിനന്ദനങ്ങൾ....



ആയിരം രൂപയുടെ നൂറ് വരിക്കാരെയും മറ്റ് അനേകരേയും മലങ്കരസഭ മാസികയുടെ വരിക്കാരാക്കുന്നതിന് പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കുന്ന മലങ്കരസഭ മാസികയുടെ ഏറ്റവും സീനിയർ കറസ്പോണ്ടന്റ് എ.വി. കുരുവിള (A-50/201 Anubandha, Gokuldham, Georgeon (E), Mumbai, 400063, Ph: 022-28409723). മലങ്കരസഭയ്ക്ക് ചെയ്യുന്ന എല്ലാ സേവനങ്ങൾക്കും അഭിനന്ദനങ്ങളും ആശംസകളും. കഴിഞ്ഞ പതിനഞ്ചു വർഷം തുടർച്ചയായി മലങ്കര അസ്സോസിയേഷൻ മെമ്പറുമാണ്.

ക്യംതാ നമസ്ക്കാരം: സ്ത്രീ ആദ്ധ്യാത്മികത

യേശുതമ്പുരാന്റെ കബറിങ്കൽ ചെന്ന സ്ത്രീകൾ പക്വമതികളാകണമെന്നും ഉത്തരവാദിത്വത്തോടെ ക്രിയാത്മകമായി ചിന്തിക്കുകയും പ്രതികരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നുമുള്ള സന്ദേശം ഉത്തമ വിശ്വാസത്തിന്റെ മാതൃകകളായ ഈ സ്ത്രീകളിൽ നിന്ന് നമുക്ക് ലഭിക്കുന്നുണ്ട്.

പ്രൊഫ. മേഴ്സി ജോൺ
(സെ. തോമസ് സെമിനാരി, നാഗ്പൂർ)

ഉയിർപ്പിന്റെ വലിയ സന്തോഷവും ഘോഷങ്ങളും അതിനു ദൃക്സാക്ഷികളായവരുടെ ഓർമ്മകളും സാക്ഷ്യവും നിറഞ്ഞ ക്യംതാ നമസ്ക്കാരം തീർച്ചയായും നമ്മെ നിത്യസന്തോഷത്തിന്റെ പാരമ്യത്തിലേക്ക് ഉയർത്തുന്നതാണ്. ഉയിർത്ത കർത്താവിനെ നേരിൽ കാണാൻ ഭാഗ്യം ലഭിച്ച സ്ത്രീകളെയും ശിഷ്യന്മാരെയും പേരുപറഞ്ഞ് ഓർക്കുകയും അവരുടെ അനുഭവങ്ങൾ മനോഹരമായി വിവരക്കുകയും ചെയ്യുന്ന ഗീതങ്ങളും പ്രൊമിയോനുകളും എത്രോയുമൊക്കെ നമ്മെ ഓർമ്മയുടെ വർത്തമാനകാലത്തിലേക്ക് എത്തിക്കുന്നവളുണ്ട്. നമ്മുടെ സാധാരണ ചിന്തയിൽ നിന്നു വ്യത്യസ്തമായി കർത്താവിന്റെ പ്രത്യക്ഷതയ്ക്ക് ആദ്യം സാക്ഷ്യം വഹിച്ച സ്ത്രീകളെയും അവരുടെ അനുഭവങ്ങളെയും പരാമർശിക്കുന്നതിന് ഒട്ടും തന്നെ അയിത്തം കാണിക്കാത്ത സഭയുടെ ഈ പാരമ്പര്യത്തെയും അതിനു നൽകുന്ന അർത്ഥ ഗൗരവത്തെയും ആലോചനയ്ക്കു വിധേയമാക്കുകയാണിവിടെ.

1. ഉയിർപ്പിന്റെ സ്ത്രീ സാക്ഷികൾ

യെഹൂദാ സമൂഹത്തിൽ സ്ത്രീയുടെ സാക്ഷ്യത്തിന് പ്രത്യേക പ്രാധാന്യമൊന്നുമില്ല. എന്നാൽ അതിനു വിരുദ്ധമായാണ് നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിന് സ്ത്രീകൾ സാക്ഷികളാക്കുന്നത്. അത് എന്തുകൊണ്ട് എന്ന ചോദ്യത്തിനുള്ള ഉത്തരം സുവിശേഷങ്ങളിൽ നിന്ന് വ്യക്തമാണ്. യേശുകർത്താവിനെ യഥാർത്ഥമായി അനുഗമിക്കുകയും സ്നേഹിക്കുകയും ദൗത്യനിർവഹണത്തിൽ പങ്കാളികളാകുകയും ചെയ്തവരാണവർ.

കർത്താവിന്റെ കബറിങ്കൽ ചെന്ന ഈ സ്ത്രീകളെ വളരെ പ്രാധാന്യത്തോടെയാണ് സഭ കാണുന്നത്. അവരുടെ പേരുകളും അനുഭവങ്ങളും പലപ്രാവശ്യം വരുന്നത് ഏറെ ചിന്തനീയമാണ്. ഇവർ ആരൊക്കെയായിരുന്നുവെന്നും എത്രപേർ ഉണ്ടായിരുന്നുവെന്നും കൃത്യമായി പറയുവൻ കഴിയുകയില്ലെങ്കിലും അവരെല്ലാം തന്നെ ഗലീലക്കാരായിരുന്നുവെന്ന് വ്യക്ത

മാണ് (മത്താ. 28:1, മർക്കൊ. 16:1, ലൂക്കോ. 23:55, 24:10, യോഹ. 20:1). അവൻ പലസ്തീന്റെ വടക്കു ഭാഗത്തു നിന്ന് കർത്താവിന്റെ കൂടെ ബഹുദൂരം സഞ്ചരിക്കുകയും തെക്ക് യെരുശലേമിൽ എത്തി കർത്താവിന്റെ കഷ്ടാനുഭവങ്ങൾക്കും മരണത്തിനും സാക്ഷികളായവരുമാണ് മഗ്ദലക്കാരി മറിയ, യാക്കോബിന്റെയും യോസയുടെയും അമ്മ മറിയ, ക്ലെയോപ്പാവിന്റെ ഭാര്യ മറിയ, സെബദിപുത്രന്മാരുടെ അമ്മ, ഹെരോദാവിന്റെ കാര്യവിചാരകനായ ക്രൂസയുടെ ഭാര്യ യോഹന്ന എന്നിവർ ഇവരിൽ ചിലരാണ് (മത്താ. 27:56; 28:1, മർക്കൊ. 15:40,47,16:1; ലൂക്കൊ. 24:10, 23:55, യോഹ. 19:25). ക്യംതാ നമസ്കാരത്തിൽ ഇവരുടെയെല്ലാം പേരുകൾ എടുത്തുപറയുന്നില്ലെങ്കിലും കർത്താവിന്റെ പ്രത്യക്ഷത ആദ്യം ഉണ്ടായ മഗ്ദലക്കാരി മറിയയെ പ്രത്യേകം പരാമർശിക്കുന്നുണ്ട്. നമസ്കാരക്രമത്തിൽ ഉയിർപ്പിനു സാക്ഷികളായ ഈ സ്ത്രീകളെക്കുറിച്ച് പരാമർശിക്കുന്ന ഭാഗങ്ങളും അവർക്കു നൽകിയിരിക്കുന്ന വിശേഷണങ്ങളും പരിശോധിക്കുന്നത് സഭ എത്ര പ്രാധാന്യത്തോടെയാണ് ഈ സ്ത്രീകളെയും അവരുടെ സാക്ഷ്യത്തേയും കണ്ടിരുന്നത് എന്ന് മനസ്സിലാക്കുന്നതിന് സഹായിക്കും.

2. വിവരണങ്ങളും വിശേഷണങ്ങളും

സൗരഭ്യകൂട്ടുവഹിച്ചവർ

സ്ത്രീകൾ യേശുവിന്റെ കബറിങ്കൽ ചെയ്യുന്നത് കർത്താവിന്റെ ശരീരത്തിൽ സുഗന്ധവ്യഞ്ജനക്കൂട്ടുകൾ പൂശി ശവസംസ്ക്കാര ചടങ്ങുകൾ പൂർത്തീകരിക്കാനായിരുന്നുവെന്ന് സൂചിപ്പിക്കുന്ന വേദഭാഗങ്ങളുണ്ട് (മർക്കൊ. 16:1,2, ലൂക്കോ. 24:1). സന്ധ്യാനമസ്ക്കാരത്തിന്റെ പ്രാരംഭ ഭാഗത്തെ എനിയോനോയിൽ സൗരഭ്യക്കൂട്ടുമെടുത്തു സ്ത്രീകളെ പരാമർശിച്ചതിനുശേഷമാണ് ശ്ലീഹന്മാരായ യോഹന്നാന്റെയും കീപ്പായുടെയും സന്തോഷത്തെ സഭ പാടുന്നത്. എന്നാൽ പ്രഭാത നമസ്കാരത്തിൽ ആദ്യഭാഗത്ത് ശിഷ്യന്മാരെ മാത്രമേ നാം കാണുന്നുള്ളുവെങ്കിലും, ഏശായാ 42:10:1-13, 45:8 വായനയ്ക്കുശേഷമുള്ള എനിയോനോ, സ്ത്രീകളെ മാത്രം പരാമർശിക്കുന്നതും അവരിലൂടെയാണ് ശ്ലീഹന്മാരായ ശെമവോനും കീപ്പായും കർത്താവിന്റെ ഉയിർപ്പിനെ അറിഞ്ഞതെന്ന് പറയുകയും ചെയ്തു. കർത്താവിനോടുള്ള ഈ സ്ത്രീകളുടെ അടുപ്പവും സ്നേഹവും സമർപ്പണവും തിരിച്ചറിഞ്ഞ പിതാക്കന്മാർ സുവിശേഷങ്ങളിൽ നൽകുന്ന അതേ പ്രാധാന്യത്തോടെയാണ് വരികൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

പ്രഭാതത്തിലെ എത്രോയിൽ സുഗന്ധ പരിമളാദികളോടുകൂടെ വന്ന സ്ത്രീകളെപ്പോലെ സൽക്രിയകളാകുന്ന നല്ല വസ്ത്രങ്ങളോടും കുറ്റമില്ലാത്ത നടപടികളാകുന്ന അലങ്കാരങ്ങളോടും കൂടെ സ്തോത്രങ്ങളാൽ ഞങ്ങൾ തിരുമുമ്പാകെ വരുമാറാകണമേ എന്ന് പുരോഹിതർ പ്രാർത്ഥിക്കുന്നതും ശ്രദ്ധേയമാണ്. ഈ സുഗന്ധദ്രവ്യങ്ങളുടെ സൗരഭ്യം പോലെ അവരുടെ ജീവിതങ്ങളും ദൈവത്തിന് സൗരഭ്യമുള്ളതും പ്രസാദകരവുമായിരുന്നുവെന്നും നമ്മുടെ ജീവിതവും അങ്ങനെയായിത്തീരണമെന്നും അല്പം മാറിചിന്തിക്കുന്നതും ഇവരുടെ പ്രാധാന്യത്തെ മനസ്സിലാക്കുന്നതിന് സഹായകരമാണ്.

ശിഷ്യകൾ

ശിഷ്യസ്ത്രീകൾ എന്ന സന്ധ്യാനമസ്ക്കാരത്തിലെ ആദ്യത്തെ എനിയോനോയിലെ പ്രയോഗം ശ്രദ്ധിക്കുക. ഈ പ്രയോഗം തുടർന്നുവരുന്ന യാമപ്രാർത്ഥനകളിലും ഗീതങ്ങളിലും കാണുന്നുണ്ട്. ശിഷ്യ എന്ന പദം തന്നെ അന്യമായിരുന്ന ഒരു കാലഘട്ടത്തിലെ സ്ത്രീകളെ ശിഷ്യ എന്ന് വിശേഷിപ്പിന്നത് വളരെ പ്രാധാന്യമുള്ള ഒന്നാണ്. റബ്ബിമാരുടെ കാലഘട്ടത്തിൽ ഒരു റബ്ബിക്ക് ശിഷ്യകൾ സാധാരണമല്ലായിരുന്നു. പുതിയ നിയമത്തിൽ *മത്തേറ്റ്സ്* എന്ന ഗ്രീക്കുപദം സ്ത്രീക്കായി ഉപയോഗിക്കുന്നത് തബീഥയ്ക്കുമാത്രമാണ് (അപ്പൊ. 9:36). എന്നാൽ കർത്താവിന്റെ കബറിങ്കൽ ചെന്ന ഈ സ്ത്രീകളും കർത്താവിന്റെ ശിഷ്യകളായിരുന്നുവെന്ന് സഭ അംഗീകരിക്കുകയും പാടുകയും ചെയ്യുന്നു.

കർത്താവിന്റെ പരസ്യശുശ്രൂഷാകാലത്ത് പന്ത്രണ്ടു ശ്ലീഹന്മാരെ കൂടാതെ കർത്താവിൽ വിശ്വസിക്കുകയും പിന്തുടരുകയും ചെയ്തവരെ *ശിഷ്യർ* എന്നു പൊതുവെ പറയുന്ന രീതി സുവിശേഷത്തിലുണ്ട്. ഇതിൽ സ്ത്രീകളും പുരുഷന്മാരും ഉണ്ടായിരുന്നു. *അനുഗമിക്കുക* എന്ന വാക്ക് ശിഷ്യത്വത്തോടു ബന്ധപ്പെടുത്തിയാണ് സുവിശേഷങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത്. ഇത് സ്ത്രീക്കുവേണ്ടിയും ഉപയോഗിക്കുന്നുണ്ട്. കർത്താവിനെ ഗലീലയിൽ നിന്ന് അനുഗമിച്ച

ജൂബി തോമസ് പുന വരച്ച വി. ദൈവമാതാവിന്റെ ഐക്കൺ

ഈ സ്ത്രീ (ലൂക്കോ. 24:55) കർത്താവിലും ശിഷ്യന്മാരുടെയും കൂടെ സഞ്ചരിച്ചുവെന്നും ദൈവരാജ്യപ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നുവെന്നും വി. ലൂക്കോസ് സബറോനോ പറയുന്നുണ്ട് (8:1-3). മാത്രമല്ല, തങ്ങളുടെ വസ്തുവകകൊണ്ട് കർത്താവിനെ ശുശ്രൂഷിച്ചവരാണിവർ. യേശുതമ്പുരാന്റെ പരസ്യശുശ്രൂഷയിലും ക്രൂശീകരണത്തിന്റെ ദൃക്സാക്ഷികളായും, കബറിങ്കലും *അനുഗമിച്ച* ഈ സ്ത്രീകളെ സഭ *ശിഷ്യകൾ* എന്നു വിളിക്കുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ക്യംതാ നമസ്ക്കാരത്തിൽ പങ്കുചേരുന്ന ഓരോ സ്ത്രീയും ഈ ശിഷ്യകളുടെ പാതയും അവരുടെ സന്തോഷവും അർപ്പണവും സ്വന്തം ജീവിതത്തിൽ അനുഭവവേദ്യമാക്കുന്നു ഈ പാരമ്പര്യം അടുത്ത തലമുറയ്ക്ക് കൈമാറുന്നതും സഭയിലെ സജീവ പങ്കാളിത്തത്തിനും പക്വതയുള്ള ആദ്ധ്യാത്മിക അനുഭവങ്ങൾക്കും വഴിതെളിക്കും.

പരിപാകതയുള്ള സ്ത്രീകൾ

യേശുതമ്പുരാന്റെ കബറിങ്കൽ ചെന്ന സ്ത്രീകളെ പരിപാകതയുള്ളവരായിട്ടാണ് സഭ വീക്ഷിക്കുന്നത്. ഈ സ്ത്രീകളുടെ പ്രവർത്തനങ്ങളും

സന്തോഷവും വെറും വൈകാരിക പ്രകടനങ്ങളല്ലായിരുന്നുവെന്നും എക്കാലത്തെയും സ്ത്രീക്ക് അനുകരിക്കത്തക്ക മാതൃകകളായിരുന്നുവെന്നും ഓർമ്മപ്പെടുത്തുന്ന വാക്കാണിത്. പക്വമതികളെ സഭ എന്നും അംഗീകരിക്കും എന്ന സൂചന ഇതിൽ നിന്നു ലഭിക്കുന്നുണ്ട്. സ്ത്രീകൾ പക്വമതികളാകണമെന്നും ഉത്തരവാദിത്തത്തോടെ ക്രിയാത്മകമായി ചിന്തിക്കുകയും പ്രതികരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നുമുള്ള സന്ദേശം ഉത്തമ വിശ്വാസത്തിന്റെ മാതൃകകളായ ഈ സ്ത്രീകളിൽ നിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. ഇവർ സ്ത്രീകൾക്കുമാത്രമല്ല, പുരുഷന്മാർക്കും സഭയ്ക്ക് ആകമാനവും അനുകരിക്കത്തക്ക മാതൃകകളാണെന്ന സത്യത്തെ പ്രഭാതത്തിന്റെ എത്രോയിൽ നാം കാണുന്നുണ്ട്. "ആ സ്ത്രീകളെപ്പോലെ ഞങ്ങൾ നിന്നെ കണ്ട് ആനന്ദിക്കുകയും നിന്റെ ദിവ്യകാലുകൾ പിടിച്ച് വന്ദിക്കുകയും ചെയ്യുവാൻ ഇടയാക്കണമേ" എന്ന് പ്രാർത്ഥിക്കുന്നത് നോക്കുക. മാത്രമല്ല, രാത്രി നമസ്ക്കാരത്തിന്റെ ഒരു കോലോയിൽ "രക്ഷാകരനേ നിന്റെ മുഖം കാൺമതിനു വിരോധിക്കല്ലേ നിന്നുത്ഥാനം കണ്ടാ സ്ത്രീവർഗ്ഗത്തോടടിയാർ മണവറയുള്ളിൽ പുക്കാനന്ദിപ്പാറാകേണം" എന്നു നാം പാടുന്നതും ശ്രദ്ധിക്കുക.

4. മാലാഖമാരുടെ പ്രത്യക്ഷതയും സന്ദേശവും, ദൗത്യവും ലഭിച്ചവർ.

വെള്ളവസ്ത്രം ധരിച്ച ദൂതന്മാരുടെ പ്രത്യക്ഷതയും അവർ സ്ത്രീകളോട് അറിയിച്ച കർത്താവിന്റെ ഉത്ഥാനവും വളരെ ഭംഗിയായി ചിട്ടപ്പെടുത്തിയിരിക്കുന്നു. 'ഇന്നാൾ നിൻ കബറിങ്കൽ...' എന്നു തുടങ്ങുന്ന ഗീതം ഏറെ ശ്രദ്ധേയമാണ്. ദൈവദൂതന്മാരെ നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ സ്ത്രീകൾക്ക് ഭാഗ്യമുണ്ടായി എന്നത് എടുത്തുപറയേണ്ട മറ്റൊരു വസ്തുതയാണ്. വെള്ളവസ്ത്രം ധരിച്ച ദൂതന്മാർ തിരിച്ചറിയാൻ പറ്റാത്തവിധം സാധാരണക്കാരെപ്പോലെ സ്ത്രീകളോടു സംസാരിച്ചത് അവരെ ഭയചകിതരാക്കാതിരിക്കാനായിരിക്കണം.

സ്വർഗ്ഗീയരെ കാണുവാൻ സാധിച്ച സ്ത്രീകൾക്ക് അതിലേറെ സന്തോഷപ്രദവും സൗഭാഗ്യകരവുമായ വാർത്തയാണ് അവർ അറിയിച്ചത് ക്യംതാ നമസ്ക്കാരത്തിലുടനീളം ഈ സന്തോഷം ഒരു ഘോഷമായി നമ്മുടെ കാതുക

മണവാട്ടിയെ എതിരേല്പാൻ...



■ ഫാ.ഡോ.റ്റി.ജെ. ജോഷ്വ

സുറിയാനി വേദപുസ്തകത്തിൽ: "സ്വർഗ്ഗരാജ്യം മണവാളന്റെയും മണവാട്ടിയുടെയും എതിരേല്പിനായിട്ട്, ദീപയഷ്ടികൾ എടുത്തുകൊണ്ട് പുറപ്പെട്ട പത്തു കന്യകമാർക്കു സദൃശമായിരിക്കും (മത്താ. 25:1) എന്നാണുള്ളത്. കണിയാംപറമ്പിലച്ചന്റെ പ്ശീത്താ ബൈബിളിന്റെ (സുറിയാനി) പരിഭാഷ കാണുക. മാത്രമല്ല, സ്ത്രീകളുടെ ശവ സംസ്ക്കാരത്തിൽ വായിക്കുന്ന ഏവൻഗേലിയോൻ ഭാഗം പത്തുകന്യകമാരെക്കുറിച്ചുള്ള ഉപമയാണ് (മത്താ. 25:1-13) ആ ശുശ്രൂഷക്രമത്തിലും "മണവാട്ടിയുടെയും" എതിരേൽപ്പിന്നായിട്ടാണ് എന്നാണ്. ഇന്നു ലഭ്യമായ ഗ്രീക്കു ബൈബിളിൽ (അതാണല്ലോ മൂലം) "മണവാളനെ" എതിരേല്പാനായി പുറപ്പെട്ടു എന്നു മാത്രമേയുള്ളൂ. 'മണവാട്ടി' അവിടെ കടന്നു വരുന്നില്ല. സുറിയാനി ഭാഷ്യം ന്യായീകരിക്കുന്നവരുണ്ട്. അവർ ചൂണ്ടിക്കാണിക്കുന്നത് പുരാതനമായ ഗ്രീക്കു കയ്യെഴുത്തു പ്രതിയാണ് സുറിയാനി ഭാഷ്യത്തിന്റെ നിദാനമെന്നും അതുകൊണ്ട് അതിനെ ചോദ്യം ചെയ്യാതെ അംഗീകരിക്കണമെന്നുമാണ്. സുറിയാനിയോടുള്ള അന്ധമായ പ്രതിപത്തി എന്നതിൽ കവിഞ്ഞ് അതിനു സാധൂകരണമില്ല.

എന്തുകൊണ്ട് സുറിയാനി

ളിൽ എത്തുമ്പോൾ അവരനുഭവിച്ച സന്തോഷത്തിന്റെ മാറ്റ് ഒട്ടും കുറയാതെ തന്നെ നമുക്കും അനുഭവിച്ചറിയുവാൻ ഇടയാകുന്നുണ്ട്. ഈ സന്തോഷം ഒരിക്കലും അടക്കി വയ്ക്കുവാൻ പറ്റുന്നതല്ല. അതു മറ്റുള്ളവരോട് പറയാനുള്ളതാണ്. അതിൽ ദൂതന്മാരും കർത്താവു തന്നെയും നല്കുന്ന നിർദ്ദേശവും (മത്താ. 28:7-10, യോഹ. 20:17,18) തിടുക്കവും അതിനോടുള്ള സ്ത്രീകളുടെ ക്രിയാത്മക പ്രതികരണവും വളരെ മനോഹരമായി നമസ്ക്കാരക്രമത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. "നാഥാ നിന്നുത്ഥാനം ദൂതർക്കേകുന്നാനന്ദം.. ഇതുനാരികൾ ചൊന്നറിവായതിനാൽ" എന്ന ഭാഗവും. താനവളെ മറിയാമേയെന്നാ: ഓടിപ്പോയുടനവളറിയിച്ചാൽ" എന്ന ഭാഗവും കർത്താവിന്റെ ഉത്ഥാനത്തെ സ്ത്രീകളാണ് ശിഷ്യന്മാരെ അറിയിച്ചത് എന്ന വസ്തുതയും അതിന് കാണിച്ച ഉത്സാഹവും വിവരിക്കുന്നതാണ്. കർത്താവ് ഉയിർത്തുവെന്നും മരണത്തെ തോൽപ്പിച്ചുവെന്നും നമ്മെ വീണ്ടെടുത്തുവെന്നും പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ആ നിത്യ സ്നേഹത്തിലേക്ക് നമ്മെ ക്ഷണിക്കുന്നുവെന്നുമുള്ള സന്തോഷത്തിന്റെ വാർത്ത നിറഞ്ഞ മനസ്സിന് എങ്ങനെയാണ് ഈ ഭാരതത്തിലെ മറ്റു സഹോദരങ്ങളോട് ഈ വലിയ സന്തോഷത്തെക്കുറിച്ച് പറയാതിരിക്കുവാൻ പറ്റു.

കർത്താവിനെ ആരാധിച്ച സ്ത്രീകൾ

പ്രഭാതത്തിന്റെ എത്രോയിൽ ആ സ്ത്രീകളെപ്പോലെ ഞങ്ങൾ നിന്നെ കണ്ട് ആനന്ദിക്കുകയും നിന്റെ ദിവ്യകാലുകൾ പിടിച്ച് വന്ദിക്കുകയും ചെയ്യുവാൻ ഇടയാക്കണമേ എന്ന് പുരോഹിതൻ പ്രാർത്ഥിക്കുന്നുണ്ട്. കർത്താവിന്റെ ഉത്ഥാനം ശിഷ്യന്മാരോട് അറിയിക്കാൻ പോയ സ്ത്രീകൾക്ക് വഴിയിൽ കർത്താവ് പ്രത്യക്ഷപ്പെടുന്ന സംഭവമാണ് ഈ പ്രാർത്ഥനയ്ക്ക് നിദാനം (മത്താ. 28:9). കുമ്പിട്ട് ആരാധിക്കുന്ന നമ്മുടെ സഭയുടെ പാരമ്പര്യത്തെ സാധൂകരിക്കുന്ന

ഭാഷ്യത്തെ അംഗീകരിക്കാൻ കഴിയുന്നില്ല എന്നു ചൂണ്ടിക്കാണിക്കട്ടെ: മണവാളനെയും മണവാട്ടിയെയും എതിരേൽപ്പാനായി പുറപ്പെട്ടു എന്നു പറഞ്ഞശേഷം തുടർന്നു വായിക്കുന്നത്: "ഇതാ, മണവാളൻ വരുന്നു; അവന്റെ എതിരേല്പിനായി പുറപ്പെടുവിൻ" എന്ന് ആർപ്പുവിളി ഉണ്ടായി എന്നാണ്. മണവാട്ടി എവിടെപ്പോയി? മണവാട്ടിയെപ്പറ്റി ഒരു സൂചനയും അവിടെയില്ല. അതിൽ നിന്ന് മണവാളനു വേണ്ടി മാത്രമാണ് കാത്തിരുന്നത് എന്നു വ്യക്തം.

ഇന്നത്തെ ഗ്രീക്കു വേദപുസ്തകം, ലഭ്യമാവുന്ന ആധികാരികവും പുരാതനവുമായ എല്ലാ കയ്യെഴുത്തു പ്രതികളും പരിശോധിച്ചശേഷമാണ് രൂപപ്പെടുത്തിയത്. അപ്പോൾ സുറിയാനി പരിഭാഷയ്ക്ക് മാത്രമായി ലഭിച്ച ഗ്രീക്കു കയ്യെഴുത്തുപ്രതി ഏതാണാവോ?. മാത്രമല്ല സുറിയാനി പരിഭാഷ നടത്തിയ കാലത്തുതന്നെയാണ് ലത്തീൻ പരിഭാഷ ഉണ്ടായത്. അതിൽ മണവാട്ടിയില്ല. ലത്തീൻ പരിഭാഷയെ ആസ്പദമാക്കി റോമൻ സഭ രൂപപ്പെടുത്തിയ പി.ഒ.സി. മലയാളം പരിഭാഷയിലും മണവാട്ടി വരുന്നില്ല.

ഇംഗ്ലീഷിലുള്ള R.S.V. ലഭ്യമാകാവുന്ന എല്ലാ കൈയ്യെഴുത്തു പ്രതികളും മൂലഭാഷയിലുള്ളത് പരിശോധിച്ചശേഷം വളരെ ആധികാരികമായി രൂപപ്പെടുത്തിയതാണ്. കത്തോലിക്കാ, പ്രോട്ടസ്റ്റന്റ് സഭകളെല്ലാം ആ ടെക്സ്റ്റ് അംഗീകരിച്ചിട്ടുള്ളതാണ്. അതിലും മണവാട്ടിയില്ല. Orthodox Study Bible എന്നുള്ളത് അമേരിക്കയിലെ റഷ്യൻ ഓർത്തഡോക്സ് സഭ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആധികാരിക മൂലരചനകളെല്ലാം പരിശോധിച്ച ശേഷം തയ്യാറാക്കിയതാണ്. കത്തോലിക്കാ -ഗ്രീക്ക്- പ്രോട്ടസ്റ്റന്റ് സഭകൾ അംഗീകരിച്ച പരിഭാഷകളിൽ ഒന്നും മണവാട്ടി ഇല്ല എന്നാണ് നാം കണ്ടത്.

> **മണവാളന്റെയും മണവാട്ടിയുടെയും" എതിരേല്പിനായി എന്നുള്ളത് നിശ്ചയമായും തിരുത്തപ്പെടേണ്ടതാണ്. "മണവാളന്റെ" എതിരേല്പിനായി എന്നുമാത്രമേ ആക്കാവൂ.**

മത്തായി 24, 25 അദ്ധ്യായങ്ങളിൽ യുഗാന്ത്യ സംഭവങ്ങളെക്കുറിച്ചുള്ള പ്രബോധനമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കർത്താവിന്റെ പുനരാഗമനം അതിലെ പ്രാധാനപ്പെട്ട വിഷയമാണ്. മണവാളന്റെ വരവിനായി കാത്തിരിക്കുന്നു. എന്നുള്ളതിൽ ക്രിസ്തുവിന്റെ പുനരാഗമനത്തെ നോക്കിപ്പാർക്കുന്ന സഭയുടെ ചിത്രമാണുള്ളത്. കന്യകമാരുടെ ഉപമയിൽ വ്യക്തമായും മണവാളനായ ക്രിസ്തുവിന്റെ ചിത്രമാണ് ഉയർന്നു നിൽക്കുന്നുത്. ആ മണവാളനുവേണ്ടി ജാഗ്രതയോടും ഒരുക്കത്തോടും ഉണർവ്വോടും കാത്തിരിക്കുന്ന സഭയുടെ സാരാംശം നോക്കിയാലും "മണവാളന്റെയും മണവാട്ടിയുടെയും" എതിരേല്പിനായി എന്നുള്ളത് നിശ്ചയമായും തിരുത്തപ്പെടേണ്ടതാണ്. "മണവാളന്റെ" എതിരേല്പിനായി എന്നുമാത്രമേ ആക്കാവൂ.

ചൊവ്വാഴ്ച മൂന്നാം മണിനേരത്തെ ശ്ഹീമാ നമസ്ക്കാരത്തിൽ കന്യകമാരുടെ ഉപമ പരാമർശിക്കപ്പെട്ടു. അവിടെയും സുറിയാനി പാഠമനുസരിച്ച് "കാന്തനും കാന്തയും" ഒരുമിച്ചാണ് പറഞ്ഞിട്ടുള്ളത്. നിശ്ചയമായും അതും തിരുത്തപ്പെടേണ്ടതാണ്.

ഏതായാലും പുതിയനിയമ ടെക്സ്റ്റിന് ഗ്രീക്ക് മൂലഭാഷയാണ് ആധികാരികമായിട്ടുള്ളത്. പരിഭാഷകൾ എല്ലാം അതിനോട് ചേർന്നു പോകേണ്ടതാണ്. ■

ഭാഗം കൂടിയാണിത്. സർവ്വശക്തനായ ദൈവത്തെ കാണുമ്പോൾ സർവ്വം മറന്ന് കാൽക്കൽ വീഴുകയല്ലാതെ മറ്റെന്താണു ചെയ്യുക.

"എന്നെ തൊടരുത്, ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയിട്ടില്ല" എന്ന് കർത്താവ് മഗ്ദലക്കാരി മറിയയോട് പറയുന്ന ഭാഗം (യോഹ. 20:17) ഇതിനോട് ചേർത്ത് ചിന്തിക്കുന്നത് സംഗതമാണ്. ഇവിടെ സാധാരണ ഉയരുന്ന ചോദ്യം, എന്തുകൊണ്ട് ഉയിർത്ത കർത്താവ് തന്നെ സ്പർശിക്കുവാൻ തോമാ ശ്ലീഹായെ അനുവദിച്ചു? മഗ്ദലക്കാരി മറിയയെ അനുവദിച്ചില്ല? എന്നതാണ്. ഒരു സ്ത്രീയായതുകൊണ്ടാണോ അവളെ തടഞ്ഞത്? തൊടരുത്, എന്ന് കർത്താവ് മറിയാമിനോടു പറയുന്ന ഗ്രീക്കു വാക്ക് അതേപടി മറ്റു ഭാഷകളിലലേക്ക് വിവർത്തനം ചെയ്യുക ബുദ്ധിമുട്ടാണ്. എങ്കിലും, കർത്താവിനെ തിരിച്ചറിഞ്ഞ മറിയ കർത്താവിനെ വിടാതെ പിടിച്ചുകൊണ്ടിരുന്നു എന്ന അർത്ഥം വരുന്ന വാക്കാണിത്. എന്നാൽ കർത്താവ് മരണത്തിനു മുമ്പുള്ള അവസ്ഥയിലല്ലെന്നും താൻ ഉയിർത്തുവെന്നും ഗലീലയിൽവച്ച് ശിഷ്യന്മാരെ കാണും എന്നുമുള്ള വാർത്ത അവരെ അറിയിക്കുന്നതിനുള്ള തിടുക്കം ഈ ഭാഗത്തെ വാക്യങ്ങളിലുണ്ട്. മാത്രമല്ല, തന്റെ മരണപുനഃരുത്ഥാനങ്ങളിലൂടെ പുത്രത്വത്തിന്റെ അവകാശം അവർക്കും ലഭ്യമായി എന്നും തന്റെ പിതാവ് ഇനി അവരുടെയും പിതാവാണെന്നുമുള്ള (യോഹ. 20:27) സദ്വാർത്ത ശിഷ്യരെ ഉടനെ അറിയിക്കുക എന്നതിനുള്ള നിർദ്ദേശവും ഈ ഭാഗത്തുണ്ട്. അതുകൊണ്ട്, മറിയയെ ഈ സന്ദേശവുമായി ശിഷ്യന്മാരുടെ അടുക്കലേക്ക് ആയയ്ക്കുന്നതിനുള്ള തിടുക്കമാണ് *എന്നെ തൊടരുത്* എന്ന പ്രയോഗത്തിലുള്ളതെങ്കിൽ ഉയിർത്ത മാർത്തോമ്മാ ശ്ലീഹായോട് കർത്താവിലുള്ള വിശ്വാസത്തിൽ ഉറപ്പിക്കുവാനാണ് തന്റെ മുറിവുകളിൽ തൊട്ടുനോക്കുവാൻ പറയുന്നത്.

വിലയിരുത്തലും ഉപസംഹാരവും

കൃംതാ നമസ്ക്കാരത്തിൽ യേശുക്രിസ്തുവിന്റെ കബറിങ്കൽ ചെന്ന സ്ത്രീകളെ വളരെ പ്രാധാന്യത്തോടെ ഓർക്കുകയും അവർ നൽകുന്ന ഉയിർപ്പിന്റെ സാക്ഷ്യത്തെ പാടുകയും ചെയ്യുന്നത് നാം വിശദമായി മനസ്സിലാക്കി. അവരുടെ സാക്ഷ്യവും ശിഷ്യത്വവും പരിപാകതയും ആരാധനാമനോഭാവവും സുവിശേഷ താല്പര്യവും നമ്മോട് സംവദിക്കുന്നു. വേദപുസ്തകം പഠിപ്പിക്കുന്നതുപോലെ കർത്താവിനോടുള്ള സ്നേഹവും സമർപ്പണവും നമ്മെ ഭരമേല്പിച്ച ദൗത്യവും പ്രതിബദ്ധതയോടെ നിർവഹിക്കുന്നവരാണ് യഥാർത്ഥ ശിഷ്യരെന്ന് ഈ നമസ്ക്കാരങ്ങളിലെ പ്രാർത്ഥനകളും ഗീതങ്ങളും വ്യക്തമാക്കുന്നു. ഉയിർപ്പിന്റെ സന്തോഷവും അതിന്റെ ആഘോഷവും നമ്മിൽ നിന്ന് അനേകരിലേക്ക് പകരണമെന്നുള്ള നിർദ്ദേശമാണ് കൃംതാ നമസ്ക്കാരം സ്ത്രീപ്രതിപാദനങ്ങളിലൂടെ

സഹിഷ്ണുത ഭാവം വളർത്തണം

പരിശുദ്ധ കാതോലിക്കാ ബാവാ

കോട്ടയം:-കുട്ടികളിൽ സഹനശക്തിയും ക്ഷമാ ശീലവും സഹിഷ്ണതാ മനോഭാവവും വളർത്താൻ മാതാപിതാക്കളും അദ്ധ്യാപകരും ശ്രദ്ധിക്കണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സണ്ടേസ്കൂൾ അസോസിയേഷൻ വാർഷീക പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭൗതീക നേട്ടങ്ങൾ മാത്രം ലാക്കാക്കിയുള്ള വിദ്യാഭ്യാസം മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കാൻ അപര്യാപ്തമാണെന്നും ആത്മീയ പരിശീലനം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ക്യാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്ക് ചികിത്സാ കേന്ദ്രങ്ങൾ ഉണ്ടായതു കൊണ്ട് മാത്രമായില്ല. രോഗ പ്രതിരോധ പ്രവർത്തനങ്ങളും നിർദ്ധന രോഗികളെ സഹായിക്കാനുള്ള പദ്ധതികളും ആവിഷ്ക്കരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

പ്രസ്ഥാന പ്രസിഡന്റ് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ലിസി ചെറിയാന്റെ വേദവായനയോടെ യോഗം ആരംഭിച്ചു. മുൻ ഡയറക്ടർ ജനറൽ കണിയാം പറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പായുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത അലക്സിയോസ് മാർ യൗസേഫിയോസ്, സൺഡേസ്കൂൾ ഡയറക്ടർ ജനറൽ ഫാ. ഡോ. റെജി മാത്യൂ, അഭിഷേക് തോമസ്, ജോയൽ ഏബ്രഹാം, ജോ. ഐ ജോർജ്, എന്നിവർ പ്രസംഗിച്ചു. ജീവകാരുണ്യ ദിന സംഭാവന പാമ്പാടി ദയറാ മാനേജർ ഫാ. മാത്യൂ. കെ. ജോൺ ഏറ്റു വാങ്ങി. നിമ്മി കുര്യൻ, നേഹാ സൂസൻ ജോർജ്ജ് എന്നിവർ ഗാനാലാപം നടത്തി.

മുന്നോട്ടുവയ്ക്കുന്നത്. ക്രിസ്തുവിനോടുള്ള സ്ത്രീകളുടെ ഭക്തിയും സ്നേഹവും സുവിശേഷ പ്രവർത്തനത്തിന് അവർക്കുണ്ടായിരുന്ന ഊർജ്ജവും ഉത്സാഹവും അതോടൊപ്പം പ്രതിസന്ധികളെ നേരിടുവനുള്ള ധൈര്യവും കൃംതാ നമസ്ക്കാര പ്രാർത്ഥനകളും ഗീതങ്ങളും ചൊല്ലുമ്പോൾ ഭക്തർക്കുണ്ടാകേണ്ട അടിസ്ഥാന ആദ്ധ്യാത്മികതയാണ്.

സ്ത്രീ പങ്കാളിത്തം ആരാധനയിലും സഭാ പ്രവർത്തനങ്ങളിലും ക്രിയാത്മകമായി ഉണ്ടാകണമെന്നും അത് വിശ്വാസമര്യാദകൾക്ക് വിരുദ്ധമല്ലെന്നുംസഭയുടെ ആരാധന തന്നെ പഠിപ്പിക്കുന്നു എന്നുള്ളതാണ് കൃംതാ നമസ്ക്കാരത്തിന്റെ സാമൂഹിക പ്രസക്തി. ഓർത്തഡോക്സ് പാരമ്പര്യത്തിൽ സ്ത്രീകൾക്ക് നൽകേണ്ട സ്ഥാനം പരിശുദ്ധ കന്യകമറിയാമിന് മാത്രമായി നൽകി മറ്റ് വേദപുസ്തക വനിതകളെയും അവരുടെ സാക്ഷ്യത്തെയും തമസ്ക്കരിക്കുന്നു എന്നുള്ള ചില ആരോപണങ്ങൾക്കുള്ള വ്യക്തമായ മറുപടി കൂടിയാണ് കൃംതാ നമസ്ക്കാരത്തിലെ സ്ത്രീകളുടെ ആത്മികതയെ മാനിക്കുകയും അവരെ ഓർമ്മിക്കുകയും പാടുകയും ചെയ്യുന്നതിന്റെ ഉൾക്കരുത്ത്.

അമ്മമാരുടെ പ്രാർത്ഥനയും കണ്ണുനീരും കുടുംബ ബന്ധത്തിന്റെ അടിസ്ഥാന ഘടകമായി പറയുന്നുണ്ടെങ്കിലും സഭയുടെ പൊതുവായ ആദ്ധ്യാത്മികതയ്ക്കും നിലനില്പിനും സ്ത്രീ ആദ്ധ്യാത്മികതയുടെ സ്ഥാനവും പങ്കാളിത്തവും എത്രമാത്രം ഗൗരവമായി പരിഗമിച്ചിട്ടുണ്ട് എന്നത് സംശയകരമാണ്. സ്ത്രീ-പുരുഷ ശരീരങ്ങൾക്ക് ഒരേ മാന്യത കല്പിക്കുന്ന സമഗ്ര ചിന്തയാണ് ഈ നമസ്ക്കാരത്തിലുള്ളവ എന്നാൽ, സമൂഹത്തിന്റെ വിവിധ തുറകളിൽ സ്ത്രീകൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നിന്റെ ഒരു കാരണം സാമൂഹിക സാംസ്ക്കാരിക ആദ്ധ്യാത്മിക മണ്ഡലങ്ങളിലെ സ്ത്രീകളോടുള്ള അപക്വ സമീപനം കൊണ്ടാണ്. അവിടെയാണ് കൃംതാനമസ്ക്കാരം ഉയർത്തിപ്പിടിക്കുന്ന ഉയിർപ്പിന്റെ ആഘോഷത്തിലെ സ്ത്രീ പങ്കാളിത്തത്തിന്റെയും സാക്ഷ്യത്തിന്റെയും പക്വമായ പഠിപ്പിക്കലിന്റെ പ്രാധാന്യത്തെ നാം വിലയിരുത്തേണ്ടത്. സ്ത്രീകളുടെ ഉത്സാഹവും വിശ്വാസപ്രതിബദ്ധതയും സഭയ്ക്ക് അഭിമാനമാകണം. സാമൂഹിക പ്രശ്നങ്ങളിലും പ്രത്യേകിച്ച് സ്ത്രീ പ്രശ്നങ്ങളിലും സഭ ക്രിയാത്മകമായി ഇടപെടണം. പുതിയ തലമുറയ്ക്ക് സ്ത്രീകളോടുള്ള പക്വമായ ഇടപെടലുകളെക്കുറിച്ചും അവരെ ശരി

യായി ഉൾക്കൊള്ളുന്ന ക്രൈസ്തവ ആദ്ധ്യാത്മീകതയെ, പ്രത്യേകിച്ച് ഓർത്തഡോക്സ് വേദശാസ്ത്രത്തെ പരിചയപ്പെടുത്തുവാനും ആഴമായി ചിന്തിപ്പിക്കുന്നതിനും പ്രചോദനമാകണം. പരിപാകതയുള്ള സ്ത്രീകളായി പിതാക്കന്മാർ നമുക്കു കാണിച്ചുതരുന്ന ഈ സ്ത്രീകളുടെ പക്വതയും ആദ്ധ്യാത്മികതയും ഓരോ സ്ത്രീയും ആർജ്ജിക്കണം. "നിന്റെ വിശുദ്ധ ശരീരം പൂശുവാനായിട്ട് സുഗന്ധ പരിമളാദികളോടുകൂടെ വന്ന പരിപാകതയുള്ള സ്ത്രീകളെപ്പോലെ സൽക്രിയകളാകുന്ന നല്ല വസ്ത്രങ്ങളോടും കുറ്റമില്ലാത്ത നടപടികളാകുന്ന മഹിമയുള്ള അലങ്കാരങ്ങളോടുംകൂടെ സ്തോത്രങ്ങളാൽ ഞങ്ങൾ തിരുമുമ്പാകെ വരുമാറാകണമേ" എന്ന പ്രാർത്ഥന നമ്മുടെ മനസ്സിൽ നിറയട്ടെ. ■

നിയമിതനായി



സഭകളുടെ ദേശീയ ഐക്യ വേദിയായ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രോഗ്രാം കമ്മീഷനായി നിയമിതനായ ഫാ. അശ്വിൻ ഫെർണാണ്ടസ് (ബ്രഹ്മവാർ).

മലബാർ സോൺ സൺഡേ സ്ക്കൂൾ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഉപന്യാസ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ മീനങ്ങാടി സെന്റ് പീറ്റേഴ്സ് വലിയ പള്ളിയിലെ വന്ദനാ സാറ.

APPLICATIONS INVITED

The **St. Thomas Orthodox Theological Seminary, Nagpur** invites application for the new batch of students. Minimum secular education required is Graduation in any subject from a recognized university. Application form may be downloaded from the Seminary website **www.orthodoxseminarynagpur.in** or can be obtained from the Seminary Office. The duly filled-in application should be submitted by post on or before September 20th, 2016.

The filled-in application along with all the other documents may also be scanned and sent to the Email Id provided below in a single PDF file.

The test and interview for the selection of the new batch will be on October 4th and 5th, 2016. Classes for the new batch will begin on November 21st, 2016.

Filled in applications should be sent to

The Principal
St. Thomas Orthodox Theological Seminary,
Ubali Road, Brahmani P.O.
Kalmeshwar, Nagpur 441501, Maharashtra.
Phone :- 07118 271696, 08605869697, 08888722165
Email: stotspro@gmail.com

DOCTORATE



കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും മാനേജ്മെന്റ് സയൻസിൽ പി.എച്ച്.ഡി. നേടിയ ഡോ. ജോൺ കെ. ബാബു. മാവേലിക്കര ഭദ്രാസനത്തിൽ ഹരിപ്പാട് ആരാഴി സെന്റ് മേരീസ് ഇടവകാംഗവും വെള്ളംകുളങ്ങര 'കടകപ്പുറത്ത്-അനുഗ്രഹ'യിൽ വൈ. ബാബുവിന്റെയും ആനി ബാബുവിന്റെയും മകൻ. പാമ്പാടി കെ.ജി. കോളജ് മാനേജ്മെന്റ് സയൻസ് വിഭാഗം അധ്യാപകനാണ്. ഭാര്യ ഷിനോ മെറിൻ ഏബ്രഹാം (ഇന്ത്യൻ ഓവർസീസ് ബാങ്ക്, പാമ്പാടി). മകൾ ഐറിൻ ജോൺ.

അമേരിക്കയിൽ 300 ഏക്കറിൽ : റിട്രീറ്റ് സെന്റർ വരുന്നു

■ സഖറിയ മാർ നിക്കോളോവാസ് മെത്രാപ്പോലീത്താ

> 'അമേരിക്കയിലെ ഒരു ഇന്ത്യൻ സമൂഹവും ഇത്രയും വലിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല. എല്ലാ മലയാളി ക്രൈസ്തവ സമൂഹത്തിനും ഇത് ഉപയോഗപ്രദമായ പദ്ധതിയായിരിക്കും.'

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് ഭദ്രാസനത്തിൽ 300 ഏക്കറിൽ 'ഹോളി ട്രാൻസ്ഫിഗറേഷൻ റിട്രീറ്റ് സെന്റർ വരുന്നു. പെൻസിൽവാനിയായിൽ ഡാൽടണിലാണ് റിട്രീറ്റ് സെന്റർ. 2016 മെയിൽ സഫേണിൽ നടന്ന ഭദ്രാസന പൊതുയോഗമാണ് ഡാൽട്ടണിലെ റിന്യൂവൽ സെന്റർ വാങ്ങാൻ തീരുമാനിച്ചത്.

മനോഹരമായ തടാകവും, മൊട്ടകുന്നുകളും മരങ്ങളും 300 ഏക്കർ വിസ്തൃതിയിൽ പരന്നു കിടക്കുന്ന റിട്രീറ്റ് സെന്ററിന് ആകർഷണീയത പകരുന്നു.

ചാപ്പൽ, ലൈബ്രറി, കോൺഫ്രൻസ് ഹാളുകൾ, ക്ലാസ് മുറികൾ, ഓഫീസുകൾ എന്നിവ എല്ലാം റിട്രീറ്റ് സെന്ററിലുണ്ട്. 200 ഓളം അതിഥികളെ താമസിപ്പിക്കുവാൻ കഴിയും. രണ്ട് ഡോർമെറ്ററികൾ, ജിംനേഷ്യം, 800 പേർക്ക് ഇരിപ്പിടം ഒരുക്കുന്ന വിശാലമായ ഓഡിറ്റോറിയം എന്നിവയും ഉണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അഭിമാനിക്കാവുന്ന നേട്ടമാണ് റിട്രീറ്റ് സെന്റർ സ്വന്തമാകുമ്പോൾ ലഭ്യമാകുന്നതെന്ന് ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കോളോവോസ് പറഞ്ഞു. 4.50 മില്യൺ ഡോളറിനാണ് റിട്രീറ്റ് സെന്റർ വാങ്ങുന്നത്. ഏകദേശം 30 കോടിയിലധികം ഇന്ത്യൻ രൂപ ആവശ്യമായി വരും. ഇതിൽ ഒരു മില്യൺ പുനർനിർമ്മാണത്തിനു മാത്രമായി കണക്കാക്കുന്നു.

ഭദ്രാസനത്തിലെ ഓരോ കുടുംബവും സ്നേഹപൂർവ്വമായ കൈത്താങ്ങലുകൾ നൽകി ഈ പദ്ധതിയോട് സഹകരിച്ചാൽ വേഗം ഇത് യാഥാർത്ഥ്യമാകും എന്ന് അദ്ദേഹം പറഞ്ഞു. രണ്ടു ശതമാനം പ്രതിവർഷം പലിശ നൽകുന്ന വിധത്തിൽ നിക്ഷേപങ്ങളും സെന്ററിന് വേണ്ടി സ്വീകരിക്കുന്നുണ്ട്.

2003 മുതലുള്ള ആശയമാണ് കോൺഫ്രൻസ് -കം- റിട്രീറ്റ് സെന്റർ ഭദ്രാസനത്തിന് ഉണ്ടാകണമെന്നുള്ളത്. ഇത് വിശാലമായ ഒരു ആശയമാണ്. ധാരാളം ദയറാ പട്ടക്കാർ ഭദ്രാസനത്തിൽ ഉള്ളതിനാൽ ഒരു ദയറായും, നിരവധി കോൺഫ്രൻസുകൾ വിവിധ ഭാഗങ്ങളിൽ ക്രമീകരിക്കുന്നതിനാൽ ഒരു കോൺഫ്രൻസ് ഹാളും ഉണ്ടാകണം. നമ്മുടെ ആളുകൾക്ക് ധ്യാനത്തിനും മൗനത്തിനുമായി സജ്ജമാകുവാൻ ഒരു റിട്രീറ്റ് സെന്ററും അനിവാര്യമാണ്.

100 ഏക്കറിൽ വസ്തുവാങ്ങി അത് വികസിപ്പിക്കുക എന്നതായിരുന്നു ആദ്യചിന്ത. എന്നാൽ നിർമ്മിച്ചെടുക്കുക ശ്രമകരമാണ്. തുടർന്നാണ് നിലവിലുള്ള ഒരു സ്ഥാപനം വാങ്ങുക എന്ന ചിന്ത ഉണ്ടായത്. അതിൻ പ്രകാരമാണ് ഡാൽട്ടണിൽ 300 ഏക്കറിലെ റിട്രീറ്റ് സെന്റർ വാങ്ങുന്നത്.

ഇത് ന്യൂയോർക്കിൽ നിന്നും ഫിലാഡൽഫിയായിൽ നിന്നും ഏതാണ്ട് 120 മൈൽ ദൂരം വരും. വാഷിങ്ടണിൽ നിന്നും 270 മൈൽ വരും. ഭദ്രാസനത്തിന്റെ എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഇവിടെ എത്തുവാൻ കഴിയും. ഇവിടെ ഒരു ലക്ഷത്തോളം സ്ക്വയർ ഫീറ്റുള്ള ബിൽഡിങ്ങ് ഉണ്ട്. ഇത് ഒരു കത്തോ

ലിക്കാ സെമിനാരി ആയിരുന്നു. അതാണ് ഇപ്പോൾ വിൽക്കാൻ തീരുമാനിച്ചിരിക്കുന്നത്. 500-ൽ അധികം സീനിയർ സിറ്റിസൺസ് ഈ ഭദ്രാസനത്തിലുണ്ട്. നമ്മുടെതായ സാമൂഹിക പശ്ചാത്തലത്തിൽ ഒരു സീനിയർ സിറ്റിസൺസ് ഹൗസ് കൂടി ഇവിടെ ആരംഭിക്കുവാൻ പദ്ധതി ഉണ്ട്.

ദീർഘകാലാടിസ്ഥാനത്തിൽ ഭാവിയിൽ ഒരു സെമിനാരി വേണമെങ്കിലും ഇവിടെ ആരംഭിക്കാം. 200 പേർക്ക് ഇരിക്കാവുന്ന ചാപ്പലും ഉണ്ട്. അമേരിക്കയിലെ ഒരു ഇന്ത്യൻ സമൂഹവും ഇത്രയും വലിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല. എല്ലാ മലയാളി ക്രൈസ്തവ സമൂഹത്തിനും ഇത് ഉപയോഗപ്രദമായ പദ്ധതിയായിരിക്കും. അടുത്ത 25 വർഷത്തിനുള്ളിൽ മറ്റ് സഭയിൽ നിന്നുള്ളവർ പോലും ഓർ ത്തഡോക്സ് സഭയിൽ ചേരാൻ സാധ്യതയുണ്ട്.

വളരെ പ്രൊഫഷണലായി, സമഗ്രമായ മാനേജ്മെന്റിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ആഗ്രഹിക്കുന്നു. 2017 ജനുവരിയോടുകൂടി ഇതിന്റെ ആധാരം എഴുതണം. അഡ്വാൻസായി ഒരു ലക്ഷം ഡോളർ കൊടുത്തിട്ടുണ്ട്. ഓരോ കുടുംബവും രണ്ടായിരം ഡോളർ അടുത്ത മൂന്നു വർഷത്തിനുള്ളിൽ നൽകിയാൽ ഇത് എത്രയും പെട്ടന്ന് യാഥാർത്ഥ്യമാകും.

ന്യൂയോർക്കിൽ നമ്മുടെ സാന്നിധ്യം ആവശ്യമുള്ളതിനാൽ മട്ടൺ ടൗണിൽ ഇപ്പോഴുള്ള അരമനയും ബെൽറോസിലുള്ള കെട്ടിടവും അവിടെതന്നെ നിലനിർത്തും. അമേരിക്കയിൽ ഉള്ള എല്ലാവരുടെയും സഹകരണവും സഹായവും ഇക്കാര്യത്തിൽ ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നതായി സക്കറിയാ മാർ നിക്കോളോവാസ് മെത്രാപ്പോലീത്താ പറഞ്ഞു. ■

ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഡയറക്ടർ

സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ ഡയറക്ടറായി നിയമിതനായ നിലയ്ക്കൽ ഭദ്രാസനത്തിലെ ഫാ. മാത്യൂസ് വാഴക്കുന്നം (പ്രൊഫ. സെ. തോമസ് കോളജ്, റാന്നി). ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കും ദുർബലജനവിഭാഗങ്ങളുടെ ഉദ്ധാരണത്തിനുമായി രൂപീകരിക്കപ്പെട്ട സർക്കാർ സ്ഥാപനമാണിത്.

കോഴഞ്ചേരി ചെറുകോൽ വാഴക്കുന്നത്ത് പരേതനായ പ്രൊഫ. വി. സി. മാത്യൂവിന്റെയും റിട്ടേർഡ് അധ്യാപിക റേച്ചൽ മാത്യുവിന്റെയും മകനാണ്. സഹധർമ്മിണി: ചെങ്ങന്നൂർ ചുങ്കത്തിൽ സാറാ മാത്യു (അധ്യാപിക, ജെ.എം.എച്ച്.എസ്. കോടുകുളഞ്ഞി) മകൻ: ഹാനോക്ക് മാത്യു. കാട്ടൂർ സെന്റ് മേരീസ് വലിയപള്ളി ഇടവകാംഗം.

മലങ്കരസഭാ മാസിക

- മലങ്കരസഭാ മാസികയിലേക്ക് വരിസംഖ്യ, പരസ്യം ഇനത്തിൽ ബാങ്കിൽ പണം നിക്ഷേപിക്കുന്നവർ 0481-2573234 എന്ന നമ്പരിൽ വിളിച്ചറിയിക്കണം.

  [Bank -S.B.T Devalokam,
  Account Name & Number
  - MALANKARA SABHA
  (57017053203)
  IFSC Code - SBT R 0000820]

- എല്ലാ മാസവും 10-ന് മലങ്കരസഭാ മാസിക കോട്ടയത്തു നിന്നും പോസ്റ്റു ചെയ്യുന്നു.
- ഏതെങ്കിലും കാരണവശാൽ മാസിക ലഭിക്കാതെ വരുന്നവർ അതതു പോസ്റ്റാഫീസുമായി ബന്ധപ്പെടണം.
- മലങ്കരസഭാ മാസിക സംബന്ധമായ പരാതികൾ രാവിലെ 10 മുതൽ 4 വരെ 0481-2573234 എന്ന നമ്പറിൽ അറിയിക്കാവുന്നതാണ്.
- ലേഖനങ്ങൾ പേജ്മേക്കറിൽ (pmd) ML-TT Revathy Font ൽ അയച്ചു തരണം. A4 മൂന്നു പേജിൽ കവിയരുത്.
- പരസ്യപേജ് ലേ-ഔട്ട് ചെയ്ത് PDF-ൽ അതതുമാസം 25-നു മുമ്പ് നൽകണം.
- സൺഡേസ്ക്കൂൾ കേന്ദ്രതല സമ്മാനാർഹരുടെ ഫോട്ടോയോടൊപ്പം വികാരിയുടെ കത്ത് നിർബന്ധമായും ഉണ്ടായിരിക്കണം.

Malankara Sabha Masika
Catholicate Aramana
Devalokam, Kottayam-686004

malankarasabha1946@gmail.com
sabhamasika@yahoo.com

19TH DEATH ANNIVERSARY, 22.02.2016

MR. K.I. THOMAS

5TH DEATH ANNIVERSARY, 19-09-2016

ALEYAMMA THOMAS

Kudathumuriyil
Mallappally

Inserted By:-
Mr. Omman Panicker &
Mrs. Asha panicker
Dr. John Mathew & Mrs. Pinky John
Mr. Anil Thomas & Mrs. Sherin Thomas
Children and Relatives

പുസ്തകശാല

മൂല്യാധിഷ്ഠിത ബോധനം

കെ.എം. മാത്യു തിരുവല്ല



മൂല്യാധിഷ്ഠിത ബോധനത്തിന്റെ മാതൃകാ ശാസ്ത്ര പാഠങ്ങൾ അവതരിപ്പിക്കുന്നു. 60 വർഷത്തെ അനുഭവ സമ്പത്ത് പ്രതിഫലിക്കുന്ന വിദ്യാഭ്യാസ ദർശനങ്ങൾ. അഞ്ചു രൂപായുടെ നാല് തപാൽ സ്റ്റാമ്പുകൾ സഹിതം ആവശ്യപ്പെട്ടാൽ പുസ്തകം ഫ്രീയായി ലഭിക്കും. ആശിർവാദം: മാത്യൂസ് മാർ തേവോദോസ്യോസ്, കോപ്പികൾക്ക്: കണ്ടത്തിൽ, കിഴക്കേമുറി, തിരുവല്ല-689102, പേജ് 100.

പച്ചയായ പുൽപ്പുറങ്ങൾ

ഡോ. എം. കുര്യാക്കോസ് മൂകളത്ത്



ബൈബിൾ, സഭാചരിത്രം, സാഹിത്യം എന്നീ വിഷയങ്ങളിലുള്ള 20 ലേഖനങ്ങളുടെ സമാഹാരം. ഓരോ വിഷയവും സമഗ്രവും ഹൃദ്യവുമായി അവതരിപ്പിച്ചിരിക്കുന്നു. പ്രസംഗകർക്കും ഗവേഷകർക്കും ഉത്തമം. പേജ്: 128, വില: 80, ജെ.എസ്.സി. പബ്ലിക്കേഷൻസ് പുത്തൻകുരിശ്.

ധർമ്മബോധി

ഫാ. ബെഞ്ചമിൻ ഒ.ഐ.സി. (എഡി.)

ബഥനി ആശ്രമ അദ്ധ്യക്ഷനായിരുന്ന 'മലങ്കരയുടെ ധർമ്മയോഗി' ആബോ അലക്സിയോസിന്റെ എഴുത്തുകളും അനുസ്മരണങ്ങളും. അവതാരിക: ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ബഥാന്യ മീഡിയ ഹൗസ്, റാന്നി, പെരുനാട്, പേജ്-125, വില-80.

....Grace Boundles

Prof. P.C. Varghese



This auto biography is a true expression of the life and witness of Prof. P.C. Varghese. It offers the vivid picture of a duty bound model teacher which gives a strong message to the society. foreword: Fr. Dr. K.M. George, CSS, Thiruvalla, Page-75, Rs. 80.

വായന

മരുഭൂമിയിലെ വാക്ക്

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

ആനുകാലിക സമൂഹത്തിന്റെ മനഃസാക്ഷിയെ വേദവെളിച്ചത്തിൽ പുനഃസൃഷ്ടിക്കുവാനുള്ള ആഹ്വാനമാണ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ 'മരുഭൂമിയിലെ വാക്ക്' എന്ന കൃതി. പുതിയനിയമത്തിൽ മരുഭൂമിയിലെ വാക്ക് വി. യോഹന്നാൻ സ്നാപകന്റെ പ്രവാചക സന്ദേശമായിരുന്നു. ധാർമ്മിക ജീർണ്ണത ബാധിച്ച് പ്രതീക്ഷകൾ അറ്റുപോയിരുന്ന ഒരു സമൂഹത്തിന്റെ പുനഃസൃഷ്ടിക്ക് പര്യാപ്തമായ ജ്വലിക്കുന്ന ആ വാക്കുകൾക്ക് സമാനമാണ് ഉള്ളടക്കം.

മൈത്രിയും കരുണയും, കുടുംബ കൂട്ടങ്ങളും കൂട്ടദ്ധ്യാനങ്ങളും, നന്മയുടെ അധാർമിക പാത, മറിയുന്ന മതിലുകൾ, ക്രൂശിന്റെ ശത്രുക്കൾ എന്നിങ്ങനെ മനുഷ്യ മനഃസാക്ഷിയെ തട്ടിയുണർത്തുന്ന പതിനെട്ട് ലേഖനങ്ങളുടെ സമാഹാരമാണീ ഗ്രന്ഥം. വേദന സൃഷ്ടിക്കുന്ന വിഷയങ്ങളെ വേദപുസ്തകാടിസ്ഥാനത്തിൽ വിശകലം ചെയ്ത് എഴുതിയ ലേഖനങ്ങളാണിവ. ഈ സമൂഹത്തെ താങ്ങിനിർത്തുന്ന അടിവേരുകൾ കത്തിയമരുന്ന ദുരന്തദുഃഖത്തിന്റെ ദീനരോദനം ഈ കൃതിയിൽ നമുക്ക് കേൾക്കാം. അടിവേരുകൾ അറ്റുപോയാൽ എല്ലാം നഷ്ടമാകുമെന്ന് വ്യാകുലപ്പെടുന്ന ഹൃദയത്തിന്റെ വാങ്മയ രൂപമാണീ കൃതി. മരുഭൂമിയിയെ ഒരു മലർവാടിയാക്കി മാറ്റിയ ഒരു താപസശ്രേഷ്ഠനെപ്പോലെ സഹൃദയരായ വിശ്വാസികളെ ആശീർവദിക്കുകയാണെന്ന് അവതാരികയിൽ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്ത നിരീക്ഷിക്കുന്നു.

നമ്മുടെ സ്വകാര്യതകളിലേക്കും സമൂഹത്തിലേക്കും തള്ളിക്കയറുന്ന തെറ്റായ പ്രവണതകളും അതു സൃഷ്ടിക്കുന്ന മൂല്യത്തകർച്ചയും നമ്മെ എങ്ങോട്ടു നയിക്കുമെന്ന ആശങ്ക ഈ ഗ്രന്ഥത്തിൽ ഉടനീളമുണ്ട്. ആദ്ധ്യാത്മികമായ ഊഷരതയും അധാർമ്മികമായ ഉഷ്ണക്കാറ്റും തടഞ്ഞുനിർത്തി പരിചിന്തനങ്ങളിലൂടെ പുതുജീവൻ പകരുന്ന ദൈവവചനത്തിന്റെ അനർഗളമായ ഒഴുക്കും ഈ കൃതിയുടെ പ്രത്യേകതയാണ്. സമകാലിക സമൂഹത്തിനുനേരെ പിടിച്ചിരിക്കുന്ന ഒരു ദർപ്പണം പോലെ ഇതിലെ ആശയങ്ങൾ വായനക്കാരിൽ സുകൃതമൂല്യങ്ങൾ സൃഷ്ടിക്കുമെന്നതിൽ തർക്കമില്ല.

സ്വാർത്ഥതയും സുഖലോലുപതയും ലക്ഷ്യമാക്കിമുന്നേറുന്ന സമൂഹത്തോട് അഭിവന്ദ്യ തിരുമേനി ഇങ്ങനെ നിർദ്ദേശിക്കുന്നു; "നന്മയ്ക്കുവേണ്ടി, നല്ലതിനുവേണ്ടി വാഴച്ചുവട്ടിലെ ചീരയെങ്കിലുമായിരുന്നെങ്കിൽ...." മരുഭൂമിയിലെ വാക്ക് ഹൃദയത്തെ പിടിച്ചുലയ്ക്കുവാൻ പര്യാപ്തമായതുപോലെ ഈ കൃതിയിലെ ആശയങ്ങൾ വായനക്കാരുടെ മനസ്സിനെ ആർദ്രമാക്കും; അവ നമ്മുടെ നയനങ്ങളെ ഈറനണിയിക്കുവാനും പ്രാപ്തമാണ്.

'കുടുംബകൂട്ടങ്ങളും കൂട്ട അദ്ധ്യാനങ്ങളും' എന്ന ശീർഷകത്തിൽ നമ്മിൽനിന്ന് അന്യമായിക്കൊണ്ടിരിക്കുന്ന കുടുംബ ബന്ധങ്ങളും കൂട്ട അദ്ധ്യാനങ്ങളുമാണ് ചർച്ച ചെയ്യുന്നത്. നിസ്സാരമെന്ന് തോന്നാവുന്ന ചില ബന്ധങ്ങൾ നഷ്ടമാകുമ്പോഴാണ് അതിന്റെ വില നാം തിരിച്ചറിയുന്നതെന്ന് ഈ കൃതി ഓർമ്മിപ്പിക്കുന്നു. പരസ്പരമുള്ള കരുതൽ, പങ്കിടീലുകൾ, സഹകരണ മനോഭാവം, വിട്ടുവീഴ്ചയുടെ ആത്മാവ്, ക്ഷമ, സഹനം തുടങ്ങിയവയാണ് കൂട്ടദ്ധ്യാനങ്ങൾ നല്കുന്ന പാഠങ്ങളെന്ന് ഓർമ്മപ്പെടുത്തുമ്പോൾ പകരം വയ്ക്കാൻ മറ്റൊന്നില്ലാത്ത ജീവിതമൂല്യങ്ങൾ എത്രമാത്രം നാം നഷ്ടമാക്കി എന്ന തിരിച്ചറിവാണ് വായനയിലൂടെ ലഭിക്കുന്നത്. സൂഷ്മമായ നിരീക്ഷണങ്ങൾകൊണ്ടും തിരുവചന പ്രബോധനങ്ങൾകൊണ്ടും ഈ കൃതി സമ്പുഷ്ടമാണ്.

സാമൂഹികാവബോധം നഷ്ടമായിക്കൊണ്ടിരിക്കുന്നതിന്റെ ബീഭൽസമായ കാഴ്ചകൾ ഇതിൽ തുറന്നു കാട്ടുന്നുണ്ട്. ഭൗതികമായി വളരെ മുന്നേ

റിയിരിക്കുന്ന കേരള സംസ്ക്കാരത്തെ തിരുമേനി വിശേഷിപ്പിക്കുന്നത്; "മാന്യതയുടെയും മര്യാദയുടെയും മതിലുകൾ മറിച്ചിടുന്ന മലയാളി" എന്നാണ്. സമൂഹാവബോധവും, പരസ്പര വിശ്വാസവും, കർമ്മനിരതരാകുവാനുള്ള വലിയ മനസ്സും നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നു എന്ന് തിരിച്ചറിയുവാനും അവയ്ക്കുള്ള പരിഹാരം ഉത്തമമായ ജീവിത വീക്ഷണമാണെന്നും ഓർമ്മപ്പെടുത്തുന്നു.

നിൽക്കുന്നു എന്ന് ബോധ്യമുള്ളവർ വീഴാതെയിരിപ്പാൻ അതീവ ശ്രദ്ധ ചെലുത്തേണ്ട കാലമാണിത്. അതിജീവനത്തിനുള്ള പതിനെട്ട് നിർദ്ദേശങ്ങളുമായി ഇതിലെ ഓരോ അധ്യായത്തെയും കരുതാം. പതിനെട്ട് പടികൾ കടന്ന് വിശുദ്ധിയുടെ നിറകുടമായ ദൈവസാന്നിദ്ധ്യത്തിലണയുന്നതുപോലെ ഇതിലെ അധ്യായങ്ങൾ വായനക്കാരെ പുനർവിചിന്തനത്തിനും ആത്മവിശുദ്ധിക്കും വിധേയരാക്കി ഒരു നവ സമൂഹ സൃഷ്ടിക്ക് പാതതെളിക്കുവാൻ പ്രചോദനമേകും.

നിരന്തരമായ വേദമനനങ്ങളിലൂടെയും സൂഷ്മമായ സാമൂഹ്യ ദർശനങ്ങളിലൂടെയും രൂപംകൊണ്ട ഈ കൃതി ലളിതമായ ഭാഷയിലുള്ള ഹ്രസ്വ ലേഖനങ്ങളുടെ സമാഹാരമാണ്. ഇതിലെ വിഷയങ്ങളും ചിന്തകളും നമ്മുടെ മനസ്സിനെ അസ്വസ്ഥമാക്കുക തന്നെ ചെയ്യും. മരുഭൂമിയിലെ വാക്കിന്റെ ദിവ്യ സ്വഭാവം അപ്പോൾ നാം തിരിച്ചറിയും. (ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല. പേജ് 66; വില 75)

- ഫാ. ഡോ. കെ. ഗീവർഗ്ഗീസ് മുട്ടം

■

സാന്ത്വനം കാൻസർ കെയർ

സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, ഗാലയുടെ ജീവകാരുണ്യ പദ്ധതിയായ സാന്ത്വനം നിർധനരായ കാൻസർ രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. കൂടുതൽ പരിഗണന ഓർത്തഡോക്സ് സഭാംഗങ്ങളായ കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും ആണ്.

അപേക്ഷകൾ 2016 നവം. 30-നു മുമ്പ് ലഭിക്കണം. വിലാസം: The Vicar, St. Mary's Orthodox Church, Ghala, Muscat, P.O.Box. 1437, Postal Code: 130, Al Azaiba, Sultante of Oman.

വിശുദ്ധ വേദവായനക്കുറിപ്പ്



മലങ്കര ഓർത്തഡോക്സ് സഭയുടെ വേദവായനക്കുറിപ്പ് പരിഷ്ക്കരിച്ചു. ആണ്ടടക്കമുള്ള ഞായറാഴ്ചകളിലേയും പെരുന്നാളുകളിലേയും വേദവായനകളാണിതിൽ ഉൾക്കൊള്ളുന്നത്.

2016 ഒക്ടോബർ 30 ഞായർ മുതൽ പുതിയ വേദവായനക്കുറിപ്പ് എല്ലാ പള്ളികളിലും പ്രാബല്യത്തിൽ വരുമെന്ന് പ. കാതോലിക്കാ ബാവായുടെ കല്പനയിൽ ആഹ്വാനം ചെയ്തു. ആണ്ടടക്കമുള്ള വേദവായനകളും വി. കൂദാശകളുടെ വേദവായനകളും മറ്റും സന്ദർഭാനുസരണം വിശ്വാസികൾ സ്വന്തമായി വായിക്കുകയും ധ്യാനിക്കുകയും പഠിക്കുകയും ചെയ്യേണ്ടതാകയാൽ പള്ളികളിൽ മാത്രമല്ല, എല്ലാ ഭവനങ്ങളിലും ഇത് പ്രയോജനപ്പെടുത്തേണ്ടതാണ്. ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഫാ. ഡോ. ബി. വർഗീസ്, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, പി. തോമസ് പിറവം എന്നിവർ ഇതിന്റെ എഡിറ്റിംങ്ങിൽ വിവിധ തരത്തിൽ സഹായിച്ചിട്ടുണ്ട്. എം.ഒ.സി. പബ്ലിക്കേഷന്റെ കോട്ടയം, പരുമല ബുക്ക് ഹൗസുകളിൽ വേദവായക്കുറിപ്പിന്റെ കോപ്പി ലഭ്യമാണ്. പേജ്-180, വില: 60 രൂപ.

പവിത്ര സ്മൃതി മംഗല്യനിധി പദ്ധതി പ്രകാരം 75 വിവാഹങ്ങൾ നടത്തിയ ശേഷമുള്ള തുക പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാക്കു പദ്ധതി ജനറൽ കൺവീനർ ഫാ. ഡോ. റ്റി. ജെ. ജോഷ്വ കൈമാറുന്നു. ഡോ. ജേക്കബ് മണ്ണുംമൂട്, പദ്ധതി കൺവീനർ ഫാ. തോമസ് കുര്യൻ മരോട്ടിപ്പുഴ, ജോർജ് വർഗീസ് നെടുമാവ്, ബിജു പി. ചെറിയാൻ എന്നിവർ സമീപം.

DOCTORATE



ഗോവ സർവ്വകലാശാലയിൽ നിന്നും മറൈൻ സയൻസിൽ പി.എച്ച്.ഡി. നേടിയ ഡോ. ജെൻസൺ വി. ജോർജ്.
മാവേലിക്കര ഭദ്രാസനത്തിൽ കല്ലുവളയം സെന്റ് തോമസ് പള്ളിയിൽ വിളയിൽ വി. കെ. ജോർജിന്റെയും കെ.ജി. സാറാമ്മയുടെയും മകൻ.

BRIDE GROOM WANTED

Orthodox parents invites proposals for their daughter 26/168, M.Tech, working as Deputy Engineer in a Public Sector Company, Banglore. B.Tech/M.Tech Boys in Banglore are prefered.

Contact :
7025707611

BRIDE GROOM WANTED

Orthodox parented invites proposal for their daughter 28/158 working in Saudi Arabia, B.Sc Nurse, requires professionally qualified and well employed Orthodox boys, preferably from USA, UK, Australia or Ireland. Coming on leave in last week of December.

Contact : 0481-2465053, 9495620732

M4 ID - 4245179

BRIDE GROOMWANTED

Alliances are invited for an orthodox girl, B.Sc. nurse working in Florida, U.S.A., 28 years, 167 cm. Computer Engineers or Nursing graduates are preferred only.

Contact: 9446071411
E-mail: joy.mathai@yahoo.com

7-ാം ചരമ വാർഷികം
05-09-2016

റവ. ഫാ. പി. ജോർജ്
വല്ലൂഴികത്ത് പുത്തൻവീട്
ഭരണിക്കാവ് തെക്ക്, കറ്റാനം

"ആചാര്യേശാ! മശിഹാ! കൂദാശകളർപ്പിച്ചോരീ-
യാചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം"

എന്ന്

സന്തപ്ത കുടുംബാംഗങ്ങൾ

BRIDE GROOM WANTED

ബാംഗ്ലൂർ എം.എൻ.സി. യിൽ ജോലിയുള്ള 25 വയസുള്ള വധുവിന് വിവാഹ ആലോചന ക്ഷണിക്കുന്നു. (5'2", B.E, MBA). ബാംഗ്ലൂരിൽ ജോലിയുള്ള ഉന്നത ബിരുദധാരികൾക്ക് മുൻഗണന.

Contact:
09964568939, 0821-262837

BRIDEGROOM WANTED

ആർമിയിൽ നേഴ്സായി ലക്നോവിൽ ജോലിയുള്ള വധു (26). കേന്ദ്ര സർവ്വീസിൽ ജോലിയുള്ള ദൈവഭയമുള്ള ഓർത്തഡോക്സ് യുവാക്കൾക്ക് മുൻഗണന. ESI, AIMS തുടങ്ങിയ ആശുപത്രിയിൽ ജോലി ചെയ്യുന്ന Male Nurse നെയും പരിഗണിക്കും.

Contact:
7025707672

മലങ്കരസഭ മാസിക വരിസംഖ്യ

ഒറ്റപ്രതി	: ₹ 15	13 ലക്കം	: ₹ 200
ഒരുവർഷം	: ₹ 180	രണ്ട് വർഷം	: ₹ 360
6 വർഷം	: ₹ 1000	വിദേശത്തേക്ക്:	
		ഒരു വർഷം	: ₹ 2000

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477

ഉപകാരസ്മരണ



അടൂർ കണ്ണംകോട് സെ. തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന വേദരത്നം വന്ദ്യ ദിവ്യശ്രീ. കായംകുളം ഫിലിപ്പോസ് റമ്പാച്ചന്റെ മദ്ധ്യസ്ഥത പ്രാർത്ഥനയിൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

ഒരു വിശ്വാസി, അടൂർ

മലബാർ സോൺ സൺഡേസ്ക്കൂൾ ജൂണിയർ വിഭാഗം സമൂഹഗാനത്തിന് ഒന്നാം സ്ഥാനം നേടിയ മീനങ്ങാടി സെ. പീറ്റേഴ്സ് വലിയ പള്ളിയിലെ മിൽക്കാ മറിയം മാത്യു, ശ്രേയാ സജി, ഗ്രീനാ തോമസ് എന്നിവർ.

സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം



ഒരു പഴക്കച്ചവടക്കാരനുണ്ടായിരുന്നു. അയാൾക്ക് സൂത്രശാലിയായ ഒരു കുറുക്കനുണ്ടായിരുന്നു. കുറക്കനാണ് കടയിൽ കാവൽ നിന്നിരുന്നത്. പുറത്തേക്ക് പോകുമ്പോഴൊക്കെ കച്ചവടക്കാരൻ കുറുക്കനോട് പറയും "സൂക്ഷിക്കണെ എന്റെ സീറ്റിലിരുന്ന് എല്ലാം ശ്രദ്ധിച്ച് കൊള്ളുക. ചുറ്റുപാടും നടക്കുന്നതെല്ലാം സൂക്ഷിക്കുക. ആരേയും ഇങ്ങോട്ട് കടത്തിവിടരുത്; ഒന്നും മോഷ്ടിക്കാൻ അനുവദിക്കരുത്. ആരെങ്കിലും മോഷണത്തിന് ശ്രമിക്കുകയാണെങ്കിൽ ഒച്ചയുണ്ടാക്കണം ഞാനുടനെ എത്തിക്കൊള്ളാം".

ഒരു ദിവസം മുല്ല നസ്രുദീൻ അതിലെ കടന്ന്പോവുകയായിരുന്നു കടയുടമ കുറുക്കനോട് പറയുന്നതൊക്കെ അദ്ദേഹം കേട്ടു. മുല്ലയ്ക്ക് ഹരമായി ഒന്ന് പരീക്ഷിച്ചാലോ എന്ന് അദ്ദേഹം നിശ്ചയിച്ചു. കടയുടമ പതിവ് പോലെ വീട്ടിലേക്ക് കയറിപ്പോയി. മുല്ല നസ്രുദീൻ കുറുക്കന്റെ ശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ കടയുടെ മുമ്പിൽ വന്ന് അവിടെയിരുന്ന് ഉറക്കം വരുന്നത്പോലെ ഭാവിച്ചു. കണ്ണടച്ചു. ഗാഢ നിദ്രയിലായത് പോലെ അഭിനയിച്ചു.

അദ്ദേഹത്തിന്റെ ഈ ഉറക്കം കുറുക്കനെ സംബന്ധിച്ച് വലിയ തലവേദനയായി. അദ്ദേഹം കടയിലേക്ക് അതിക്രമിച്ച് കടന്നിട്ടില്ല. ഒന്നും മോഷ്ടിച്ചിട്ടുമില്ല. ഒരു നിമിഷം കുറുക്കൻ ആലോചിച്ച് പോയി. എന്ത് ചെയ്യണം? ഞാൻ ഒച്ച വെക്കണോ? പക്ഷെ ഉറക്കം ഒരു അതിക്രമ പ്രവർത്തിയല്ലല്ലോ. യജമാനൻ പറഞ്ഞിരിക്കുന്നത് അതിക്രമമോ മോഷണമോ നടക്കുന്നെങ്കിൽ അറിയിക്കണം ഒച്ച വെക്കണം എന്നാണ്. ഉറങ്ങുന്നയാൾക്ക് എന്ത് അതിക്രമം ചെയ്യാനാകും? എന്ത് മോഷ്ടിക്കാനാണ്? ആയത് കൊണ്ട് ഒച്ച വച്ച് യജമാനനെ അറിയിക്കേണ്ടതില്ല എന്ന് കുറുക്കൻ തീരുമാനിച്ചു. എന്നാൽ മുല്ല ഉറക്കം നടിക്കുകയാണ് എന്ന് പാവം കുറുക്കനറിയില്ലായിരുന്നു. ഉറങ്ങുന്ന മുല്ലയെ ശ്രദ്ധാപൂർവ്വം വീക്ഷിച്ച് കൊണ്ടിരുന്ന കുറുക്കന് ഉറക്കത്തിന്റെ സ്വാധീനമുണ്ടായി. പതിയെ കുറുക്കനും ഉറങ്ങാൻ തുടങ്ങി കുറുക്കൻ ഉറങ്ങി എന്ന് ബോധ്യമായപ്പോൾ മുല്ല പഴങ്ങളെല്ലാം കവർന്നെടുത്തു കടന്നുകളഞ്ഞു. യജമാനൻ വന്നപ്പോൾ പഴങ്ങളെല്ലാം നഷ്ടപ്പെട്ടിരുന്നു. കുറുക്കൻ കൂർക്കം വലിച്ചുറങ്ങുന്നു. അയാൾ കുറുക്കനെ കുലുക്കിയുണർത്തി. എന്ത് പറ്റി? ചുറ്റുപാടും എന്തെങ്കിലും നടക്കുകയാണെങ്കിൽ ഒച്ചയുണ്ടാകണം എന്ന് ഞാൻ പറഞ്ഞിരുന്നില്ലേ നീ ഒരു ഒച്ചയും ഉണ്ടാക്കിയില്ലല്ലോ?

കുറുക്കൻ പറഞ്ഞു. ഇവിടെ ഒരു കാര്യവും നടന്നിട്ടില്ല. ഒരാൾ വന്നു. അയാൾ കടയുടെ മുൻവശത്തിരുന്നുറങ്ങുവാൻ തുടങ്ങി. ഉറക്കം ഒരു പ്രവർത്തിയാണോ? അഥവാ ഒരു അതിക്രമിച്ച് കടക്കലോ മോഷണമോ അല്ലല്ലോ? ഞാൻ അയാളെ നന്നായി നിരീക്ഷിക്കുകയായിരുന്നു. അയാളുടെ ഉറക്കത്തെ സസൂഷ്മം ശ്രദ്ധിക്കുകയായിരുന്നു. കടയുടമ ചോദിച്ചു "പിന്നെ നിനക്ക് എന്ത് പറ്റി?" കുറുക്കൻ പറഞ്ഞു "അത് എനിക്കറിയില്ല, എനിക്കെന്ത് പറ്റിയെന്ന്? അയാൾ ഉറങ്ങുന്നത് നോക്കിയിരുന്നപ്പോൾ എനിക്കും ഉറക്കം വന്നു. ഉണർന്നിരിക്കാൻ സാധ്യമായിരുന്നില്ല. എപ്പോഴാണ് ഉറങ്ങിപ്പോയതെന്നെനിക്കറിയില്ല."

നാമെല്ലാം ദൈനംദിനം ഇത്തരം ചില ആലസ്യങ്ങളോട് ചേർന്ന് അനുയാത്ര ചെയ്യുന്നവരാണ്. മയക്കത്തിലായിരുന്ന ആളുകളുടെയിടയിൽ നാം ആയിരിക്കുമ്പോൾ ഉറക്കത്തിന്റെ തരംഗങ്ങൾ നമ്മിലേക്ക് കടന്നുവരുന്നത് കാണാം. എല്ലാ പരിസ്ഥിതികളും നമുക്ക് സ്വാധീന ശക്തിയായി മാറാറുണ്ട്. സ്നേഹവും, സന്തോഷവും, വിചാരവും, വികാരവും എല്ലാം ഒരാളിൽ നിന്ന് മറ്റൊരാളിലേയ്ക്ക് സ്വാധീന ശക്തിയാവാറുണ്ട്. പ്രണയവും, ഭക്തിയും, ധ്യാനവും, മനനവും, ഇങ്ങനെ സ്വാധീനമാവാറുണ്ട്, പ്രകൃതിയും, സൗന്ദര്യവും, ജാഗ്രതയും വലിയ സ്വാധീനമാവാറുണ്ട്. സ്വാധീനങ്ങൾ ഏതാണെങ്കിലും നമ്മെ ലക്ഷ്യത്തിലേക്ക് നയിക്കാൻ ഉപകരിക്കുന്നില്ലെങ്കിൽ അത് അപകടമായിത്തീരും. ഒരു സ്വാധീനവുമില്ലാതെ ആർക്കും അവരുടെ ജീവിതത്തെ നേരിടാനാവുന്നില്ല. ലൗകീകരെ ലൗകീകമായ പലതും സ്വാധീനിക്കുന്നു അവർ അതിൽ ആനന്ദത്തിലാകുന്നു. ആത്മീയർ ആത്മാവിന് അനുബന്ധമായവയുടെ സ്വാധീനത്തിലാകുന്നു. അത് അവരെ ആനന്ദിപ്പിക്കുന്നു. നമ്മുടെ ചിന്താതലം, മതബോധം, വിശ്വാസവേലിയേറ്റങ്ങൾ, വൈകാരിക പ്രതികരണങ്ങൾ, സൗന്ദര്യാഭിമുഖ്യം, ഇച്ഛാശക്തി, സാംസ്കാരികതലം. ഇവയൊക്കെ നമ്മുടെ പരിസര സ്വാധീനങ്ങളിലൂടെ സംഭവിച്ചതാണ്. ഈ സ്വാധീനങ്ങൾ നമ്മുടെ വിലപ്പെട്ട മുല്ല്യങ്ങളെ അപഹരിക്കാനാകരുത്. നമ്മെ ശ്രേഷ്ഠ മൂല്യങ്ങളിലേക്ക് നയിക്കുവാനാകണം.

നാം ഈ ഭൂമികയിലേക്ക് കണ്ണ് തുറന്ന അന്ന് മുതൽ എത്ര സ്വാധീനങ്ങളുടെ വേലിയേറ്റങ്ങളിലൂടെയാണ്. നമ്മുടെ യാനം ഉണ്ടായിട്ടുള്ളത്..? എത്ര അപഥസഞ്ചാരത്തിന്റെ പാതകൾ? മനം മടുത്ത ദുഷിപ്പുകൾ വീണ്ടും വീണ്ടും... ആർത്തി പൂണ്ട വായ്കളും കണ്ണുകളുമൊക്കെ രസിച്ചിരുന്ന നേരത്തെ ആലസ്യങ്ങൾ... ആസക്തികൾ... ഇന്ദ്രിയങ്ങൾ യാതൊരു കടിഞ്ഞാണുമില്ലാതെ ശരവേഗം പ്രാപിച്ച ആക്രന്ദനങ്ങൾ... ആഘോഷങ്ങൾ.

> അങ്ങനെ കണ്ണ് കണ്ടതും, ചെവികേട്ടതും, നാവ് രുചിച്ചതും, വികാരത്തള്ളിച്ചയുണ്ടായതും, ചിന്ത കാട് കയറിയതും, തൊലി തിടമ്പ് കാട്ടിയതുമൊക്കെയായ അപഥവഴികളുടെ ആത്മഹത്യാ മുനമ്പിലാണെന്ന് നാം തിരിച്ചറിയുമ്പോൾ ദൈവം ചോദിക്കുകയാണ് "നീ എവിടെ?" "ഏൽപ്പിച്ചവനോട് ഉത്തരമില്ലാതാകുന്നത് ഒരു ദുരന്തമാണ്. ഏൽപ്പിച്ചത് നഷ്ടമായിപ്പോയത് ഒരു തകർച്ചയാണ്. ഏൽപ്പിച്ചവൻ വരുന്നത് വരെ ആലസ്യത്തിലായിപ്പോകുന്നത് മരണവുമാണ്. അവൻ നമ്മെ അറിയായ്മയുടെ കാലത്തിലേക്ക് തള്ളിയിടുന്നത് നമുക്ക് നേരേയുള്ള അവസാന കൊട്ടിയടയ്ക്കലാണ്

E-mail: fr.thirumangalam@gmail.com



വെളിപ്പാട് പുസ്തകം

■ ഫാ. മാത്യു വറുഗീസ് പുളിമൂട്ടിൽ

മർത്തമറിയം വനിതാ സമാജത്തിന്റെ 2016-ലെ കേന്ദ്ര പരീക്ഷയ്ക്കുള്ള പഠന സഹായിയും വേദബോധനവും

വെളിപാട് പുസ്തകം 2, 3 അദ്ധ്യായങ്ങളിൽ വി. യോഹന്നാൻ ആസ്യയിലെ 7 സഭകൾക്ക് നൽകുന്ന സന്ദേശമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സഭകൾക്ക് സന്ദേശം നൽകുമ്പോൾ പൊതുവായ 5 കാര്യങ്ങൾ എല്ലാ സന്ദേശങ്ങളിലും കാണാം. 1. സഭയുടെ ദൂതന് സന്ദേശം എഴുതുവാനായിട്ടാണ് യോഹന്നാനോടു ആവശ്യപ്പെടുന്നത്. 2. യേശുവിനെകുറിച്ച് ഒരു ചെറു വിവരണവും തലക്കെട്ടും നൽകുന്നു. 3. സഭയുടെ തൽസ്ഥിതി പ്രശംസയോടും ഭർത്സനത്തോടും *ഞാൻ അറിയുന്നു* (I know) എന്ന പ്രസ്താവ്യത്തോടുകൂടി വിശദീകരിക്കുന്നു. 4. ആവശ്യമായ ഉപദേശങ്ങൾ അഥവാ പ്രബോധനങ്ങൾ നൽകുന്നു. 5. ജയിക്കുന്നവന് ലഭ്യമാകുന്ന വാഗ്ദാനം വ്യക്തമാകുന്നു.

എഫേസൂസ് സഭ (2:1-7)

എ.ഡി. 53-56 കാലഘട്ടത്തിൽ വി. പൗലോസ് സ്ഥാപിച്ച സഭയാണ്. യോഹന്നാൻ ശ്ലീഹായും വി. കന്യകമറിയാമും എഫേസൂസിൽ ജീവിച്ചിരിന്നു. ഓർത്തഡോക്സ് വിശ്വാസവും ധാർമ്മികതയും കാത്തുസൂക്ഷിച്ചവരായിരുന്നുവെങ്കിലും ദൈവസ്നേഹവും പരസ്പരസ്നേഹവും കുറഞ്ഞുവന്നു. ദുരുപദേഷ്ടാക്കളുടെ നുഴഞ്ഞു കയറ്റം കാരണം സഭയ്ക്കു പ്രതിസന്ധി ഉണ്ടായി (2 കൊരി. 11:11-23) എങ്കിലും അവർ അതിനെ അതിജീവിച്ചു. ഇവിടെ പരാമർശിക്കുന്ന നിക്കലോവ്യർ ആദ്യകാലത്തുണ്ടായിരുന്ന 7 ശെമ്മാശന്മാരിൽ ഒരുവനായ നിക്കലോവാസിന്റെ കൂട്ടരാണെന്നാണ് സഭാ പിതാക്കന്മാർ പറയുന്നത്. മാനസാന്തരപ്പെട്ട് ആദ്യ സ്നേഹത്തിലേക്കു വരുന്നവന്, 7 നക്ഷത്രം വലംകയ്യിൽ പിടിച്ച് 7 പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവനായ ക്രിസ്തു ജീവവൃക്ഷത്തിന്റെ ഫലം (ഉല്പ. 2:9) തിന്നുന്നതിന് കൊടുക്കുമെന്ന് പറയുന്നു. ഈ ഫലം ആത്മീയ ഭക്ഷണമാണ്. (1 കൊരി. 10:3) അമർത്യതയുടെ മരുന്നാണ്. ജീവവൃക്ഷമെന്നുള്ളത് കുരിശാണ്. ഈ കുരിശിൽ യേശുവിനോടുകൂടി കുരിശിക്കപ്പെടുമ്പോൾ നിത്യ ജീവനിലേക്കുള്ള പ്രവേശനം സാദ്ധ്യമാകുന്നു. പറുദീസാ എന്നത് സ്വർഗ്ഗമാണ്. (ലൂക്കോ. 23:43, 2 കൊരി. 12:2-4) പുതിയ യറുശലേമാണ്. (വെളി. 21:1-22:5).

സ്മിർന്നായിലെ സഭ (2:8-11)

സ്മിർന്നായിലെ യഹൂദന്മാർ ഭൂരിപക്ഷവും, സ്വാധീനവും ന്യൂനപക്ഷമായ ക്രിസ്തീയ വിശ്വാസികളെ പീഡിപ്പിക്കുകയും ചെയ്തിരുന്നു. 86-ാമത്തെ വയസ്സിൽ രക്തസാക്ഷിയായ വി. പോളികാർപ്പോസ് സ്മിർന്നായിലെ ആദ്യ രക്തസാക്ഷിയായ മഹാപുരോഹിതനാണ്. യഹൂദന്മാരുടെ യുദ്ധകാലത്ത് (എ.ഡി. 66-74) പലസ്തീനിൽ നിന്ന് ഓടിപ്പോയവരും ഗലീലായിൽ നിന്നും യഹൂദായിൽ നിന്നും കുടിയേറി പാർത്തവരുമായ ദരിദ്രരായ ആളുകളായിരുന്നു സ്മിർന്നായിലെ ക്രിസ്ത്യാനികൾ. യഹൂദന്മാരുടെ സുന്നഗോഗ് പിശാചിന്റേതായിരുന്നു. കാരണം യഹൂദൻ എന്ന പേരുണ്ടെങ്കിലും യഹൂദാ മതത്തോടും വിശ്വാസത്തോടും അവിശ്വസ്തരും (റോമ. 2:28,29; യോഹ. 8:31-47) മശിഹായെയും സഭയെയും നിരസിക്കുന്നവരുമായിരുന്നു. (റോമ. 2:28, ഗലാ. 6:15) പീഡകൾ മരണപര്യന്തം സഹിക്കുന്നവന്-ജയിക്കുന്നവന്-മരിച്ചവനായിരുന്നു-വീണ്ടും ജീവിക്കുകയും ചെയ്യുന്ന ആദ്യനും അന്ത്യനുമായ ക്രിസ്തു ജീവന്റെ കിരീടവും (ഫിലി. 3:14, 2 തീമോ. 2:5, 1 പത്രോ. 5:4) രണ്ടാം മരണത്താലുള്ള (ആത്മാവിന്റെ മരണം) ദോഷവും ഉണ്ടാകില്ല.

പെർഗമോസ് സഭ (2:12-17)

ചക്രവർത്തി ആരാധനയുള്ള സഭയായിരുന്നു പെർഗമോസിലെ സഭ. സാത്താന്റെ സിംഹാസനമെന്നു പറഞ്ഞാൽ വിഗ്രഹാരാധനയുടെ ഇരിപ്പിടമായ നഗരം എന്നാണ്. ജീവിച്ചിരിക്കുന്ന ചക്രവർത്തിക്കുവേണ്ടി ആരാധനാലയം പണിത ഏഷ്യയിലെ ആദ്യത്തെ നഗരമാണ് പെർഗമോസ്. പാരമ്പര്യം അനുസരിച്ച് ചക്രവർത്തി ആരാധനയെ എതിർത്ത അന്തിപ്പാസ് എ.ഡി. 92-ൽ രക്തസാക്ഷിയായി. ഈ മരണം അനേകം ക്രിസ്ത്യാനികളെ തങ്ങളുടെ വിശ്വാസം ത്യജിക്കുവാൻ ഇടയാക്കിയിരിക്കണം. ബിലയാം വിഗ്രഹാരാധനയ്ക്കും അധാർമ്മികതയ്ക്കും കൂട്ടുനിന്നവനും അനേകരെ ദൈവത്തിൽ നിന്ന് അകറ്റി

യവനുമാണ് (സംഖ്യാ. 22-24, 2 പത്രോ. 2:15) ഈ ബിലയാമിന്റെ കൂട്ടർ പെർഗമോസിലെ സഭയിലും തെറ്റായ ഉപദേശങ്ങൾ പഠിപ്പിച്ചു. ഈ ഉപദേശങ്ങളെ വിട്ടകന്ന് മാനസാന്തരപ്പെടുന്നവർക്ക്, മൂർച്ചയുള്ള ഇരുവായ്ത്തലയുള്ളവനായ ക്രിസ്തു മറഞ്ഞിരിക്കുന്ന മന്നാ (പുറ. 16:4, യോഹ. 6:31-35) നൽകും. വെള്ളക്കല്ലിൽ പുതിയ പേരും അതായത് ക്രിസ്തുവിനോടൊപ്പം പുതിയ അസ്ഥിത്വവും നൽകും.

തുയത്തരസഭ (2:18-29)

പെർഗമൊസിനു തെക്കുകിഴക്കായി കിടക്കുന്ന വ്യാപാരകേന്ദ്രമാണ് ഈ നഗരം. വസ്ത്രനിർമ്മാണത്തിന് (രക്താബംരം) കീർത്തികേട്ട സ്ഥലമാണ് (അപ്പോ. പ്രവൃ. 16:14) ഇവിടെയെത്തുന്ന വ്യാപാര സംഘങ്ങൾ ക്ഷേത്രങ്ങളിൽ ദേവന്മാരുടെ ബഹുമാനാർത്ഥം സദ്യ നടത്തും. ഒപ്പം വിഗ്രഹാരാധനയും; ഇതിൽ ക്രിസ്ത്യാനികൾ സംബന്ധിക്കാതിരുന്നാൽ സമൂഹത്തിൽ നിന്നും തള്ളപ്പെടും. ഇസബേൽ രാജ്ഞിക്കു സമാനമായി-വിഗ്രഹാർപ്പിതം തിന്നുന്നതിനും, ദുർന്നടപ്പു ആചരിക്കുന്നതിനും ക്രിസ്തീയ വിശ്വാസികൾ വശംവദരായിതീരുന്നു. എന്നാൽ, മാനസാന്തരപ്പെട്ടു വന്നാൽ അഗ്നിജ്വലക്കു ഒത്തകണ്ണും വെള്ളോട്ടിനു സമാനമായ കാലും ഉള്ള ദൈവപുത്രൻ ഉദയനക്ഷത്രം നൽകും. ഉദയനക്ഷത്രം വീനസ് ഗ്രഹമാണ്. എന്നാൽ ദൈവശാസ്ത്രപരമായി ഉദയനക്ഷത്രം ക്രിസ്തു തന്നെയാണ്. (22:16).

സർദ്ദീസിലെ സഭ (3:1-6)

തുയത്തരയിൽ നിന്നും 30 മൈൽ വടക്കുകിഴക്കു ഭാഗത്തുള്ള പട്ടണമാണ്. വേദവിപരീതത്താലോ അധാർമ്മികതയാലോ അല്ല, എ.ഡി. 17-ൽ ഭൂകമ്പത്തിൽ ധാരാളം ജനം മരിച്ചതിനാൽ സർദ്ദീസിലെ സഭയിലും ആളുകൾ കുറവായിരുന്നു. ആയതിനാൽ സർദ്ദീസിലെ സഭയിലെ ശേഷിച്ച ആളുകൾ (ചാവാറായ ശേഷിപ്പുകൾ)ചുറ്റുപാടുമുള്ള പ്രാകൃതരായ ആളുകളുമായി ബന്ധപ്പെടേണ്ടിവന്നു. അതിനാലാണ് ജീവനുണ്ടെങ്കിലും മരിച്ചവനെന്നു പറയുന്നത്. അതായത് ആത്മീയമായി മരിച്ച സ്ഥിതി. (മത്താ. 21:19) സെ. മെലീത്തോ എ.ഡി. 190-ൽ സർദ്ദീസിലെ ബിഷപ്പ് ആയിരുന്നു. ചാവാറായ ശേഷിപ്പുകൾ ശക്തീകരിക്കപ്പെടുമെങ്കിൽ 7 ആത്മാവും 7 നക്ഷത്രവും ഉള്ളവനായ ക്രിസ്തു വെള്ള ഉടുപ്പ് കൊടുക്കുകയും ജീവന്റെ പുസ്തകത്തിൽ പേര് എഴുതുകയും ചെയ്യും. വിശുദ്ധി, വിജയം, സ്നേഹം, പുതിയ ജീവിതത്തിലേക്കുള്ള പ്രവേശനം അമർത്ത്യത, ക്രിസ്തുവിന്റെ വിവാഹവിരുന്നിൽ ലഭിക്കുന്ന സ്ഥാനം (മത്താ. 22:11-14) എന്നിവയെ വെള്ളനിലയങ്കി സൂചിപ്പിക്കുന്നു. നിത്യജീവന് അവകാശികളായവരുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ് ജീവന്റെ പുസ്തകം. (13:8, 17:8, 20:12,15, പുറ. 32:32, ലൂക്കോ. 10:20).

ഫിലാദൽഫിയായിലെ സഭ (3:7-13)

സർദ്ദീസിൽ നിന്നും 30 മൈൽ വടക്കുകിഴക്കുള്ള പട്ടണമാണിത്. സർദ്ദീസിനെപ്പോലെ തന്നെ ഭൂകമ്പത്താൽ തകർക്കപ്പെട്ട മറ്റൊരു പട്ടണമാണ് ഫിലാദൽഫിയ. പ്രാദേശിക സുന്നഗോഗുകളിൽ നിന്ന് പുറത്താക്കപ്പെട്ടവരുമാണ് ഇവിടെയുള്ള വിശ്വാസികൾ. ക്രിസ്തുവിന്റെ മടങ്ങി വരവിനു മുമ്പുള്ള കാലം ക്രിസ്തീയ വിശ്വാസികൾക്ക് ദുരിതവും പരിശോധനകളും ഉണ്ടാകും. (1 യോഹ 2:18, 2 പത്രോ. 3:3-4) എന്നാൽ സഹിഷ്ണുത കാത്തുകൊള്ളണമെന്നുള്ള നിർദ്ദേശം നൽകുന്നു. ജയിക്കുന്നവനു വിശുദ്ധനും, സത്യവാനും, ദാവീദിന്റെ താക്കോലുള്ളവനുമായ (യെശയ്യാ 22:22) ദൈവപുത്രൻ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും. "പുതിയ യരുശലേം" (എഫേ. 1:22) എന്ന പുതിയ പേരും നൽകും.

ലവോദോക്യാ സഭ (3:14-22)

ഫിലാദൽഫിയായിൽ നിന്ന് 40 മൈൽ വടക്കു കിഴക്കുള്ള പട്ടണമാണ്. ബി.സി. 3-ാം നൂറ്റാണ്ടിൽ സിറിയായിലെ അന്തിയോക്കസ് രണ്ടാമൻ തന്റെ ഭാര്യയായ ലവോദിസിന്റെ പേരിൽ സ്ഥാപിച്ച പട്ടണമാണിത്. സ്വർണ്ണം, വസ്ത്രനിർമ്മാണം, കണ്ണിനുള്ള ലേപനം എന്നിവയാണ് ലവോദോക്യയിലെ വ്യവസായങ്ങൾ. ലൗകീക സ്വത്തിൽ തികഞ്ഞവരായിരുന്നുവെങ്കിലും നിർഭാഗ്യവാനും, അരിഷ്ഠനും, ദരിദ്രനും, കുരുടനും നഗ്നനും ആണ് തങ്ങൾ എന്നുള്ള ബോധം അവർക്കില്ലായിരുന്നു. ആയതിനാൽ താൻ ആരാണെന്നും, തൽ സ്ഥിതി ബോധ്യമുള്ളവനും നിർബന്ധം കൊണ്ടല്ല, മാനസാന്തരപ്പെട്ട് വാതിൽക്കൽ മുട്ടിയാൽ വിശ്വസ്തരും സത്യവാനുമായ ആമെൻ എന്നുള്ളവൻ വാതിൽ തുറന്നുകൊടുക്കുകയും അവന്റെ സിംഹാസനത്തിൽ അവനോടുകൂടി ഇരുത്തുകയും, അവനോടു കൂടി അത്താഴം കഴിക്കുകയും ചെയ്യുവാനുള്ള അവസരം നൽകുകയും ചെയ്യും. (ലൂക്കോ. 22:28-30; 13:25-30; മത്തായി 25:1-13). കണ്ണിനുള്ള ലേപനം ലവോദോക്യയിൽ നിർമ്മിച്ചതാണ്. ലേപനം കണ്ണിന്റെ രോഗത്തിനു സൗഖ്യം വരുത്തുന്നതുപോലെ യേശുവിനെക്കുറിച്ചുള്ള സത്യം ലവോദോക്യരുടെ കണ്ണ് ആത്മീക ജീവിതത്തിലേക്ക് തുറപ്പിക്കും. ലവോദോക്യയിൽ നിന്ന് 6 മൈൽ ദൂരത്തുള്ള ഹിരാപോലീസിലെ ചൂടുള്ള ഉറവയിൽ നിന്നും വരുന്ന വെള്ളം ലവോദോക്യായിൽ എത്തുമ്പോഴേക്കും തണുപ്പും ചൂടും നഷ്ടപ്പെട്ട അവസ്ഥയിലും, മാലിന്യങ്ങൾ ഉൾക്കൊള്ളുന്നതുമായ അവസ്ഥയിൽ കുടിക്കുന്നതിന് സാധ്യമല്ലാതെ വരുന്നു. ഇതുപോലെയാണ് സമ്പത്തിന്റെ ആധിക്യത്താൽ ദൈവത്തിൽ നിന്ന് അകന്ന ലവോദോക്യർ ശീതവാനുമല്ല, ഉഷ്ണവാനുമല്ല എന്നു പറയുന്നതിന്റെ വിവക്ഷ.

ചോദ്യങ്ങൾ

1. ഏഴു സഭകൾക്കും നൽകുന്ന സന്ദേശത്തിൽ പൊതുവായി നിഴലിക്കുന്ന 5 കാര്യങ്ങൾ ഏവ?
2. ഏഴു സഭകൾക്കു നൽകുന്ന സന്ദേശം, ക്രിസ്തുവിനെക്കുറിച്ചുള്ള വിവരണം ഇവ വ്യക്തമാക്കുക?
3. ഏഴു സഭകളുടെ ന്യൂനതകൾ എന്തായിരുന്നു?

2-ാം ചരമ വാർഷികം
24-09-2016

 റ്റി. സി. മത്തായി
തിരുതാടിൽ
നീരേറ്റുപുറം പി.ഒ.

പ്രാർത്ഥനാപൂർവ്വം,
പരേതാത്മാവിന് നിത്യ
ശാന്തി നേർന്നുകൊണ്ട്
ഭാര്യ ഏലിയാമ്മ മത്തായിയും
മക്കളും

BIBLE QUIZ - 3

വെളിപാട് പുസ്തകം

■ ഫാ. സൈമൺ ജേക്കബ് മാത്യു

1. സർദ്ദിസിലെ ദൂതനോട് അരുളി ചെയ്യുന്നതാര്
2. ഫിലദെൽഫ്യാ സഭയുടെ ദൂതനോട് അരുളി ചെയ്യുന്നതാര്
3. ലവോദിക്യ സഭയോട് അരുളി ചെയ്യുന്നതാര്
4. സ്വർഗവാതിൽ തുറന്നപ്പോൾ കേട്ട ആദ്യശബ്ദം എന്തായിരുന്നു
5. സിംഹാസനത്തിൽ ഇരിക്കുന്നവന്റെ രൂപം
6. സിംഹാസനത്തിനു ചുറ്റും കണ്ട കാഴ്ച എന്തായിരുന്നു
7. സ്വർഗ സിംഹാസനത്തിനു ചുറ്റുമുള്ള സിംഹാസനങ്ങൾ എത്ര
8. 24 സിംഹാസനങ്ങളിൽ ഇരിക്കുന്നതാര്
9. മൂപ്പൻമാർ തലയിൽ അണിഞ്ഞിരിക്കുന്നത് എന്ത്
10. സിംഹാസനത്തിൽ നിന്നും പുറപ്പെടുന്നത് എന്തെല്ലാം
11. സിംഹാസനത്തിനു മുമ്പിൽ ജ്വലിക്കുന്നതെന്ത്
12. സിംഹാസനത്തിനു മുമ്പിൽ കണ്ട കടലിന്റെ പ്രത്യേകത
13. സിംഹാസനത്തിനു ചുറ്റുമുള്ള ഒന്നാമത്തെ മൃഗം എന്തിന് സദൃശ്യം
14. സിംഹാസനത്തിനു ചുറ്റുമുള്ള രണ്ടാമത്തെ മൃഗം എന്തിന് സദൃശ്യം
15. സിംഹാസനത്തിനു ചുറ്റുമുള്ള മൂന്നാമത്തെ മൃഗം എന്തിന് സദൃശ്യം
16. സിംഹാസനത്തിനു ചുറ്റുമുള്ള നാലാമത്തെ മൃഗം എന്തിന് സദൃശ്യം
17. സിംഹാസനത്തിനു ചുറ്റും കണ്ട ജീവികളുടെ പ്രത്യേകത
18. ചുറ്റുമുള്ള ജീവികൾ പറഞ്ഞു കൊണ്ടിരിക്കുന്നതെന്ത്
19. വെളിപാട് പുസ്തകത്തിൽ ആകെ അദ്ധ്യായങ്ങൾ എത്ര
20. വായിക്കുവാനോ തുറന്നു നോക്കുവാനോ പോലും ആരും യോഗ്യരല്ല എന്ന് കണ്ട പുസ്തകം ഏത്
21. ആ പുസ്തകം തുറക്കുവാൻ തക്കവണ്ണം ജയം പ്രാപിച്ച ഏക വ്യക്തി
22. നാല് ജീവികളുടേയും 24 മൂപ്പന്മാരുടെയും മദ്ധ്യത്തിൽ നിൽക്കുന്ന കുഞ്ഞാടിന്റെ പ്രത്യേകത
23. മൂപ്പൻമാരുടെ കൈവശം ഉണ്ടായിരുന്നത് എന്തെല്ലാം
24. ജനത്തെ ദൈവത്തിനായി വിലയ്ക്കു വാങ്ങിയത് എന്തിനാൽ
25. ഒന്നാം മുദ്ര പൊട്ടിച്ചപ്പോൾ കണ്ട കാഴ്ച

ഉത്തരങ്ങൾ

1.ദൈവത്തിന്റെ ഏഴ് ആത്മാവും ഏഴ് നക്ഷത്രവും ഉള്ളവൻ; 2. വിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോൽ ഉള്ളവനുമായി ആരും അടയ്ക്കാതെ വണ്ണം തുറക്കുകയും ആരും തുറക്കാതെ വണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ; 3. വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ; 4. കാഹളനാദം; 5. സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശ്യം; 6. മരതകത്തോട് സദൃശ്യമായ പച്ചവില്ല്; 7. 24; 8. വെള്ള ഉടുപ്പ് ധരിച്ച മൂപ്പന്മാർ; 9. പൊൻകിരീടം; 10. മിന്നലും, നാദവും, ഇടിമുഴക്കവും; 11. ദൈവത്തിന്റെ ആത്മാക്കളായ 7 ദീപങ്ങൾ; 12. പളുങ്കു പോലത്തെ കണ്ണാടിക്കടൽ; 13. സിംഹം; 14. കാള; 15. മനുഷ്യൻ; 16. കഴുകൻ; 17. ഓരോന്നിനും ആറാറ് ചിറകും, ചുറ്റിലും അകത്തുമായി കണ്ണുകളും; 18. ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവാം ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് രാപകൽ വിശ്രമമില്ലാതെ പറഞ്ഞുകൊണ്ടിരുന്നു; 19. 22; 20. അകത്തും പുറത്തും എഴുത്തുള്ള 7 മുദ്രയാൽ മുദ്രയിടപ്പെട്ട പുസ്തകം; 21. യെഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരും ആയവൻ; 22. ഏഴ് കൊമ്പും സർവ്വഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴ് ദൈവാത്മാക്കൾ ആയ ഏഴ് കണ്ണും ഉള്ള കുഞ്ഞാട്; 23. വീണയും, പ്രാർത്ഥന എന്ന ധൂപവർഗം നിറഞ്ഞ പൊൻകലശവും; 24. അറുക്കപ്പെട്ട കുഞ്ഞാടിന്റെ രക്തത്താൽ; 25. വെള്ളക്കുതിരയും അതിന്മേൽ വില്ലും കിരീടവും പിടിച്ച് ഒരുവനും ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു.

പ്രഭാഷണം

ശബ്ദമില്ലാത്ത അവസ്ഥയാണ് നിശബ്ദത അഥവാ മൗനം. ഇന്നത്തെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിൽ നിശബ്ദമായിരിക്കുവാൻ കഴിയുമോ?. ലോകത്ത് ഒരാൾക്കും നിശബ്ദമായിരിക്കുവാൻ കഴിയില്ല. പ്രപഞ്ചം എത്രയോ ശബ്ദ വൈചിത്ര്യങ്ങൾ നിറഞ്ഞതാണ്. അതി സൂക്ഷ്മമായ ജീവികൾ പോലും വിവിധതര ശബ്ദം പുറപ്പെടുവിക്കുന്നു.

നിശബ്ദത ആപേക്ഷികമാണ്. മാധ്യമങ്ങളുടെ വരവോടെ ശബ്ദം ശക്തിപ്പെടുകയാണ്. സാമൂഹിക മാധ്യമങ്ങളിൽ വിവിധ വിഷയങ്ങളിൽ വ്യത്യസ്ത ശബ്ദം സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഇത്തരം സാഹചര്യത്തിൽ സ്വയം ശബ്ദിക്കാത്ത അവസ്ഥയെ നിശബ്ദതയെന്ന് വ്യക്തമാക്കുകയാണ്. ഭാരതീയ പാരമ്പര്യത്തിൽ അത് മൗനമാണ്. അത് ആനന്ദമാണ്. മൗനത്തിൽ നിന്നും ആനന്ദം കണ്ടെത്തുന്ന പാരമ്പര്യം നിലവിൽ ഉണ്ട്. എന്നാൽ മൗനത്തിന്റെ സാമൂഹികത കൂടി അന്വേഷിക്കേണ്ടതുണ്ട്.

മൗനത്തിന്റെ സാമൂഹികതയിൽ കേൾക്കുവാനും ശ്രദ്ധിക്കുവാനുമുള്ള മനസ് ഉണ്ടാകണം. ദൈനംദിന ജീവിതത്തിലെ തുടിപ്പുകളും പ്രതിസന്ധികളും ശാന്തമായും മൗനമായും സശ്രദ്ധം വീക്ഷിക്കുവാൻ കഴിയുമ്പോഴാണ് മൗനത്തിന്റെ സാമൂഹിക തലത്തിലെ അർത്ഥം ഉൾക്കൊള്ളുവാൻ കഴിയുന്നത്. സാമൂഹിക ജീവിത യാഥാർത്ഥ്യങ്ങൾ വിസ്മരിച്ച് മൗനത്തിന്റെ സൗന്ദര്യം ഉൾക്കൊള്ളുവാൻ പ്രയാസമാണ്.

സമൂഹത്തിൽ എത്രയോ ജീവിതങ്ങളാണ് ഉറങ്ങാതെ, ഉറക്കമില്ലാതെ ജീവിത യാഥാർത്ഥ്യങ്ങളോട് അനുദിനം പോരാടുന്നത്. കുടുംബ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മക്കളുമായുള്ള പ്രതിസന്ധികൾ, നാട്ടിലെ വിവിധ ആവശ്യങ്ങൾ ഇങ്ങനെ എത്രയധികം ആശങ്കകളാണ് ജനപ്രതിനിധി എന്ന നിലയിൽ ഇപ്പോൾ അനുദിനം കേൾക്കേണ്ടി വരിക.

ഏറ്റവും വലിയ പ്രശ്നങ്ങളും പ്രതിസന്ധികളും ശക്തിപ്പെടുന്ന സാഹചര്യങ്ങളിൽ നിശബ്ദമായിരിക്കുന്നതല്ല അഭികാമ്യം. വ്യക്തിയുടെയും സമൂഹ ആശങ്കയുടെയും ആകുലതയുടെയും മുമ്പിൽ മൗനത്തേക്കാൾ ആവശ്യം ക്രിയാത്മകമായ പ്രവർത്തനങ്ങളാണ്. വ്യക്തികളുടെയും കുടുംബങ്ങളുടെയും ആശങ്കകളുടെ മുമ്പിൽ

മൗനത്തിന്റെ സാമൂഹികത

■ വീണാ ജോർജ് എം.എൽ.എ.

നിശബ്ദമാക്കുവാൻ നമുക്ക് അവകാശമുണ്ടോ. അർഹമായ സാന്ത്വനവും പരിചരണവും സഹായവും നൽകുവാൻ ബാധ്യസ്ഥരല്ലേ!

ബഹള പൂരിതമായ ചിന്തകളേയും ഇടപെടലുകളെയും നിയന്ത്രിക്കുവാനും കുറച്ചുകൊണ്ടുവരുവാനും നമുക്ക് കഴിയും. ഇത് ഏറ്റവും ഹ്രസ്വമാകുമ്പോൾ ലഭ്യമാകുന്നതാണ് മൗനം.

മൗനത്തിന്റെ അഗാധതയിൽ എത്തുമ്പോൾ സ്വയം തിരിച്ചറിയുവാൻ കഴിയും. മൗനാവസ്ഥയിൽ വൈകാരിക തലം തീവ്രമായിരിക്കും. ബാഹ്യമായ പലതും നാം നിയന്ത്രിക്കുമ്പോൾ സമൂഹത്തേയും പ്രകൃതിയേയും തിരിച്ചറിയുവാൻ സാധിക്കും. മറ്റുള്ളവരുടെ യഥാർത്ഥ പ്രശ്നങ്ങൾ കേൾക്കുവാനും മനസിലാക്കുവാനും കഴിയും. സഹജീവികളുടെ യഥാർത്ഥ പ്രശ്നങ്ങളിൽ ഇടപെടുവാനും സഹായിക്കുവാനും സാധിക്കും.

കുടുംബ പ്രശ്നങ്ങളും സാമൂഹിക പ്രതിസന്ധികളും ഉണ്ടാകുമ്പോൾ പരസ്പരം മനസിലാക്കുവാനും തിരിച്ചറിയുവാനും കഴിയാതെ വരുന്നതാണ് ഏറ്റവും വലിയ പ്രതിസന്ധി. മറ്റുള്ളവരെ കേൾക്കുവാനും മനസിലാക്കുവാനും അവരുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കുവാനും കഴിയുന്നത് മൗനത്തിന്റെ അർത്ഥപൂർണ്ണമായ സാമൂഹികതയാണ്.

മൗനത്തിന്റെ ആനന്ദാവസ്ഥ തിരിച്ചറിഞ്ഞ പിതാക്കന്മാരുടെ പാരമ്പര്യമാണ് നമുക്കുള്ളത്. ദൈവം, മനുഷ്യൻ, പ്രകൃതി എന്നിവയെ യഥാർത്ഥമായി തിരിച്ചറിയുവാൻ കഴിയുമ്പോൾ മൗനത്തിന്റെ അർത്ഥവും യാഥാർത്ഥ്യവും ഉൾക്കൊള്ളുവാൻ കഴിയും. സാമൂഹിക പ്രതിബദ്ധതയോടെയുള്ള ഇടപെടലുകൾ ഉണ്ടാകുന്നത് അഗാധമായ മൗനത്തിൽ നിന്ന് ഉൾക്കൊള്ളുന്ന ആദ്ധ്യാത്മീകതയിലൂടെയാണ്. സമൂഹത്തേയും പ്രകൃതിയേയും മനുഷ്യരേയും വിസ്മരിച്ചുള്ള മൗനത്തേക്കാൾ അനിവാര്യം സാമൂഹിക യാഥാർത്ഥ്യങ്ങൾ സമഗ്രമായി മനസിലാക്കുവാൻ കഴിയുന്ന മൗനത്തിന്റെ കാഴ്ചപ്പാടുകളാണ്.

വ്യക്തികളുടെയും കുടുംബങ്ങളുടെയും ആശങ്കകളുടെ മുമ്പിൽ നിശബ്ദമാകുവാൻ നമുക്ക് അവകാശമുണ്ടോ. കുടുംബ പ്രശ്നങ്ങളും സാമൂഹിക പ്രതിസന്ധികളും ഉണ്ടാകുമ്പോൾ പരസ്പരം മനസിലാക്കുവാനും തിരിച്ചറിയുവാനും കഴിയാതെ വരുന്നതാണ് ഏറ്റവും വലിയ പ്രതിസന്ധി. മറ്റുള്ളവരെ കേൾക്കുവാനും മനസിലാക്കുവാനും അവരുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കുവാനും കഴിയുന്നത് മൗനത്തിന്റെ അർത്ഥപൂർണ്ണമായ സമൂഹികതയാണ്.

പല സത്യാവസ്ഥകളും അറിയിക്കാതെ മാധ്യമങ്ങൾ മൗനം പാലിക്കുന്ന അവസ്ഥ എന്തുകൊണ്ട് ഉണ്ടാകുന്നു.

ഇന്നത്തെ സാഹചര്യത്തിൽ മാധ്യമങ്ങൾക്ക് സത്യാവസ്ഥ തമസ്ക്കരിക്കുവാൻ കഴിയില്ല. വ്യത്യസ്തങ്ങളായ വാർത്താമാധ്യമങ്ങളും ചാനലുകളും പത്രങ്ങളും നിലവിലുള്ള സാമൂഹിക സംവിധാനമാണ് ഇന്നുള്ളത്. സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനംകൂടി ശക്തമായതിനാൽ സത്യാവസ്ഥ ബോധപൂർവ്വം തമസ്ക്കരിക്കുവാൻ മാധ്യമങ്ങൾക്ക് കഴിയില്ല. ഏതെങ്കിലും ഒരു മാധ്യമത്തിലൂടെ അത് വെളിപ്പെടും.

എല്ലാക്കാര്യങ്ങളിലും ശക്തമായി ഇടപെടുന്ന മാധ്യമങ്ങൾ ദുർബല വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും വേണ്ടത്ര കവറേജ് മുഖ്യധാര വിഷ്വൽ മാധ്യമങ്ങൾ നൽകാറില്ല എന്നത് യാഥാർത്ഥ്യമാണ്.

മാധ്യമ താല്പര്യങ്ങൾക്ക് അനുസൃതമായിരിക്കും വാർത്തയും വിവരണങ്ങളും അതതു ചാനലുകളിൽ അവതരിപ്പിക്കുക. മാധ്യമങ്ങൾ അതിശീഘ്രം വാർത്തകൾ ജനങ്ങളിൽ എത്തിക്കുവാൻ മത്സരിക്കുമ്പോൾ എങ്ങനെ അവയ്ക്ക് മൗനം പാലിക്കുവാൻ കഴിയും. മാധ്യമങ്ങൾ ജനങ്ങളുടെ ശബ്ദമായി തീരുവാൻ ശ്രമിക്കാറുണ്ട്.

(പീരുമേട്ടിൽ നടന്ന ഗൾഫ് റീജിയൻ ഓർത്തഡോക്സ് യുവജനപ്രസ്ഥാനം സമ്മേളനത്തിൽ *മൗനത്തിന്റെ സാമൂഹികത* എന്ന വിഷയത്തിൽ നടത്തിയ ചർച്ചയുടെയും സംവാദത്തിന്റെയും സംക്ഷിപ്തം)

- JTK

മലങ്കരസഭ മാസിക

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം

വായിക്കൂ... വരിക്കാരാകൂ...

0481-2573234

എല്ലാ മാസവും 10-ന് പ്രസിദ്ധീകരിക്കുന്നു.

പ്രീ-പബ്ലിക്കേഷൻ ആരംഭിച്ചു



പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവാ ജീവിതവും ദർശനവും

ഫാ. ഡോ. റ്റി. ജെ. ജോഷ്വ
(ജനറൽ എഡിറ്റർ)

പരിശുദ്ധ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ജീവിതവും സംഭാവനകളും സമഗ്രമായി അപഗ്രഥിക്കുന്ന പ്രൗഢമായ ഗവേഷണ ഗ്രന്ഥം.
പ്രമുഖരുടെ ലേഖനങ്ങൾ, വിശകലനങ്ങൾ, അപൂർവ്വ രേഖകൾ, ചിത്രങ്ങൾ....

പരിശുദ്ധ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായെക്കുറിച്ചുള്ള

സമഗ്രമായ ആധികാരിക ഗ്രന്ഥം

പേജ് 500, വില 300
പ്രീ-പബ്ലിക്കേഷൻ വില
200 രൂപ

ബുക്കിങ്ങ്
മാനേജിംഗ് എഡിറ്റർ
മലങ്കരസഭ മാസിക
ദേവലോകം, കോട്ടയം-686004
ഫോൺ-0481-2573234

പാലിയേക്കര ചുവർചിത്രങ്ങൾ

തിരുവല്ല: ചരിത്രത്തിന്റെ വർണ്ണങ്ങൾ വിരിഞ്ഞ ചുവർ ചിത്രങ്ങൾ പുതുശോഭയുടെ പ്രകാശത്തിലേക്ക്. മലങ്കരസഭയിലെ പുരാതന പള്ളികളിലൊന്നായ തിരുവല്ല പാലിയേക്കര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ മദ്ബഹായിലെ ചുവർ ചിത്രങ്ങളാണു കാലപ്പഴക്കത്തെ തുടർന്നു യഥാർഥ വർണ്ണത്തിൽ തെളിച്ചെടുത്തിരിക്കു ന്നത്. രണ്ടു നൂറ്റാണ്ടോളം പഴക്കമുള്ള ഈ ചിത്രങ്ങൾക്ക് അടുത്ത കാലത്തായി വ്യക്തത കുറഞ്ഞിരുന്നു. മെഴുകുതിരിയുടെയും കുന്തിരിക്കത്തിന്റെയും പുക പിടിച്ചിരുന്നതിനാലായിരുന്നു ഇത്. കൂടാതെ ചില ഭാഗങ്ങൾ അടർന്നുമാറി.

അടർന്നഭാഗം പ്രകൃതിദത്തമായ മിശ്രിതം ഉപയോഗിച്ചു തേച്ചുപിടിപ്പിച്ചു. തേൻ, പഞ്ഞി, പയർ, ഊഞ്ഞാൽ വള്ളി തുടങ്ങിയവ ഉപയോഗിച്ചാണു മിശ്രിതം ഉണ്ടാക്കിയത്. ഇതിനൊപ്പം പഞ്ഞിയും ചേർത്തു ഭിത്തിയിൽ പിടിച്ചിച്ചു. മുന്നൂറോളം അടി വിസ്തീർണ്ണമുള്ള ചുവരാണിത്.

37th Birth and 4th Death Anniversary (16-9-2016)

16-09-1979

16-09-2012

ER. ARUN PAUL THOMAS BTech, MBA

(TATA MOTORS)

Kunnath, Mysore Road
Sulthan Bathery

By Sorrowing Family

11-ാം ചരമ വാർഷികം
15-09-2016

ടി. ജി. ജോർജ്ജ്

ശാന്തിഭവൻ
പത്തനംതിട്ട

സന്തപ്ത കുടുംബാംഗങ്ങൾ

കേരളാ കൗൺസിൽ ഓഫ് ചർച്ചസ്

അടൂർ: കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ പുതിയ ഭരണ സമിതിയിലേയ്ക്ക് മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിക്കുന്നവർ: ഡോ. ജെയ്സി കരിങ്ങാട്ടിൽ (വൈസ് പ്രസിഡന്റ്), ഫാ. തോമസ് വർഗീസ് ചാവടിയിൽ (ഡയലോഗ് കമ്മീഷൻ ചെയർമാൻ), ജിജി ജോൺസൺ, ഡോ. ചെറിയാൻ തോമസ് (എക്സിക്യൂട്ടീവ് അംഗങ്ങൾ).

വിവിധ സംഘടനയിൽ നിന്നും കെ.സി.സി. ഭരണ സമിതിയിൽ എത്തിയ ഓർത്തഡോക്സ് സഭാംഗങ്ങൾ: ജോജി പി. തോമസ് (കറന്റ് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ) ഫാ. ജോമോൻ ജോൺ, മാത്യു ചെറിയാൻ (എക്സിക്യൂട്ടീവ് അംഗങ്ങൾ).

അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ നടന്ന കെ.സി.സി. ത്രൈവാർഷിക സമ്മേളനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്.

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനത്തിൽ, കെ.സി.സി. പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ആന്റോ ആന്റണി എം.പി., ഡോ. ലെബി ഫിലിപ്പ് മാത്യു, പ്രൊഫ. ഫിലിപ്പ് എൻ. തോമസ്, ഫാ. എ.ടി. ഏബ്രഹാം, ഗീവർഗീസ് ബ്ലാഹേത്ത്, റവ.കെ.എസ്. സ്കറിയ, ഡോ. ജെയ്സി കരിങ്ങാട്ടിൽ എന്നിവർ പ്രസംഗിച്ചു.

ദേശീയതയും ബഹുസ്വരതയും എന്ന വിഷയത്തിൽ നടന്ന അസംബ്ലിയിൽ നിരവധി പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഡോ. ഏബ്രഹാം മാർ പൗലോസ്, ഡോ. സഖറിയാസ് മാർ അപ്രേം, കെ.സി.സി. ജനറൽ സെക്രട്ടറി ഫാ. ഡോ. റെജി മാത്യു, പ്രൊഫ. ഡി. കെ. ജോൺ, ഡോ. വർഗീസ് പേരയിൽ എന്നിവർ മുഖ്യ നേതൃത്വം നൽകി.

തുടർച്ചയായി ആറു വർഷം കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രസിഡന്റായി പ്രവർത്തിച്ച ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് കെ.സി.സി.യുടെ ഉപഹാരം പുതിയ പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സമ്മാനിച്ചു. ■

ഡോ. ജെയ്സി കരിങ്ങാട്ടിൽ (വൈസ് പ്രസിഡന്റ്),

ജോജി പി. തോമസ് (കറന്റ് അഫയേഴ്സ്, ചെയർമാൻ),



ഫാ. തോമസ് വർഗീസ് ചാവടിയിൽ (ഡയലോഗ്, ചെയർമാൻ),

മലങ്കരസഭ മാസിക

ഒറ്റപ്രതി : ₹ 15, ഒരുവർഷം : ₹ 180;
രണ്ട് വർഷം : ₹ 360, 4 വർഷം :₹ 700
വിദേശത്തേക്ക്:
ഒരു വർഷം : ₹ 2000

പരുമല സെമിനാരി

പരുമല: പുതിയ ഓഫീസിൽ ഒന്നലധികം കൗണ്ടറുകളും ഇൻഫർമേഷൻ സെന്ററും (0479- 2312202, 2312328) ആരംഭിച്ചു.

ധ്യാനമന്ദിരത്തിൽ താമസിക്കുവാൻ എത്തുന്നവർ (0479- 2312226, 232226) നിർബന്ധമായും വികാരിയുടെ കത്തുമായി എത്തിച്ചേരണം. പരുമല പള്ളിയിൽ എല്ലാ ദിവസവും വി. കുർബ്ബാന ഉണ്ടായിരിക്കും. വെള്ളി, ഞായർ 6.30 -ന് ചാപ്പലിലും 8.30 ന് പള്ളിയിലും വി. കുർബ്ബാന ആരംഭിക്കും. ബുധൻ, വെള്ളി, ശനി ദിവസങ്ങളിൽ ഏഴരയ്ക്കും ബാക്കി ദിവസങ്ങളിൽ ഏഴുമണിക്കും പള്ളിയിൽ വി. കുർബ്ബാന ആരംഭിക്കും.

ബുധനാഴ്ച രാവിലെ 10.30 മുതൽ പള്ളിയിൽ വിശ്വാസ പഠനക്ലാസ്സും വെള്ളിയാഴ്ച 10.30 മുതൽ ധ്യാനവും ആരംഭിക്കും. പരുമല പള്ളിയിൽ എല്ലാദിവസവും വി. മാമോദീസാ ശുശ്രൂഷയ്ക്ക് സൗകര്യം ഉണ്ടായിരിക്കും. വികാരിയുടെ എഴുത്തുമായി മാനേജരെ സമീപിക്കണം.

പ്രീ മാരിറ്റൽ കൗൺസിലിങ്ങിന് പരുമലയിൽ സൗകര്യം ഉണ്ടായിരിക്കുന്നതല്ല.

www.gregoriantv.com

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക ഇന്റർനെറ്റ് വെബ് ചാനൽ

- പരുമല സെമിനാരിയിലെ ആരാധനയും യാമപ്രാർത്ഥനകളും വെബ് ചാനലിൽ ലഭ്യമാണ്.
- പള്ളികളിലെ പ്രധാന പ്രോഗ്രാമുകൾ നിബന്ധനകൾക്ക് വിധേയമായി Live Telecast ചെയ്യും.

ഫാ. എം.സി. കുര്യാക്കോസ്
പരുമല സെമിനാരി മാനേജർ, പരുമല, മാന്നാർ
0479-2310894, 9497112328, 9446606264

Advt.

SITE SUPERVISOR REQUIRED

Diploma in Civil Engineering with minimum 5 years gulf experience in building construction. Age below 55 years preferred. Interested candidates may submit CV to reconstoad@gmail.com on or before 25 September, 2016.

Vicar
St. George Orthodox Cathedral,
Abudhabi. UAE.
Mob. No. 00971506112873

3-ാം ഓർമ്മ (17-08-2016)



അന്നമ്മ ഏബ്രഹാം (88)
കാഞ്ഞിരത്തിൻ മൂട്ടിലായ
പട്ടശ്ശേരിൽ
എന്ന് സന്തപ്ത കുടുംബാംഗങ്ങൾ

In Ever Loving Memory of

SARAMMA THARYAN

30th Death Anniversary
on
6th October 2016



THARYAN THARYAN
(KUNJACHAN)

2nd Death Anniversary
on
15th September 2016

Pariyath, Vellore (Pampady), Kottayam
Children, Grand Children, Great Grand Children

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കാരിക്കോട്ട് നിർമ്മിച്ച പ്രസന്നം മാനസികാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിക്കുന്നു. ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഫാ.സി.എം. കുര്യാക്കോസ് ചേലാട്, മാത്യൂസ് മാർ തേവോദോസിയോസ്, ബ്ലോക്ക് പഞ്ചായത്തംഗം ജാൻസി മാത്യു, ഫാ. ജോസ് തോമസ് പൂവത്തുങ്കൽ തുടങ്ങിയവർ സമീപം.

പരിശുദ്ധ കാതോലിക്കാ ബാവായുടെ സപ്തതി സ്മാരകമായ സ്നേഹസ്പർശം കാൻസർ ചികിത്സാ സഹായ പദ്ധതിയിലേക്ക് ആദ്യ സംഭാവന ഫാ. സി. ജോൺ ചിറത്തലാട്ടിൽ നിന്ന് ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത സ്വീകരിക്കുന്നു. ഫാ. ജോൺ ശങ്കരത്തിൽ, ഫാ. മോഹൻ ജോസഫ്, ഫാ. കുര്യാക്കോസ് മാണി, പി.ആർ.ഒ. പ്രൊഫ. പി.സി. ഏലിയാസ്, എ.കെ.ജോസഫ് എന്നിവർ സമീപം.

അഖില മലങ്കര ക്വിസ്സ് മത്സരവും പ്രബന്ധമത്സരവും 2016 ഒക്ടോബർ 29 ശനിയാഴ്ച

സഭാജ്യോതിസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്തായുടെ ചരമദ്വിശതാബ്ദി ഭാഗമായി അഖില മലങ്കര ക്വിസ്സ് മത്സരവും പ്രബന്ധമത്സരവും സംഘടിപ്പിക്കുന്നു. ഒക്ടോബർ 29-നു ശനിയാഴ്ച കുന്നംകുളത്ത് വെച്ചാണ് ക്വിസ്സ് മത്സരം. പ്രബന്ധമത്സരത്തിന് രചനകൾ തപാലിൽ എത്തിച്ചാൽ മതി.

നിബന്ധനകൾ: ക്വിസ്സ് മത്സരം : ഓർത്തഡോക്സ് സഭാംഗങ്ങളായിരിക്കണം. ഒരു ടീമിൽ പരമാവധി രണ്ട് പേർ. മത്സരവേദി: ദിവന്നാസ്യോസ് നഗർ, മലങ്കര ഹോസ്പിറ്റൽ മൈതാനം, അടുപ്പുട്ടി, കുന്നംകുളം. വിഷയം : സഭാചരിത്രം, ആരാധന, പുതിയനിയമം, പൊതുവിജ്ഞാനം, ആനുകാലികസംഭവങ്ങൾ എന്നീ മേഖലകളിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടായിരിക്കും. പ്രാഥമിക റൗണ്ടിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമേ അവസാന റൗണ്ടിൽ മത്സരിക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ 15ന് മുമ്പ് ഫോൺ ചെയ്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്.

പ്രബന്ധമത്സരം : പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് പ്രഥമൻ - ആധുനിക മലങ്കരയുടെ ശില്പി എന്ന വിഷയത്തിൽ പത്ത് പേജിൽ കവിയാതെ എഴുതി തയ്യാറാക്കിയ പ്രബന്ധം 2016 ഒക്ടോബർ 15 നകം General Convenor, Bishop's House, Arthat, Kunnamkulam 680521 എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ എത്തിക്കേണ്ടതാണ്. പ്രബന്ധങ്ങളുടെ പ്രസിദ്ധീകരണാവകാശം സംഘാടകസമിതിക്കുണ്ടായിരിക്കും.

സമ്മാനങ്ങൾ : ക്വിസ്സ് മത്സരം : 5000, 3000, 2000 രൂപ വീതം ആദ്യ മൂന്ന് സ്ഥാനങ്ങൾക്ക്. പ്രബന്ധമത്സരം : 3000, 2000, 1000 രൂപ വീതം ആദ്യ മൂന്ന് സ്ഥാനങ്ങൾക്ക്.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും : ഓഫീസ് : 04885-223001,
കൺവീനർ : 9447886868 ചെയർമാൻ : 9847346777

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

കോതമംഗലം:- പ. ബസേലിയോസ് യൽദോ ബാവായുടെ 331-ാം ഓർമ്മ, ഒക്ടോബർ 3-ന് കോതമംഗലം ചെറിയ പള്ളിയിൽ.

ചേപ്പാട്:- ഫിലിപ്പോസ് മാർ ദിവന്നാസിയോസ് നാലാമൻ മെത്രാപ്പോലീത്തായുടെ 161-ാം ഓർമ്മ, ഒക്ടോബർ 12-ന് ചേപ്പാട് പള്ളിയിൽ

പെരുനാട്:- യൂഹാനോൻ മാർ അത്താനാസിയോസ് എപ്പിസ്ക്കോപ്പായുടെ 36-ാം ഓർമ്മ, ഒക്ടോബർ 12-ന് പെരുനാട് ബഥനി ആശ്രമത്തിൽ.

കണ്ടനാട്:- മാർ ബസേലിയോസ് ശക്രള്ളാ ബാവായുടെ 252-ാം ഓർമ്മ ഒക്ടോബർ 22-ന് കണ്ടനാട് പള്ളിയിൽ.

8-ാം ഓർമ്മ, 12-09-2016



വന്ദ്യ പി. സി. യോഹന്നാൻ റമ്പാൻ

(വന്ദ്യ പി.സി. യോഹന്നാൻ റമ്പാച്ചന്റെ എട്ടാമത് ഓർമ്മ പെരുന്നാൾ സെപ്റ്റംബർ 12, 13 തിങ്കൾ, ചൊവ്വ തീയതികളിൽ പാമ്പാടി ദയറായിൽ ആഘോഷിക്കുന്നു)

സന്തപ്ത കുടുംബാംഗം

YOUTH DESK



പുനർവായന

അൽവാറീസ് മാർ യൂലിയോസ്

■ എം. തോമസ് കുറിയാക്കോസ്

ഓർത്തഡോക്സ് വിശ്വാസിയുടെ പ്രാർത്ഥനാക്രമത്തിൽ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുന്നിടത്ത് *"നിന്റെ ആടുകളെ പിടിച്ച് ചീന്തുവാൻ ആഗ്രഹിക്കുന്നവരായി കുഞ്ഞാടുകളുടെ വേഷം ധരിച്ച ചെന്നായ്ക്കളെ നശിപ്പിക്കാനുള്ള വായും നാവും പ്രാപ്തിയും അവർക്കു കൊടുക്കണമെ"* എന്നു കാണാം. വൈദികവൃത്തി എന്നത് കേവലം സുവിശേഷ പ്രസംഗങ്ങൾ നടത്താനും, പ്രാർത്ഥനായോഗങ്ങൾക്ക് അദ്ധ്യക്ഷം വഹിക്കാനും വി. കുർബ്ബാന ചൊല്ലുവാനും മാത്രമുള്ള ഒരു തിരഞ്ഞെടുപ്പല്ല. മറിച്ച് വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എതിർക്കേണ്ടതിനെ എതിർക്കാനും തോലുരിക്കേണ്ടതിനെ തോലുരിച്ചു കാട്ടാനുമുള്ള കർത്തവ്യം കൂടിയാണ്.

ആദിമസഭയിൽ പൗരോഹിത്യം ഒരു തിരുത്തൽ ശക്തികൂടി ആയിരുന്നു. വർദ്ധിക്കുന്ന സുഖലോലുപതകൾക്കെതിരായി ശബ്ദമുയർത്തിയ സന്യാസിമാരും, പ്രകടമായ ധൂർത്തും പ്രകടമായ ക്രൈസ്തവതയുള്ളവരുടെ കൊട്ടാരങ്ങളിലേക്ക് വിമർശനശരം എയ്ത മാർ ഈവാനിയോസും, ലാളിത്യത്തിന്റെ പരുക്കൻ വസ്ത്രങ്ങൾ അണിഞ്ഞപ്പോഴും ഘനഗംഭീര നിലപാടുകളെടുത്ത മാർ ബസേലിയോസും ഈ ഗണത്തിൽ ഉൾപ്പെട്ടവരായിരുന്നു. ഈ ആദിമപിതാക്കളുടെ ആത്മാവുമായി ഭാരതത്തിൽ വന്നുപിറന്ന മാണിക്യമായിരിന്നു Antonio Francisco Xavier Alvaris പാദ്രി എന്ന ഇന്ത്യയുടെയും ലങ്കയുടെയും ഗോവയുടെയും മാർ യൂലിയോസ് മെത്രാപ്പോലീത്താ.

മഹാപിതാക്കന്മാരുടെ ആത്മീയതയെ കീറിമുറിച്ചു വിചിന്തനം ചെയ്യുവാനുള്ള യോഗ്യതയോ ശേഷിയോ എനിക്കില്ല. വേദപുസ്തക വാക്യങ്ങൾ അടർത്തിയെടുത്ത് ആത്മീയതയ്ക്ക് ബലം നൽകുവാനും ഇവിടെ മുതിരുന്നില്ല. മാർ യൂലീയോസിന് അതിന്റെ ആവശ്യവുമില്ല. മറിച്ച് ആ പരിശുദ്ധന്റെ രാഷ്ട്രീയ നിലപാടുകളെക്കുറിച്ചും അദ്ദേഹത്തിന്റെ ആനുകാലിക പ്രസക്തിയെക്കുറിച്ചും ചർച്ച ചെയ്യുന്നതായും കൂടുതൽ ഉചിതം.

പോർട്ടുഗീസ് രാജാവിന്റെ *"ദൈവത്തെ ഭയന്ന്"* കയ്യിൽ കിട്ടിയ ദേവതാ രൂപങ്ങളുമായി നാടുവിടേണ്ടി വന്നവരുടെ നാട്ടിലെ സ്വാതന്ത്ര്യദാഹം മനസ്സിലാക്കാൻ ഒരു പക്ഷെ ഭാരതത്തിൽ ജനിച്ചുവളർന്ന നമുക്ക് സാധിച്ചേക്കില്ല. സ്വത്വത്തെയും സംസ്കാരത്തെയും കുറിച്ച് ഊറ്റം കൊള്ളുമ്പോഴും മറ്റൊരുവന്റെ സംസ്കാരത്തെ മനസിലാക്കാനോ അംഗീകരിക്കാനോ നാം തയ്യാറായില്ല എന്നും വരാം. നമ്മുടെ അഹങ്കാരത്തിന്റെ ഈ താൻപോരിമ ഉരിഞ്ഞു കളയാതെ മാർ അൽവാറീസിനെ മനസിലാക്കുക ബുദ്ധിമുട്ടായിരിക്കും.

ലോകം മുഴുവൻ വിശ്വാസങ്ങളുടെ പേരിൽ മനുഷ്യൻ ബലി നൽകപ്പെടുന്ന, ആഗോളവൽക്കരണത്തിന്റെ പേരിൽ, പൈതൃകങ്ങൾ കൂട്ടക്കുരുതി ചെയ്യപ്പെടുന്ന, ഈ കാലഘട്ടത്തിൽ മുമ്പെന്നത്തേക്കാളുമധികം മാർ അൽവാറീസ് ചരിത്രപരമായി പ്രസക്തനാകുന്നു. പ്രത്യേകിച്ചും പൗരസ്ത്യ ചരിത്ര/സംസ്കാര വിദ്യാർത്ഥികൾക്ക്

ഭരണകർത്താക്കൾ ജനങ്ങളുടെ സേവകരാകണമെന്നും. മനുഷ്യരെ കേൾക്കാൻ മനസ്സില്ലാത്തവർ ഭരിക്കാൻ പോകരുത് എന്നും അദ്ദേഹം എഴുതി. ഭരിക്കുന്നത് തമ്പുരാനായാലും പാപ്പയായാലും ജനങ്ങൾക്ക് ദോഷം ചെയ്യുന്നവർ ചോദ്യം ചെയ്യപ്പെടണം എന്ന് താൻ ഉറച്ചു വിശ്വസിച്ചു. ക്രിസ്തുവിന്റെയോ സഭയുടെയോ പേരിലായാലും, കുപ്പായത്തിന്റെയോ വിശ്വാസസംഹിതകളുടെയോ പിൻബലമുണ്ടെങ്കിലും തെറ്റുകാട്ടുന്നവർ എതിർക്കപ്പെടണം എന്നു താൻ ഉദ്ബോധിപ്പിച്ചു. "സംഘർഷങ്ങളൊഴിവാക്കാൻ" അധികാരികൾക്ക് അപ്രിയരാകാതിരിക്കാൻ മൗനം ദീക്ഷിക്കുന്നവരോട് വായതുറന്നു മിണ്ടാൻ പറഞ്ഞതാണ് മാർ അൽവാറീസ് പഠിപ്പിച്ച ഒന്നാമത്തെ പാഠം.

മാർ അൽവാറീസ് തന്റെ അടിസ്ഥാന വിശ്വാസപ്രമാണത്തെ ഒരിക്കലും തള്ളിപ്പറഞ്ഞില്ല. എന്നാൽ കാലഘട്ടത്തിനും ചരിത്രപരമായ ആവശ്യകതകൾക്കുമനുസരിച്ച് തന്റെ പ്രവർത്തനശൈലിയിൽ പുരോഗമനപരമായ മാറ്റങ്ങൾ വരുത്തുവാനും തന്റെ സ്വന്തം നിലപാടുകൾ പോലും തെറ്റെന്നംഗീകരിക്കുവാനും താൻ തയ്യാറായിരുന്നു. തന്റെ ക്രൈസ്തവികതയിലും സംസ്കാരത്തിലും നിലപാടുകളിലും ഉറച്ചുനിൽക്കുകയും അഭിമാനിക്കുകയും ചെയ്തപ്പോഴും, പാപ്പാമതംവിട്ട് ഓർത്തഡോക്സി സ്വീകരിക്കുകയും, Political Absolutism വിട്ട് ലിബറലിസത്തിന്റെ ഭാഷയിൽ സംസാരിച്ചു തുടങ്ങുകയും ചെയ്തതുവഴി ബാഹ്യ പ്രതീകങ്ങളെക്കാൾ ആന്തരീക അർത്ഥതലങ്ങൾക്കും അടിസ്ഥാന വിശ്വാസപ്രമാണങ്ങൾക്കുമാണ് പ്രാധാന്യം എന്നും, തെറ്റു മനസ്സിലാക്കി തിരുത്തുന്നിടത്താണ് മനുഷ്യ

ത്വത്തിന്റെ സത്തയെന്നും അദ്ദേഹം പറയാതെ പറഞ്ഞുവച്ചു. മാർ അൽവാറീസ് തന്റെ വിശ്വാസമോ പാരമ്പര്യമോ അല്ല തള്ളിപ്പറഞ്ഞത്, അവയുടെ പേരിൽ നടക്കുന്ന യൂറോപ്യവൽക്കരണത്തെയും സ്വാതന്ത്ര്യധ്വംസനത്തേയും ദുർഭരണത്തെയുമാണ്. ലക്ഷ്യത്തോടൊപ്പം തന്നെ ആ ലക്ഷ്യത്തിലേക്കുള്ള മാർഗത്തിനും പ്രാധാന്യമുണ്ട് എന്നു മാർ അൽവാറീസ് കാട്ടിത്തന്നു. വിശ്വാസസംഹിതകൾ കൊലക്കളമാകുന്ന ഇന്നത്തെ ലോകത്തിൽ ഇതിനാൽത്തന്നെ മാർ അൽവാറീസിന് അതീവ പ്രാധാന്യം ഉണ്ടാകുന്നു.

ജനിച്ച നാടിനോടും, വളർന്ന സംസ്കാരത്തോടും, കൂടെനടക്കുന്ന ജനങ്ങളോടും എല്ലാവർക്കും ഉത്തരവാദിത്വമുണ്ട് എന്ന് താൻ ഉറച്ചു വിശ്വസിച്ചു. ഗോവയെ ജീവനോടു തുല്യം സ്നേഹിച്ച മാർ അൽവാറീസ് അവിടെ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുകയും, കുട്ടികളെ ഫ്രഞ്ച് പഠിപ്പിക്കുകയും ചെയ്തതിനൊപ്പംതന്നെ എല്ലാവരും കൊങ്കിണി പഠിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വാചാലനുമായിരുന്നു. എല്ലാ അർത്ഥത്തിലും ഒരു വിപ്ലവകാരി ആയിരുന്ന മാർ അൽവാറീസ് ഗോവക്കാരോട് എല്ലാവർക്കും ഭക്ഷണം ലഭിക്കാൻവേണ്ടി അവരുടെ ഭക്ഷണശീലവും കൃഷിരീതിയും പരിഷ്കരിക്കുവാനും, വീഞ്ഞിനോടും ഇറക്കുമതി ചെയ്ത ഭക്ഷണത്തിനോടുമുള്ള അത്യാസക്തി ഉപേക്ഷിക്കുവാനും, കപട ആത്മീയതയും പ്രകടനപരതയും പെരുന്നാളുകളുടെ പേരിലുള്ള പാഴ്ചിലവുകളും ഇല്ലാതാക്കാനും ആഹ്വാനം ചെയ്തു.

തന്നെ വിശ്വസിച്ചു കൂടെനിന്നവർക്ക് ഭക്ഷണത്തിനായി പഴകിപ്പറിഞ്ഞ കാസക്കും ധരിച്ച് കൈയ്യിൽ ഭിക്ഷാപാത്രവുമായി ഇറങ്ങേണ്ടിവന്ന മാർ അൽവാറീസ് മെത്രാപ്പോലീത്ത നമ്മെ പഠിപ്പിക്കുന്ന മൂന്നാമത്തെ പാഠം എല്ലാ വ്യക്തിത്വബോധങ്ങളും ആത്യന്തികമായി ലക്ഷ്യം വെക്കേണ്ടത് സമത്വമാണെന്നും അതിന് നാമൊക്കെ ചില ആഡംബരങ്ങൾ വേണ്ടായെന്നുവെക്കേണ്ടിവരും എന്ന വളരെ പഴയ - എന്നാൽ നാം എല്ലാവരും മറന്നു തുടങ്ങിയ - ഒരാശയമാണ്.

മാർ അൽവാറീസ് പഠിപ്പിക്കുന്ന നാലാമത്തെ പാഠം ഒരു വൈദികൻ തനിക്കോ സഭക്കോ ഉള്ളവനല്ല സമൂഹത്തിനുള്ളവനാണ് എന്നതാണ്. ഭക്ഷണത്തെക്കുറിച്ചും കൃഷിയെക്കുറിച്ചും അന്താരാഷ്ട്രബന്ധങ്ങളെക്കുറിച്ചും മാർ അൽവാറീസ് എഴുതി. അവക്കുള്ള മാർഗ്ഗനിർദേശങ്ങൾ നൽകി. കോളറ പടർന്നുപിടിച്ച കാലത്ത് വീടുകളിൽ പോയി രോഗികളെ ശുശ്രൂഷിച്ചു. അനാഥരെ കബറടക്കി. ഗോവയിലെ അനുഭവങ്ങൾവച്ച് ശ്രീലങ്കയ്ക്കുവേണ്ടി കോളറ വന്നാൽ പാലിക്കേണ്ട മാർഗ്ഗനിർദേശങ്ങൾ എഴുതി. എഴുത്തും, പറച്ചിലും പ്രവർത്തനത്തോടു കൂടിയാകണം എന്ന് അദ്ദേഹം കാട്ടിക്കൊടുത്തു.

ഒരു പൗരസ്ത്യ ചരിത്ര പഠിതാവിന് അല്ലെങ്കിൽ സംസ്കാരങ്ങളെ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് മാർ അൽവാറീസ് ഒരു പാഠപുസ്തകമാണ്. സ്വന്തം പൈതൃകങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ടുതന്നെ ഏങ്ങനെ അന്താരാഷ്ട്ര പൗരനായി വർത്തിക്കാം എന്ന ആധുനിക ലോക രാഷ്ട്രീയത്തിലെ കടങ്കഥയുടെ ജീവിച്ചിരുന്ന ഉത്തരമായിരുന്നു അദ്ദേഹം. ഗോവാ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ ഗാന്ധിജിയോടു കിടപിടിക്കുന്ന ഒരു മഹാൻ.

ഒരു മലങ്കര നസ്രാണിയെ സംബന്ധിച്ചിടത്തോളം തിരിച്ചറിവുകളിലേക്കുള്ള വാതിലാണ് മാർ യൂലിയോസിന്റെ ഓർമ്മ. എല്ലാ സംസ്കാരങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് അതിനോടൊപ്പം വളരാനുള്ള ഓർത്തഡോക്സിയുടെ വിശാലതയാണ് അദ്ദേഹത്തെ "നമ്മിലൊരാൾ" ആക്കിയത്. ഇന്നു മലങ്കര നസ്രാണിക്കു കൈമോശം വരുന്നതും അതുതന്നെയാണ്. കൈമോശം വന്നുപോകുന്ന നന്മകളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് നമുക്ക് അൽവാറീസ് മാർ യൂലീയോസ്. ■

OCTOBER - 2
സെമിനാരി ദിനം

കോട്ടയം: മലങ്കരസഭയിലെ എല്ലാ പള്ളികളും സെമിനാരി ദിനമായി ഒക്ടോബർ രണ്ട് ഞായറാഴ്ച ആചരിക്കണമെന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പള്ളികൾക്ക് അയച്ച കല്പനയിൽ ആഹ്വാനം ചെയ്തു. അന്നേ ദിവസം കോട്ടയം-നാഗ്പ്പൂർ സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും കവർ പിരിവ് വിജയിപ്പിക്കുകയും ചെയ്യണം. ഒരു വിദ്യാർത്ഥിയുടെ വാർഷിക ചെലവായ 30,000 രൂപാ നൽകിയും പ്രിയപ്പെട്ടവരുടെ പേരിൽ സ്ഥിരം എൻഡോവ്മെന്റുകൾ ഏർപ്പെടുത്തിയും പ്രത്യേകം സംഭാവനകൾ നൽകിയും സെമിനാരിയുടെ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങൽ നൽകാമെന്ന് ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ് പറഞ്ഞു.

സംഭാവനകളും സെമിനാരിദിന പിരിവും കാണിക്കയും The Principal, Orthodox Theological Seminary, P.B. No. 98, Kottayam-686001 എന്ന വിലാസത്തിൽ അയയ്ക്കണം.

സവിശേഷ കാർഡ്

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്താമാർക്കും വൈദികർക്കും വേണ്ടി ക്യൂ. ആർ. കോഡ് സാങ്കേതിക വിദ്യയിൽ തയ്യാറാക്കിയിട്ടുള്ള സഭയുടെ സവിശേഷ തിരിച്ചറിയൽ കാർഡിന്റെ വിതരണ ഉദ്ഘാടനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. ആദ്യ കാർഡ് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ പരിശുദ്ധ കാതോലിക്കാ ബാവായിൽ നിന്നും ഏറ്റുവാങ്ങി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായ സമിതിയാണ് സഭാ ചരിത്രത്തിൽ ആദ്യമായി ഇത്തരത്തിൽ സവിശേഷ കാർഡ് തയ്യാറാക്കിയത്. വൈദികർക്കായുള്ള കാർഡ് വൈദിക സംഘം വഴി ഭദ്രാസനങ്ങളിൽ വിതരണം ചെയ്യും. വൈദികരുടെ പ്രാഥമിക വിവരങ്ങൾ വെബ്സെറ്റിൽ കൂടി ക്യൂ. ആർ കോഡ് സാങ്കേതികവിദ്യയിൽ ഡീ-കോഡ് ചെയ്യാൻ സാധിക്കും.



വേദബോധനം

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം

Breaking The Word

2016 *സെപ്റ്റംബർ 25*

സ്ലീബാ പെരുന്നാളിന് ശേഷം
രണ്ടാം ഞായർ
വി: മത്താ. 16:5–12

ഗലീലാ തടാകത്തിന്റെ മറുകരയിൽ, അപ്പം കൊണ്ടു വരാതിരുന്ന ശിഷ്യസമൂഹത്തോടുള്ള ബോധനമാണ് ഈ വേദപരിച്ഛേദം. *'പുളിച്ച മാവ് സൂക്ഷിച്ച് കൊൾവിൻ'* എന്ന് വി.ലൂക്കോസ് (12.1) പ്രതിപാദിക്കുന്ന ആ സംഭവത്തെയായിരിക്കാം ഇവിടെയും വിശദീകരിക്കുന്നത്. വി.മർക്കോസും ഇത് പ്രതിപാദിച്ചിട്ടുണ്ട്(8: 14–21). മുറിപ്പെടുത്തുന്ന മുള്ളും,പറക്കാരയും ആദ്യമുണ്ടായത് മനുഷ്യമനസ്സിലാണ്. സ്രഷ്ടാവിനെ വേദനിപ്പിക്കാൻ പോന്നതായിരുന്നു അത്. മനുഷ്യന്റെ മനസ്സിൽ മുളച്ചത് പിന്നീട് മണ്ണിലും ഉണ്ടായി. ശിഷ്യന്മാരുടെ ചില മറവികളും,അറിവില്ലായ്മയും തിരുത്തുവാൻ പോന്നതാണ് യേശുവിന്റെ ബോധനങ്ങൾ. മരുഭൂമിയിലെ പിതാവായ *അബ്ബാ നിലൂസ്* പറയുന്നത് പോലെ *'പലവിചാരം കൂടാതെ പ്രാർത്ഥിക്കാൻ സാധിക്കേണ്ടതിന് കുരിശെടുക്കുകയും,നിന്നെതന്നെ പരിത്യജിക്കുകയും ചെയ്യണം'*. പലവിചാരങ്ങൾ സമ്മാനിക്കുന്നതാണ് പുളിച്ചമാവ് എന്ന പരീശത്വം. യേശുവിലുപരിയായി കാണുന്ന മടിശീലകളാണ് ഈ അന്യവിചാരം. യൂദായുടെ *അന്യവിചാരങ്ങൾ* അരുമനാഥങ്കൽ നിന്ന് അവനെ അകറ്റി കളഞ്ഞുവല്ലോ!

1. വിവേകത്തിന്റെ വേദമർമ്മം

യെശയ്യാ പ്രവാചകൻ (51:9) ഓർമ്മപ്പെടുത്തലിങ്ങനെ,*യഹോവ്വയുടെ ഭുജമായുള്ളോരെ ഉണരുക,ഉണരുക.* ക്രിസ്തുവിലേക്കുള്ള *ഉണർവ്വ്* എങ്ങിനെയാണ് നാം കാത്ത്‌വെക്കുക? ഉണർവ്വ് ഏകാഗ്രതയാണ്. പുളിമാവ് ഉന്മത്തതയാണ്. ഏകാഗ്രതയെന്നത് ത്രീയേകദൈവത്തിലേക്ക് മാത്രം തുറക്കേണ്ട വാതിലാണ്. പുളിമാവ് പോലെ മറ്റുള്ളവരുടെ ജീവിതത്തിലേക്ക് പടർന്ന് ഉത്കർഷപ്പെടുകായെന്നത് ജീർണ്ണതയാണ്. പുളിച്ച മാവിനെ കുറിച്ച് കർത്താവ് പരാമർശിക്കുമ്പോൾ ശിഷ്യന്മാർ, അപ്പം എടുത്തിലല്ലോ എന്ന ആകുലപ്പെട്ടു. ചില ആശയങ്ങൾ പുളിപ്പ് പൊലെയാണ്. മറ്റുള്ളവരെ സ്വാധീനിക്കുന്നതോ, വശീകരിക്കുന്നതോ ആയ രീതിയെ പുളിപ്പെന്ന് വിശേഷിപ്പിക്കാം. *ഹിറ്റ്ലർ നാസി പാർട്ടിയുണ്ടാക്കിയത് പോലെയാണത്. തുടക്കത്തിൽ വിരലിലെണ്ണാവുന്ന ആറു പേർ. പിന്നീടോ?...വർഗ്ഗവിദ്വേഷത്തിന്റെ കുടപിടിച്ച് കൊല്ലാനും ചാകാനും തയ്യാറായി ആയിരങ്ങൾ.ആയിരങ്ങൾ ജൂതന്മാർ കൊല്ലപ്പെട്ടു. ഇതിനെക്കാൾ ജീർണ്ണതയ്ക്ക് മറ്റൊരു ചരിത്രപരമായ ദൃഷ്ടാന്തം ഉണ്ടാകാനില്ല.*

ഓർമ്മ, നന്മ,വെണ്മ എന്നിവ ആത്മീയ ജീവിതത്തിലെ മൂന്ന് തൂണുകളായി ഒരു പൗരസ്ത്യ നിരീക്ഷണമുണ്ട്. പടരുന്ന തിന്മയ്ക്കെതിരായ പ്രതിരോധ മന്ത്രങ്ങളാണിവ. ഓർമ്മയാണ് നാം ജീവിക്കുന്ന നിമിഷങ്ങളോട് നമ്മെ ചേർത്ത് നിർത്തുന്നത്. 'എന്റെ ഓർമ്മയ്ക്ക് വേണ്ടി ഇപ്രകാരം ചെയ്യ്‌വിൻ' എന്ന കർത്തൃവാക്കുകൾ പ്രധാനമാണ്. പരീശരും,സാദൂക്യരും മതജീവിതത്തിൽ പുലർത്തുന്ന കാർക്കശ്യം നല്ലതാണെങ്കിലും, ദൈവത്തെ ഓർമ്മിക്കാത്ത അനുഷ്ഠാനങ്ങൾ, നന്മയെ നിരാകരിക്കുന്ന ദൂഷണങ്ങൾ, വെണ്മയും പരിശുദ്ധിയും ഇല്ലാത്ത ജീവിതം എന്നീ ജീർണ്ണതകൾ പുളിപ്പ് പോലെ സമൂഹത്തിൽ പെട്ടെന്ന് പടരുന്നവയാണ്. രോഗമല്ല, ആരോഗ്യമാണ് പകർച്ചവ്യാധിയായി മാറുന്നത്.

ഉണർവ്വ് സൂക്ഷിക്കുവാൻ കഴിയാത്ത അഭിശപ്ത നിമിഷങ്ങൾ ധാരാളം വേദവഴികളിൽ കാണാം. ഉണ്മയുടെ വിശുദ്ധി നഷ്ടപ്പെടുത്തുന്ന ഒന്നാണ് പുളിമാവ്. മനുഷ്യനിലുള്ള മൗലികമായ നന്മയെ കവർന്നെടുക്കുന്ന ആശയങ്ങളുടെ നൃത്തവേദിയായ നവമാധ്യമങ്ങൾ, ഒരർത്ഥത്തിൽ പുളിമാവ് തന്നെ. ക്രിസ്തുവിനെ തമസ്സ്കരിക്കാൻ ശ്രമിക്കുന്ന ആശയപ്രക്ഷാളനങ്ങളുടെ മഷി പരന്ന് നമ്മിലെ ആന്തരീകമനുഷ്യൻ ഇല്ലാതാവുന്നത് നാമറിയണം. ആഹാരവും അന്തസ്സും മറന്ന് സമൂഹമാധ്യമങ്ങളുടെ മരുഭൂമിയിൽ അലയുന്നത് ഒരർത്ഥത്തിലിങ്ങനെയാണ്. അന്തസ്സ് നമ്മിലെ ആന്തരീകതയുമായി ബന്ധപ്പെട്ട പദമാണ്. ആന്തരീകതയുടെ നഷ്ടത്തിനുദാഹരമാണ്, ധൂർത്തപുത്രൻ. ആദ്യം അയാൾക്ക് പിതാവെന്ന സ്നേഹത്തെ കുറിച്ചുള്ള ഓർമ്മ നഷ്ടപ്പടുന്നു. അതോടൊപ്പം നന്മയും, വിശുദ്ധിയുമെല്ലാം കടലെടുക്കുന്നു. സമ്പത്ത് അന്തസ്സായി കാണുമ്പോൾ അന്തസത്ത നഷ്ടപ്പെടന്നു. സ്നേഹം പ്രധാനമാകുമ്പോൾ സ്വർഗ്ഗം വാതിൽ തുറക്കുന്നു.

2. പുളിച്ച മാവും, വീഴാത്ത ആത്മാവും.

ആഴങ്ങളില്ലാത്ത മതജീവിതത്തിന് *ഞായറാഴ്ച്ച നസ്രാണിത്വം* മാത്രം അഭയമാകുകയില്ല. *മുപ്പത് വർഷം നിശ്ബദ്ധനായി ഹിമാലയത്തിൽ താമസിച്ച ഒരു സന്ന്യാസിയുണ്ടായിരുന്നു. അദ്ദേഹം വിചാരിച്ചിരുന്നത്, തന്റെ അഹംബോധത്തെ മുഴുവൻ ഇല്ലാതാക്കി എന്നായിരുന്നു. ഒരിക്കൽ ശിഷ്യന്മാർ അദ്ദഹത്തോട് പറഞ്ഞു, "ഹിമാലയത്തിന്റെ താഴ്‌വരയിൽ ഒരു വിപുലമായ മതസമ്മേളനം നടക്കുന്നു. അങ്ങ് പങ്കെ*

ടുക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു" എന്ന് പറഞ്ഞു. അദ്ദേഹം അത് സമ്മതിക്കുകയും ആ മേളക്കായി പോകുകയും ചെയ്തു. ഈ പരിപാടിക്കിടയ്ക്ക് ആൾകൂട്ടത്തിനിടയിൽ നിന്നൊരാൾ അദ്ദേഹത്തിന്റെ കാലിൽ ചവിട്ടി. പാദങ്ങൾ നന്നായി വേദനിച്ചിരുന്നു. ആ സന്ന്യാസിവര്യനിൽ കോപം ജ്വലിച്ചു. എന്നാൽ പെട്ടെന്ന് അദ്ദേഹം ശാന്തനായി. അദ്ദേഹം ഇപ്രകാരം ആത്മഗതം ചെയ്തുവത്രേ!. "മുപ്പത് വർഷക്കാലം ഹിമാലയം എനിക്ക് കാണിച്ചു തരാത്ത രഹസ്യം ഈ ആൾക്കൂട്ടത്തിലെ അപരിചിതൻ എനിക്ക് കാണിച്ച് തന്നിരിക്കുന്നു." വി. പൗലോസ് അപ്പോസ്തലോൻ ഓട്ട പന്തയത്തോട് ക്രിസ്തീയതയെ താരതമ്യപ്പെടുത്തിയിട്ടുണ്ടല്ലോ. ഒരു കായികാധ്യാപകൻ തന്റെ വിദ്യാർത്ഥികൾക്ക് പറഞ്ഞ് കൊടുക്കുന്ന മൂന്ന് തത്വങ്ങൾ ക്രിസ്തീയ ജീവിതത്തിന്റെ ലാക്കിലേക്ക് സഞ്ചരിക്കുന്ന നമുക്ക് സഹായകമാകും.

1. പിഴയ്ക്കാത്ത ചുവട്

ആദ്യത്തെ കാൽവയ്പ്പുതന്നെ ശ്രദ്ധപൂർവ്വമാകണം. "*മൈലുകൾ താണ്ടുവാനുള്ള യാത്ര ആരംഭിക്കുന്നത് ഈ ആദ്യത്തെ ചുവടുകളിൽ നിന്നാണ് എന്ന് അവബോധം എപ്പോഴും ഉണ്ടായിരിക്കണം*" എന്ന് ലാവോത്സെ എഴുതിയിട്ടുണ്ട്. ക്രൈസ്തവ ജീവിതമാകുന്ന തീർത്ഥാടനത്തിൽ തുടക്കം മുതൽ ഒടുക്കം വരെ പിഴയ്ക്കാതെ ചുവടുവയ്ക്കുവാൻ ആകണം. നമ്മുടെ ജീവിതത്തിൽ വീഴ്ച്ചകൾ ഉണ്ടാകുമെങ്കിലും, 'വീണു എങ്കിലും വീണ്ടും എഴുന്നേൽക്കും എന്ന വിശ്വാസമാണ് നമ്മെ ഭരിക്കേണ്ടത്. (മീഖ 7.8) അത് നമ്മെ ശക്തീകരിക്കും. *ഇപ്പോൾ അപ്പം എടുക്കാൻ മറന്ന് പോയവർ ഇതിലും ഗൗരവ്വമേറിയ കാര്യങ്ങൾ നിർവ്വഹിക്കേണ്ടവരാണ്. അതിനാൽ ജാഗ്രതയോടെ നിയോഗങ്ങൾ നിവർത്തിക്കണം എന്ന് കർത്താവ് ചിന്തിച്ചിരിക്കണം.*

2. നിലയ്ക്കാത്ത വേഗം

"സമയം അനിശ്ചിതമാകായാൽ ഉണർന്നിരിപ്പിൻ" (മത്ത 20:31). വിപരീത ഉപദേശങ്ങളിൽ പെട്ട് പോകാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ക്രിസ്തീയ ജീവിതമാകുന്ന തീർത്ഥാടനത്തിലെ വേഗതയ്ക്ക് നമുക്ക് വിഘാതമാകുന്നതാണ് വിശ്വാസവിപരീതങ്ങളും, സമ്പന്നതയും അധികാര പ്രമത്തതയും എല്ലാം.

ജീവിതത്തിന്റെ താളം കണ്ടെത്തുകയാണ് പ്രധാനം. വിശുദ്ധജീവിതം ഉണ്ടെങ്കിലെ സമാധാനത്തിന്റെ സംഗീതമുണ്ടാകൂ. കലയിലും,കായികമേഖലയിലും, സംഘർഷത്തിലും, സമാധാനത്തിലും ജീവിത താളം നഷ്ടമാകാതിരിക്കട്ടെ. അബ്ബാ ബഞ്ചമിൻ കുറിച്ചത് പോലെ, "നിങ്ങൾ രാജപാതയിലൂടെ ചരിക്കുവിൻ.മൈലുകളെ അളക്കുവിൻ. അധൈര്യരാകാതെ,സ്ഥിരതയോടെ ഓടുവിൻ"

3. വിരുത് പ്രാപിക്കുക (അപ്പോ 20.31)

ഒട്ടക്കാർ നിരവധിയുള്ള മത്സരത്തിൽ വിജയി ഒരുവനെയുണ്ടാകൂ എന്ന് പൗലോസ് ശ്ലീഹാ ഓർമ്മിപ്പിച്ചിട്ടുണ്ട്. "ഒരു കടമ നിർവ്വഹിച്ചാലുള്ള പ്രതിഫലം മറ്റൊന്ന് നിറവ്വേറ്റാനുള്ള ശക്തിയാണ്" എന്ന് ജോർജ്ജ് എലിയറ്റ് എഴുതി. വിജയികൾ വിജയത്തിന്റെ പരമ്പരകൾ ആവർത്തിക്കുന്നതും ഇങ്ങിനെ തന്നെ. വിവിധ മതങ്ങൾ വിരുത് പ്രാപിക്കുന്നതിനെ മോക്ഷം നേടുകയെന്നോ, സ്വർഗ്ഗം നേടുകയെന്നോ ഒക്കെ പറയാറുണ്ട്. ആർഭാടത്തിന്റെയും,അധാർമ്മികതയുടെയും പുളിമാവ് പടർന്ന ഒരു ലോകത്ത് നാം പരാജിതരോ,വിജയിയോ എന്ന് നമുക്ക് ആത്മപരിശോധന നടത്താം.

2016 ഒക്ടോബർ 2
സ്ലീബാപെരുന്നാളിന് ശേഷം മൂന്നാം ഞായർ

വി: മർക്കോ. 2: 23–28

വേദപശ്ചാത്തലം

ഒരു സാധാരണ ശാബതുദിനത്തിലെ സംഭവമാണ് ഈ വേദപുസ്തക പാഠത്തിന് പശ്ചാത്തലമാകുന്നത്. ശാബത് ദിനത്തിലെ പ്രഭാത ആരാധനകഴിയാതെ യൂദർ ഭക്ഷിക്കുക പതിവില്ലല്ലോ. ഈ ദിവസം പ്രഭാത ആരാധന കഴിഞ്ഞ് വരുമ്പോൾ ശിഷ്യസമൂഹത്തിന് വിശന്നിരുന്നുവെന്നും അവയെല്ലാം സഹിച്ചുകൊണ്ട് അവർ കർത്താവിനെ പിന്തുടർന്നിരുന്നുവെന്നും ഈ സംഭവത്തിലൂടെ മനസ്സിലാക്കാം. ആയതിനാൽ യഹൂദജീവിത സംസ്കൃതി തന്നെ വിശകലനവിധേയമാക്കുകയാണ് കർത്താവ്. മറ്റുള്ളവരുടെ തോട്ടങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ വിശപ്പടക്കുവാൻ തക്കവിധത്തിൽ മാത്രം പറിച്ച് തിന്നുന്നത്, ന്യായപ്രമാണപ്രകാരം അനുവദനീയമായിരുന്നു(ആവ.23: 24–25). എന്നാൽ നിയമങ്ങളിലെ കാരുണ്യത്തെ കാണുവാൻ കണ്ണില്ലാത്ത പരീശസമൂഹം കതിർ പറിച്ച് തിന്നതിനെ ഒരു കൊയ്ത്തായി വ്യാഖ്യാനിക്കുകയായി!

1. മനുഷ്യത്വം ഒഴിവാക്കുന്ന കാനോനികത:

യഹൂദർക്കിടയിലെ പറയപ്പെടാതെ പോവുന്ന സങ്കടങ്ങളും, കിട്ടാതെ പോയ സാന്ത്വനങ്ങളും വെളിപെടാതിരിക്കുമ്പോഴാണ് കർത്താവിലൂടെ ഒരു ശബ്ബത്ത് വിപ്ലവം ഉയരുന്നത്. ശാബ്ബത്ത് എന്ന പദത്തിന്റെ (സാബോത്ത്) ഹീബ്രു മൂലപദത്തിന് അർത്ഥം തന്നെ,*വിശ്രമിക്കുക, നിറുത്തിവെക്കുക* എന്നൊക്കെയാണല്ലോ. പഴയനിയമ കാലത്ത് പ്രവർത്തനങ്ങളിൽ നിന്നൊഴിഞ്ഞിരിക്കുന്നതിനെ മാത്രമെ അവർ അതുകൊണ്ട് അർത്ഥമാക്കിയുള്ളൂ. യെരുശലേം യാത്രവേളയിൽ ഒരു സുഹൃത്ത് ശബ്ബത്താചരണത്തിന്റെ ചിട്ടകൾ എനിക്ക് പറഞ്ഞ് തന്നിരുന്നു. ചെയ്യാൻ പാടില്ലാത്ത 39 കാര്യങ്ങളുടെ പട്ടിക മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ് യഹൂദർ ശബ്ബത്താചരണത്തിനായി ഒരുങ്ങുന്നത്. അന്ന് വാഹനങ്ങൾ പുറത്തിറക്കുകയോ, ആഹാരം പാകം ചെയ്യുകയോ, ടി.വി കാണുകയോ, ഒന്നും അവർ ചെയ്യാറില്ല. മുറിയിലെ ലൈറ്റുകൾ ഓൺചെയ്യാറില്ല. എന്തിന് ഫ്രിഡ്ജിലെ ബൾബുപോലും അഴിച്ചുവയ്ക്കും പോലും!

വെള്ളിയാഴ്ച്ച സൂര്യാസ്തമയത്തിനു 18 മിനിറ്റിന് മുമ്പ് തന്നെ രണ്ട് തിരികൾ കൊളുത്തി ഒരുക്കങ്ങൾ ആരംഭിക്കുകയായി. വൈകിട്ട് ദീർഘമായ പ്രാർത്ഥനകൾ; കിദൂഷ് പ്രാർത്ഥന ചൊല്ലിയുള്ള അത്താഴം. ഇങ്ങിനെ അടുത്ത ദിവസം സന്ധ്യാനേരം ആകാശത്ത് മൂന്ന് നക്ഷത്രങ്ങൾ തലനീട്ടുമ്പോൾ സുഗന്ധവർഗ്ഗങ്ങൾ ചേർത്ത മെഴുകുതിരി കത്തിച്ച് പ്രാർത്ഥന ചൊല്ലുന്ന *ഹവ്ദാല* എന്ന ചടങ്ങോടെയാണ് ശാബ്ബത്ത് അവസാനിക്കുന്നത്. ഇന്നും അവർ പാലിക്കുന്നതാണിവയൊക്കെ. സത്യത്തിൽ മനുഷ്യത്വത്തെ ഒഴിവാക്കി വ്യാഖ്യാനിക്കുന്ന ജീവിതശൈലിയാണ് അവർ യേശുവിന്റെ കാലത്ത് അവലംബിച്ചിരുന്നത്. നമ്മുടെ ഞായറാഴ്ച്ച

ആചരണങ്ങളിലും ജീർണ്ണതകളുടെ ജീവിതശൈലികൾ കടന്ന് വരുന്നുണ്ടോ എന്ന് പരിശോധിക്കണം.

ശാബ്ബത്തിന്റെ ആരംഭം മനുഷ്യന്റെ സ്വസ്ഥതയും ആനന്ദവും വിഭാവനംചെയ്യുന്ന ദൈവീകപദ്ധതിയായിരുന്നുവെന്ന് (പുറപ്പാ 23.12,13) ൽ കാണാം. *കണ്ണീരിനും, ചോരയ്ക്കുമിടയിലെ അശാന്തിയുടെ കാലത്തെ ആത്മീകവിപ്ലവം ആരാധനയൊന്നല്ലാതെ മറ്റെന്താണ്?* ആരാധന മനുഷ്യനിലെ സന്തോഷവും, സ്വാതന്ത്ര്യവും പ്രഖ്യാപിക്കപ്പെടുന്ന നിമിഷമാണ് (പുറ 34:21-27). വറുതിയിൽ മന്നാ നൽകിയ ദിനങ്ങളിലെ സന്തോഷത്തിന് തുല്ല്യമായിരുന്നു(പുറ.16.23)അത്; അവരുടെ പീൽക്കാലത്തെ ആരാധന നാളായ ശബ്ബത്താചരണത്തിന്റേതും. മനുഷ്യന്റെ വിമോചനമെന്ന നിയോഗം പൂർത്തീകരിക്കേണ്ട കർത്താവ് മനുഷ്യത്വരഹിതമായ നിയമത്തിന്റെ അമ്മികയറുകളെ ഭേദിക്കുവാൻ ശ്രമിച്ചതാണ് ശബ്ബത്ത് വിപ്ലവാത്മകമാവാൻ കാരണം. മനുഷ്യത്വരഹിതമായ സമീപനങ്ങളും,നിയമവ്യാഖ്യാനവും ദരിദ്രരും, നിരാലംബരുമടങ്ങുന്ന പാവപ്പെട്ടവരെ അകറ്റിനിർത്തുന്ന പരീശത്വശൈലിയാണ്.

2. " തീവ്രതയുള്ളവരിൽ തെളിമയും ഉണ്ടാകണം."

സമ്പന്നർക്ക് ശാബത് ആഘോഷവും, വിശക്കുന്നവർക്കത് അശാന്തിയുമായിരുന്നു.പരീശന്മാർ വിശ്വാസജീവിതത്തെ വളരെ തീവ്രമായി കാണുന്നവരാണ്. തീവ്രതയുള്ളവരിൽ നിന്ന് കൂടുതൽ തെളിമയുള്ള കാര്യങ്ങൾ സമൂഹം പ്രതീക്ഷിക്കുന്നുണ്ട്. ഇതര ലോഹങ്ങളിൽ നിന്ന് സ്വർണ്ണം വ്യത്യസ്ഥമാകുന്നുണ്ട്. വിശ്വാസികൾക്കിടയിലെ *പൊന്നായി* പരീശന്മാർ തങ്ങളെ തന്നെ ഗണിച്ചിരിക്കണം. ആംഗ്ലേലേയ സാഹിത്യത്തിന്റെ പിതാവായ *ജെഫ്രി ചോസർ "സ്വർണ്ണം തുരുമ്പെടുത്താൽ ഇരുമ്പെന്ത് ചെയ്യും?* എന്നൊരു ചോദ്യം ഉന്നയിച്ചിരുന്നു. ഗുരുതുല്ല്യരായി സുന്നഗോഗുകളിൽ വിശ്വാസം പഠിപ്പിക്കുന്നവർ മനുഷ്യന്റെ വിശപ്പിനെയും, കാരുണ്യത്തെയും കണ്ണടച്ച് നിഷേധിക്കുമ്പോൾ ഇത്തരമൊരു ചോദ്യം ഉയരാതെ തരമില്ല. മതം അധപതിക്കുന്നത് പലപ്പോഴും വലിയ വിപത്ത് സൃഷ്ടിക്കും.എല്ലായിടത്തും മതത്തെ വൈകാരികമായി സമീപിക്കുകയാണ് പതിവ്. ആയതിനാൽ ദൈവവും,മതവിശ്വാസവും തൊട്ടാൽ കൈപൊള്ളുന്ന വിഷയമായി തീരുന്നു. മതത്തിന്റെ ജീർണ്ണതകളെ എതിർത്ത് അതിന്റെ വിശുദ്ധജീവിതം പിന്തുടരുന്നതാണ് യേശുവിന്റെ ശൈലി.

പഴയനിയമത്തിലെ ജോസഫിന്റെ കിനാവുകൾ പോലും സഹോദരന്മാർക്ക് ഉപദ്രവകരമായി തോന്നി. അവരുടെ മനസാക്ഷിയുടെ നീതിയാണ് ജോസഫിന് നൽകിയ ശിക്ഷ. സ്വർണ്ണം-സ്നേഹം ജീർണ്ണിക്കുമ്പോൾ സംഭവിക്കുന്ന അനിവാര്യതയാണിത്. യേശുനാഥനും സമാനമായ അനുഭവങ്ങളിലൂടെ കടന്ന്പോകേണ്ടി വരുന്നു. മറുവശവും ഈ ചരിത്രകഥയിലുണ്ട്. പിതാവും സഹോദരങ്ങളും മിസ്രയിമിലേക്ക് വിശന്ന് വലഞ്ഞ് ചെല്ലുമ്പോൾ ജോസഫ് കാണിച്ചത് ദയവിന് തങ്കത്തിന്റെ തിളക്കമുണ്ട്. സ്നേഹത്തിന്റെ പ്രശോഭിത സ്വഭാവമിതാണ് എന്ന ബോധ്യം നമുക്കും ഉണ്ടാകട്ടെ.

3. സ്വസ്ഥതയുടെ നാളിലെ അസ്വാസ്ഥ്യങ്ങൾ

സ്വസ്ഥതയുടെ നാളിലെ അസ്വാസ്ഥ്യങ്ങൾ നാം കാണാതിരുന്നു കൂടാ. ശാബ്ബത്തിനെ കുറിച്ച് ആവർത്തന പുസ്തകത്തിൽ കാണുന്നത്, "അന്നു നീയും,നിന്റെ മകനും മകളും,നിന്റെ വേലക്കാരനും,വേലക്കാരിയും,നിന്നെപ്പോലെ സ്വസ്ഥമായിരിക്കേണ്ടതിന് തന്നെ"(5:14)യെന്നാണ് . അപ്പോൾ ശാബ്ബത്തുനാൾ സ്വസ്ഥതയുടെതായിരുന്നു. ഇപ്പോൾ വിശക്കുന്ന ഒരുകൂട്ടം മനുഷ്യർ കേവലം കതിർ പറിച്ചതിനെ വ്യാഖ്യാനിച്ച് ഉണ്ടാക്കുന്ന അസ്വസ്ഥത എത്ര വലിയ പാതകമാണ്. മുൻപ് സൂചിപ്പിച്ചത്പോലെ,സ്വർണ്ണം തുരുമ്പിക്കുന്നത് പോലെ ജീർണ്ണതയുടെ ഇടങ്ങൾ രൂപപ്പെടുന്നത് ഇങ്ങനെ.

ശബ്ബത്ത്, മനുഷ്യനുവേണ്ടി ദൈവത്തിന്റെ ദിനമായിരുന്നു. അധ്വാനിക്കുന്നവരും അലയുന്നവരുമായ ഒരു ജനവിഭാഗത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ കരുതൽ. ആരാധനയും,വിശ്രമവും അവനവന്റെ തനിമ തിരിച്ചറിയാനുള്ള ആവശ്യഘടകങ്ങളാണ്. വിമോചനത്തിന് ഇത്രയെങ്കിലും ആവശ്യമുണ്ട് എന്ന് മരുഭൂ സഞ്ചാരങ്ങൾ യഹൂദരെ ഓർമ്മിപ്പിച്ചിരിക്കണം. വിശ്രമമെന്നത് പലപ്പോഴും ജീവിതയാത്രയുടെ അനിവാര്യമായ രണ്ട് ഘട്ടങ്ങൾക്കിടയിലെ പാലമാകുന്നുണ്ട്. ജീവന് വേണ്ടിയുള്ള ദൈവത്തിന്റെ കരുതലായിരുന്നു അത്. മനുഷ്യത്വരഹിതമായി തൊഴിലിടങ്ങളിൽ ചൂഷണം ചെയ്യപ്പെട്ട തൊഴിലാളികൾക്ക് വിശ്രമത്തിന്റെ നാൾ എത്ര ആശ്വാസകരമായിരുന്നു. കൃംതായുടെ മഹത്വം ഘോഷിക്കുന്ന ഞായറാഴ്ച്ചകൾ ഗ്രാമങ്ങളിലെ ക്ലബ്ബുകളും, നഗരത്തിലെ പബ്ബുകളും,ഹബ്ബുകളും കവർന്നെടുക്കുന്ന കാലമാണിത്. ദരിദ്രർക്കും,രോഗികൾക്കും മാറ്റിവെച്ചിരുന്ന ഭണ്ഡാരം വരവുകളിലെ പങ്ക് കോൺക്രീറ്റ് സൗധങ്ങളുടെ പുരോഗമനത്തിനായി മാറ്റി വെക്കുന്ന *പള്ളിവിപ്ളവങ്ങൾ* കർത്താവിന്റെ കണ്ണുകളിലൂടെ കാണുവാൻ നാം ശ്രമിക്കേണ്ടതല്ലേ?

2016 *ഒക്ടോബർ 9*

സ്ലീബാ പെരുന്നാളിന് ശേഷം നാലാം ഞായർ

വി: ലൂക്കോ. 16:9 – 18

വേദപശ്ചാത്തലം:

യേശുവിന്റെ വിമർശനങ്ങൾ ന്യായപ്രമാണങ്ങളെയും അത് പാലിക്കുന്നതിൽ കാണിക്കുന്ന കാപട്യത്തെയും പരാമർശിച്ചുകൊണ്ടുള്ളതാണ്. പരീശന്മാരുടെ കപടമായ മതജീവിതമാണ് ഈ വിമർശനത്തിന്റെ മുഖ്യഹേതു. ധനാശ്രയം ആത്യന്തികമായി കാണുന്നവരെ, വിശ്വാസവഴികളിലെ സ്വർഗ്ഗീയ നൽവരങ്ങൾ പ്രാപിക്കുവാൻ അത് ഉത്ബോധിപ്പിക്കുന്നു. നിത്രിയായിലെ ഓർ എന്ന സന്ന്യാസി വര്യൻ പറഞ്ഞത്, "*അർഹതയുള്ളതിനേക്കാൾ, കൂടുതൽ ആദരിക്കപ്പെടുകയും, പുകഴ്ത്തപ്പെടുകയും ചെയ്യുന്നവൻ കൂടുതൽ ശിക്ഷിക്കപ്പെടും; എന്നാൽ മനുഷ്യരാൽ ഗണിക്കപ്പെടാത്തവൻ ഉന്നതത്തിൽ നിന്ന് മഹത്വീകരിക്കപ്പെടും." സമ്പന്നർക്കും,സമ്പത്തിനും നൽകുന്ന അമിത പ്രാധാന്യത്തെ കുറിച്ചുള്ള വിശകലനം കൂടിയാണിത്.*

1.അനീതിയുള്ള മാമ്മോൻ

"ഞാനെന്റെ മുരിങ്ങാമരത്തിന്റെ ചോട്ടിൽ നിന്നാണ്

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ 0481-2425444, Res. 2724224, 2727788 (Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡിമെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

നക്ഷത്രങ്ങളെ കാണുന്നത് " എന്ന് മലയാള സാഹിത്യകാരൻ *ചെറുകാടിന്റെ* പ്രസിദ്ധമായ ഒരു പരാമർശമുണ്ട്. ചവിട്ടി നിൽക്കുന്ന മണ്ണിൽ നിന്ന് വികസിക്കേണ്ട ഒരു ആത്മീയ വീക്ഷണമായിരുന്നു അത്. പ്രാദേശികമായി പ്രവൃത്തിച്ച്, വിശ്വവ്യാപകമായി പ്രകാശിച്ച ജീവിതമാണ് യേശുവിലൂടെ ലോകം ദർശിക്കുക. "അലംഭാവത്തോടുകൂടിയ ദൈവഭക്തി ആദായകരമാണ് "(1തിമോ 6:6) തന്മൂലം "ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലകാരണമാണ് " 1തിമോ 6:10) എന്ന ജാഗ്രത നമുക്ക് ആവശ്യമാണ്. അതുകൊണ്ടാണ് ദ്രവ്യം *അനീതിയുള്ള മാമ്മോൻ* ആയി വിശേഷിപ്പിക്കപ്പെടുന്നത്.

അനീതിയുള്ള മാമ്മോൻ ഒരു സാധ്യതയാണ്. ലഭിച്ച താലന്ത് വിനിമയം ചെയ്യേണ്ട രീതി നാമറിയാതെ പോകുന്നതാണ് നമ്മുടെ ദുരന്തം. എന്നാൽ അതിനാൽ സാധിക്കാവുന്ന സാധ്യതകളും അനന്തമാണ്. അസഹനീയമായ തലവേദനയിലൂടെ ആശുപത്രിയിൽ പ്രവേശിപ്പിച്ച *സാന്ദ്ര പെട്രാ* എന്ന പെൺകുട്ടിയെകുറിച്ച് നാം കേട്ടിരിക്കും. കേവലം 17 ആഴ്ച്ച ഗർഭിണിയായ അവൾ താമസിയാതെ മസ്തിഷ്ക മരണത്തിന് കീഴടങ്ങി. ഇത്തരം അവസ്ഥയിൽ ഉദരത്തിലെ ശിശുവും മരിക്കുന്നതാണ് അനുഭവം. എന്നാൽ നഴ്സിംഗ് സ്റ്റാഫ് കുഞ്ഞ് ജീവിച്ചിരിക്കുന്നുവെന്ന പരിശോധനാഫലങ്ങളിലൂടെ മനസ്സിലാക്കി. ലൈഫ് സപ്പോർട്ടിംഗ് മെഷീൻസ് വഴി പ്രസവം വരെയുള്ള കാലത്തേക്ക് സഹായം തുടരാൻ അവർ തീരുമാനിച്ചു. അങ്ങിനെയാണ് *ലോറാൻങ്കോ* എന്ന കുട്ടി ജനിച്ചത്. വളരെ ചിലവുള്ള ഒരു കാര്യമാണ് അവർ ഏറ്റെടുത്തത്. എന്നാൽ മനുഷ്യത്വത്തോടുള്ള സ്നേഹവും പ്രതിബദ്ധതയുമാണ് അവരെ ഇതിനായി ഒരുക്കിയത്. നന്മയുടെ വഴി പ്രതിസന്ധിയുടേതാകാം.

22-ാം ചരമ വാർഷികം
12-09-2016



എം. സി. ഗീവർഗീസ്
(കുഞ്ഞൂഞ്ഞൂട്ടി)
മുക്കാഞ്ഞിരത്ത്
തിരുമൂലപുരം
"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തായ്"
സന്തപ്ത കുടുംബാംഗങ്ങൾ

എന്നാൽ പ്രതിബദ്ധത പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ സഹായിക്കുന്നു. വി.അംബ്രോസ് എഴുതി *"പാവപ്പെട്ടവരുടെ മനസ്സും,വിധവമാരുടെ വീടുകളും, വിശപ്പിനാൽ പൊരിയുന്ന ഉദരവും നിലിനിൽക്കുന്ന കളപ്പുരകളാണ്. സമ്പാദിച്ചത് എത്രമാത്രം എന്നതല്ല, ദാനം ചെയ്തത് എത്രമാത്രം എന്നതാണ് പ്രസക്തി"* അതിനാൽ *പ്രത്യുപകാരം ചെയ്യാൻ കഴിയാത്താവർക്ക് നന്മ ചെയ്യുന്നതിലൂടെ(ലൂക്കോ 14.14) ഉത്തമനായ ദാസനെന്ന(ലൂക്കോ 19.17) വിളിക്ക് അർഹനാവുകയും പുഴുവും തുരുമ്പും കള്ളന്മാരും കവാരാത്ത* നിക്ഷേപം(മത്ത 6.20) ഉണ്ടാക്കുവാനും നമുക്ക് സാധിക്കും.'*ഭൂമിയിൽ ധനികൻ ദരിദ്ര്യനെ സഹായിച്ചാൽ സ്വർഗ്ഗത്തിൽ പാവങ്ങൾ ധനികനെ സഹായിക്കും*' എന്ന് യഹൂദർ പഴമൊഴിയായി പറഞ്ഞ് വന്നിരുന്നതിനെ യേശുതമ്പുരാൻ ഉറപ്പിച്ച് പറയുന്നു.

2 പരിഹാസികൾക്കൊരു മശിഹാപാഠം:

പരിഹാസം സ്ഥായി ഭാവമായ ഒരു വിഭാഗം പള്ളികളിലും മറ്റ് പൊതുസമൂഹങ്ങളിലും കാണാം. അപരനിലേക്ക് വിരൽ ചൂണ്ടി അപഹസിക്കുന്ന ശൈലിയാണ് ഈക്കൂട്ടരുടേത്. യേശു പരിഹസിക്കപ്പെടുന്നത് 14-ാം വാക്യത്തിൽ കാണാം. പരിഹാസങ്ങൾ പരനെ ഹസിക്കുന്ന അഥവാ ദൈവത്തെ തന്നെ അപഹസിക്കുന്നതാണ്. '*പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാത്ത മനുഷ്യൻ ഭാഗ്യവാൻ*' എന്ന് ഒന്നാം സങ്കീർത്തനവാക്യം ഇതോർമ്മിപ്പിക്കുന്നു. 'ഈ എളിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ' എന്ന കർത്തൃവചനവും ഓർമിക്കുക. പരിഹാസികൾക്ക് അറിവുണ്ടെങ്കിലും, തിരിച്ചറിവ് ഇല്ല. മനുഷ്യർക്കിടയിൽ ഉന്നതമായത് (സദൃ6.16-19) ദൈവസന്നിധിയിൽ നിന്ദ്യമാണ്.

ബുദ്ധിമാനായ മനുഷ്യന്റെ ഉപമയാണ് കർത്താവിനെ പരിഹാസിക്കാനിടയാക്കിയത്. അവർക്കുള്ള മറുപടിയും (14 -18 വരെയുള്ള വാക്യങ്ങൾ) ഇവിടെ കാണാം. പാചകത്തിലുള്ള പാകപിഴകൾക്ക് വരെ വിവാഹമോചനം അനുവദിക്കുന്ന വ്യാഖ്യാനങ്ങൾ നടത്തിയവർ ആ സമൂഹത്തിൽ ഉണ്ടായിരുന്നു. *ഹില്ലേൽ* എന്ന് പേരായ റബ്ബിയാണ് ഇതിൽ പ്രമുഖൻ. വ്യഭിചാരികളെ സൃഷ്ടിക്കുകയും ന്യായപ്രമാണങ്ങളിലെ ന്യായം മറിച്ചുകളയുകയും ചെയ്യുന്ന ഇവർക്ക് തക്കമറുപടിയാണിത്. ഭാര്യഭർത്തക്കന്മാരുടെ ബന്ധത്തിന്റെ സ്ഥിരതയാണ് ന്യായപ്രമാണത്തിന്റെ ലക്ഷ്യമെന്ന് ഉറപ്പിച്ച് പറയുമ്പോൾ അവരിലെ വേദവിരുദ്ധത കൂടി യേശു ചൂണ്ടി കാണിക്കുന്നു. ■

പാവനസ്മരണ
"നിന്റെ മഹത്വമുദിക്കുംനാൾ, നിൽക്കണമിവർ വലഭാഗേ"



എം.ജി. വർഗീസ് (60) സാറാമ്മ വർഗീസ് (69)
Demise - 23-04-1951 Demise (29-07-1966)
മോളേത്ത്, അടൂർ
സന്തപ്ത കുടുംബാംഗങ്ങൾ

ADMISSION TO M.TH. & D.TH.COURSES

THE FEDERATED FACULTY FOR RESEARCH IN RELIGION AND CULTURE (FFRRC)

An Ecumenical Post-graduate and Research Centre

(Affiliated to the Senate of Serampore College)

Applications are invited from eligible candidates (**II Class / Grade B** both in aggregate and respective discipline in which the candidate seeks to study) for admission to the ***Master of Theology*** courses for the Academic Session beginning in ***June 2017.***

Master of Theology	Doctor of Theology
Old Testament	Old Testament
New Testament	New Testament
Christian Theology	Christian Theology
History of Christianity	History of Christianity
Religion	Pastoral Counseling
Pastoral Counseling	
Missiology	

Application forms may be obtained on payment of ***Rs.400/*** for M.Th. and ***Rs. 500/*** for D.Th. courses by M.O. / Demand Draft, from **Registrar, FFRRC, Mar Thoma Theological Seminary, P.B.No.287, Kottayam** 686001, Kerala. The last date of receiving application will be ***30 November 2015***. Candidates must submit their ***Senate Transcript*** along with the application form.

Fr.Dr.V.S. Varghese, Registrar, FFRRC.

15th Death Anniversary

Left us on 09.09.2001

Inserted By:

Sosamma Mathai (Wife)
Anil - Annie, Shruthi
Anitha-Biji, Ani-Biji
Kripa & Mon

M.V. MATHAI

Retd. Sub Eng. PHED, Shadol (M.P.)

For Favours Received

M.K. Saramma, Kottarakkara

1–ാം ചരമ വാർഷികം, 8–09–2016



നിധിൻ പോൾ വർഗീസ്

പിള്ളച്ചിറ കാലായിൽ
നാലുന്നാക്കൽ, വാകത്താനം.

പ്രാർത്ഥനയോടെ,

അപ്പ, അമ്മ, നീതു, നിത്യ, ശാൽവിൻ



ജൈവകൃഷിയുടെ ഹരിതക്കാഴ്ച

ഇടയ ശുശ്രൂഷ സമഗ്രമായി ജൈവകൃഷിയിലൂടെ നടപ്പാക്കിയ കൂടത്തിങ്കിൽ ഫാ. കെ. എം. സഖറിയായുടെ ശ്രമം ഫലവത്തായി. മലങ്കര ഓർത്തഡോക്സ് സഭ ഈ വർഷം ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കണം എന്ന ആഹ്വാനം സ്വയം ഏറ്റെടുക്കുകയായിരുന്നു മീനടം സെന്റ് ജോർജ് പള്ളി വികാരി ഫാ. കെ.എം. സഖറിയ.

കോട്ടയം ഭദ്രാസനത്തിലെ മീനടം സെന്റ് ജോർജ് ഇടവക സഭയുടെ ഈ ആഹ്വാനം ശിരസാവഹിച്ചു. കാർഷിക മേഖലയ്ക്ക് പേരുകേട്ട സ്ഥലമാണ് മീനടം. മുൻപ് ഭൂരിഭാഗം ജനങ്ങളും കൃഷിക്കാരായിരുന്നു. ഒരു കാലത്ത് മീനടത്തു നിന്നും ഉള്ള കൃഷി വിഭവങ്ങൾക്ക് വേണ്ടി ആളുകൾ വിദൂരതയിൽ നിന്നും എത്തുമായിരുന്നു. പ്രത്യേകിച്ച് ജൈവ പച്ചക്കറികൾ ഇന്ന് അന്യം നിന്നിരിക്കുന്ന സാഹചര്യത്തിൽ ഈ അവസരത്തിലാണ് ഇടവക ജനങ്ങളുടെ രണ്ടു വർഷത്തെ ദശാംശം കൊണ്ട് പുതിയതായി വാങ്ങിയ ഒരേക്കറോളം സ്ഥലത്ത് ഇടവക വികാരിയായ കെ.എം. സഖറിയാച്ചന്റെ നേതൃത്വത്തിൽ ഒരു കർഷക കൂട്ടായ്മ രൂപീകരിച്ച് കൃഷികൾ ആരംഭിച്ചത്. കൃഷി പുതു തലമുറയ്ക്ക് പരിചയപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം. ഏത്തവാഴ, പൂവൻവാഴ, ഞാലിപ്പൂവൻ, കപ്പ, ചേമ്പ്, ചേന, ഇഞ്ചി, കാച്ചിൽ, മത്തൻ, വെണ്ട, ചീര, പച്ചമുളക്, നനകിഴങ്ങ്, തുമര തുടങ്ങി മുപ്പതോളം ഇനങ്ങൾ ഇവിടെ കൃഷി ചെയ്യുന്നു. കൃഷി വകുപ്പുമായി സഹകരിച്ച് കരനെൽ കൃഷിയും ഇവിടെ ചെയ്തിരിക്കുന്നു.

കൃഷി വകുപ്പ് ഇതിനെ മാതൃകാ കൃഷിതോട്ടമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു കഴിഞ്ഞു. വിഷരഹിത പച്ചക്കറികൾ എന്നതാണ് ലക്ഷ്യം. ഏറ്റവും നല്ല ജൈവ കൃഷിതോട്ടമായി ഇതു വളർന്നു.

വിളവെടുക്കുന്ന സാധനങ്ങൾ എല്ലാ ഞായറാഴ്ചയും പള്ളിയിൽ ലേലത്തിലൂടെ വിൽപന നടത്തുകയാണ്. ഫാ. കെ.എം. സഖറിയയുടെ നേതൃത്വത്തിൽ ഇടവകയിലെ യുവാക്കളുടെ സംഘം സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കല്ലുങ്കത്ര പള്ളി വികാരിയായിരുന്നപ്പോൾ, ഏറ്റുമാനൂർ-അയ്മനം പഞ്ചായത്തുകളെ ബന്ധിപ്പിച്ചു മീനച്ചിലാറിനു കുറുകെ പാലം നിർമിച്ചതും ഫാ. സഖറിയയുടെ സജീവ ഇടപെടലിലൂടെയാണ്. പാലത്തിന്റെ നിർമ്മാണത്തിന് പൊളിച്ചു മാറ്റിയ മൂന്നു വീടുകൾ 12 ലക്ഷം രൂപാമുടക്കി മാറ്റി പണിയുന്നതിനും നേതൃത്വം നൽകി. മണലേൽ പള്ളി പാലം ഇപ്പോൾ 'അച്ചൻ പാലം' എന്നും അറിയപ്പെടുന്നു.

ഇപ്പോൾ പരിയാരം സെന്റ് പീറ്റേഴ്സ് പള്ളി വികാരിയായ ഫാ. കെ.എം. സഖറിയ ഇടയശുശ്രൂഷയിൽ ഹരിതക്കാഴ്ചകൾ തുടരുകയാണ്. കർഷക കൂട്ടായ്മ രൂപീകരിച്ച് നാല് ഏക്കർ തരിശ് ഭൂമി വാഴൂർ, മീനടം ഭാഗത്ത് കണ്ടെത്തി, കൃഷിക്കു വേണ്ടി തയ്യാറാക്കുന്നു.

എല്ലാ ഇടവകകകളിലും കർഷക കൂട്ടായമകൾ ഉണ്ടായി ഭവനങ്ങളിൽ ജൈവകൃഷി വികസിപ്പിക്കുവനുള്ള സംവിധാനങ്ങൾ ഉണ്ടാകണമെന് ഫാ. കെ.എം. സഖറിയ പറയുന്നു.

വിഷരഹിതമായ പച്ചക്കറികളും കൃഷി വിഭവങ്ങളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുവൻ ഇടവകകൾക്ക് കഴിയും എന്ന് കോട്ടയം ഓർത്തഡോക്സ് സെമിനാരി പി.ആർ.ഒ. കൂടിയായ ഫാ. കെ.എം. സഖറിയ സ്വപ്നം കാണുന്നു.

- സാബു ജേക്കബ്
വെള്ളാനോലിൽ, മീനടം

സന്ദർശിക്കുക...
മിതമായ നിരക്ക് !
നൂതന സംവിധാനങ്ങളോടെ ആകർഷകമായ പുസ്തക ശാല
വേദശാസ്ത്ര ഗ്രന്ഥങ്ങൾ, പള്ളി ഉപകരണങ്ങൾ, സഭാ പ്രസിദ്ധീകരണങ്ങൾ, ഫോട്ടോകൾ...
MGOCSM BOOK SHOP
Ph: 0481-2581912
C.M.S. College Jn., Kottayam



കാലികപ്പൊരുൾ

ഇതുവരെ പ്രിസ്മി ആക്കാത്തവർക്കായി

■ ഫാ. തോമസ് രാജു, കരുവാറ്റ

ആപ്പിൾ ഐഫോൺ ഉപയോഗിക്കുന്നവർക്കു മാത്രം സാധ്യമായിരുന്ന 'ആ കാര്യം' ഇപ്പോൾ ആൻഡ്രോയിഡുകാർക്കും കഴിയുമെന്നായിട്ടുണ്ട്. വിൻഡോസ് ഫോൺ ഉപയോഗിക്കുന്നവർക്കാകുമോ എന്തോ? ഇപ്പറഞ്ഞ സംഗതി ക്ലിക്ക് ആയവർക്കായി ദൈവത്തെ സ്തുതിക്കുന്നു. (എന്തിനും സ്തുതി എന്നു പറയുന്നതാണത്രേ ആത്മീയത).

ഇതുവരെ സംഗതി പിടികിട്ടാത്തവർക്കായി കുറിക്കുന്നു. അതേ! പ്രിസ്മ എന്നു പറയുന്ന ഒരു 'ആപ്പ്' ഇപ്പോൾ മൊബൈലിൽ ട്രെൻഡ് ആയിക്കൊണ്ടിരിക്കുകയാണെന്നേ.... ഇതുപയോഗിച്ച് പ്രൊഫൈൽ പിക്ചർ മാറ്റുന്നതാണ് ഇപ്പോൾ നവമാധ്യമങ്ങളിൽ തരംഗം. അനശ്വരരായ പാബ്ലോ പിക്കാസോയും, നോർവ്വേക്കാരൻ എഡ്വേർഡ് മങ്കും, വാൻഗോഗും അവരുടെ സർഗ്ഗാത്മകതയോട് നമ്മുടെ ചിത്രം ചേർത്തുവച്ചാൽ എന്തുണ്ടാകുമായിരുന്നോ- അതാണിവിടെ ലഭ്യമാകുന്നതെന്നാണ് പ്രിസ്മാക്കാരുടെ വാദം.

ഈ ചിത്രം എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കാൻ ഏവരും ഇഷ്ടപ്പെടും എന്നും 'ആപ്പിനു' കീഴിൽ ഇവർ കുറിച്ചു. The day my photos became paintings, my albums became galleries. ആപ്പ് ഡൗൺലോഡു ചെയ്തവരെല്ലാം ആപ്പിലായി എന്നൊരു ശ്രുതി കേട്ടപോലെ തോന്നുന്നു. (തോന്നൽ മാത്രമാണു കേട്ടോ! ഡൗൺലോഡ് ചെയ്തില്ല അതാ!)

അനശ്വര കലാകാരൻ പിക്കാസോയുടെ പെയിന്റിംഗ് രീതി ശാസ്ത്രവും ചരിത്രവും അറിയാത്ത എല്ലാ ഫ്രീക്കന്മാരും പ്രിസ്മയിൽ കൂടി കയറി ഇറങ്ങിയപ്പോൾ അക്ഷരാർത്ഥത്തിൽ ഞെട്ടി! കഷ്ടപ്പെട്ട് നൂൽകനത്തിലുണ്ടാക്കിയെടുത്ത താടിയും, കാശുകൊടുത്ത് പിരിച്ചെടുത്ത മുടിയിഴകളും, ചെവിതുളച്ചിട്ട കമ്മലും കഴുത്തിലണിഞ്ഞ തുടൽമാലയും എന്തിന് പ്രിസ്മിക്കാൻ ഇരുന്നുകൊടുത്ത രൂപാ ഒരു ലക്ഷത്തിൽപ്പരം കൊടുത്ത് മോഡിഫൈ ചെയ്ത 80 മോഡൽ ബുള്ളറ്റ് വരെ അഭിനവ പിക്കാസോ വെച്ചങ്ങ് തേച്ചു പടമാക്കി. അതുവരെ (സ്വയനിർമ്മിത) കലാ ലോകത്തിലെ പണ്ഡിതവരേണ്യ വർഗ്ഗക്കാരിലൊരുവനാണ് താനെന്നഭിമാനിച്ച എല്ലാത്തിനും പണികിട്ടി എന്നുതന്നെ സാരം. അഭിനവ പിക്കാസോ ചിത്രത്തിൽ താടിയില്ല, മീശയില്ല, മാലയില്ല, കമ്മലില്ല എല്ലാം കൂടി ഒരു മാതിരി പ്രിസ്മയുടെ ഫേക്ക് ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്ത് ഇപ്പോൾ ഫോൺ തുറന്നാൽ ടി. വി. യേക്കാൾ കൂടുതൽ പരസ്യം അവിടെ കാണാമത്രേ. Thank you prisma for turning social network into cartoon network.

പ്രിസ്മയെ ഗ്രാഫിക് നോവലായും, കലാലോകത്തേക്കുള്ള തിരിച്ചു പോക്കായും വരെ ചിത്രീകരിച്ചവരുമുണ്ട്. നമ്മുടെ ബോളിവുഡിലെ പലരും (മുഖം പുറത്തുകാണിക്കാൻ പറ്റാത്തവരാണെന്നാണ് ഗോസിപ്പ്) പിന്നെ സൈക്കോസിസിന്റെ അവസ്ഥാന്തരങ്ങൾ പഠന വിഷയമാക്കുന്ന ചിലരും (കൂടുതൽ ചിന്തിക്കേണ്ട!).

പിന്നെ മാഷേ! പ്രിസ്മയെക്കുറിച്ച് ചിലരങ്ങ് ന്യൂട്രലായി - മലയാളത്തിൽ പറഞ്ഞാൽ നപുംസകാഭിപ്രായം. എല്ലാത്തിലും ന്യൂട്രാലിറ്റി കാത്തു സൂക്ഷിക്കുന്നവരുടെ അഭിപ്രായമല്ലേ! അവര് അങ്ങേട്ടും ഇങ്ങേട്ടും നിൽക്കും. അത് കാര്യാക്കണ്ട!

ഇതെല്ലാം പോകട്ടെ ഭൂഗോളത്തിന്റെ ചെറിയ ചെറിയ സ്പന്ദനങ്ങളിൽപ്പോലും ആത്മീയ ഭാഷ്യമെഴുതുന്ന അത്മജ്ഞാനികൾ ഏറിയ പങ്കും പ്രിസ്മയെ "ശെയ്ത്താൻ" കണക്കെ അങ്ങ് മൊഴിചൊല്ലി. അവരുടെ ഭാഷ്യത്തിൽ "ദൈവം തന്ന ഇമേജിനെ എന്തിനാ വെറുതെ വെടക്കാക്കുന്നേ" അത് പ്രിസ്മയിലായാലും, പിക്കാസോയിലായാലും എന്തിന് ഫോട്ടോഷോപ്പിലായാലും. "പ്രിസ്മ കാണിച്ച രൂപത്തിലായിരുന്നു നീ ജനിച്ചിരുന്നത് എങ്കിൽ ഇഷ്ടപ്പെടുമായിരുന്നോ" എന്നുവരെ ശുദ്ധഗതിക്ക് അവർ ചോദിച്ചു പോയി. അല്ല! അതിലും കാര്യമില്ലാതില്ല അല്ലേ? (പ്രിസ്മിച്ച ആത്മജ്ഞാനികൾ വരെയുണ്ട് എന്നത് വേറൊരു സത്യം) പക്ഷേ! കലികാലം എന്നല്ലാതെന്തു പറയാൻ ആത്മജ്ഞാനികളെ ട്രോളർമാർ നല്ലവണ്ണം അങ്ങ് ട്രോളി-ആത്മജ്ഞാനികൾക്കിപ്പോൾ പ്രിസ്മ ഫീവറാണുപോലും!! (കാലത്തിന്റെ സ്പന്ദനങ്ങളെ സാഹചര്യം നോക്കാതെ ദൈവശാസ്ത്രവത്ക്കരിച്ചാൽ ഇങ്ങനിരിക്കും എന്ന് പറയാൻ പറഞ്ഞു.) എന്തായാലും പ്രിസ്മയുള്ളവരും ഇല്ലാത്തവരും പ്രിസ്മിക്കാൻ പോകുന്നവരും എന്നെ ട്രോളണ്ട. ഞാനിതാ പോകുന്നു.... ആരോ പറഞ്ഞതായി വായിച്ചു...

"Prisma is an app that allows
people
to disguise the mistakes in their
Photographs-- That's why
Prisma is so famous"

ഇനി ഒരുമിച്ച് പ്രാർത്ഥിച്ചു പിരിയാം
(അതല്ലേ രീതി)
ഭംഗ്യാ ദൈവസുതാ നിന്നെ.....
ഓർത്തു മുഖപ്രഭ (പ്രിസ്മ മുഖം)
ഏകേണമേ!

മരുഭൂമിയിലെ നീരുറവ

സെൻറ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ – STOC

(മണലാരണ്യത്തിലെ മാതൃ കോൺഗ്രിഗേഷൻ – സ്ഥാപിതം 1975)

ജീവകാരുണ്യ സഹായം - 2016

ഭാഗ്യസ്മരണീയനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ 1975 സെപ്ററംബർ 12 –ാം തീയതി സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻ (STOC) 2016 ലെ ജീവകാരുണ്യ ധനസഹായങ്ങൾക്ക് അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ചികിത്സാ സഹായത്തിന് ജാതിമത ഭേദമന്യേ ആർക്കും അപേക്ഷിക്കാം. മററു സഹായങ്ങൾ ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് മാത്രം നൽകുന്നു. എല്ലാ സഹായങ്ങൾക്കും ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശ ഉണ്ടായിരിക്കണം.

നിർദേശങ്ങൾ

- **അപേക്ഷിക്കുന്ന ആളുടെ പേരും, അക്കൗണ്ട്നമ്പറും ഉൾപ്പെടുന്ന ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യ പേജ് കോപ്പി എല്ലാ അപേക്ഷകൾക്കും ഒപ്പം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. അക്കൗണ്ട് നമ്പർ ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.**

1) അപേക്ഷാഫോറവും മററു നിബന്ധനകളും മലങ്കരസഭയുടെ മാർച്ച് ലക്കത്തിൽ നിന്നോ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ നിന്നോ ലഭിക്കുന്നതാണ് 2) Advertisement-ൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം അപേക്ഷയോടെപ്പം ഉണ്ടായിരിക്കണം. 3) അപൂർണ്ണവും ആവശ്യപ്പെട്ടിട്ടുള്ള രേഖകളില്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. 4) അപേക്ഷകനേയും ശുപാർശ ചെയ്യുന്ന പുരോഹിതനേയും ബന്ധപ്പെടാനുള്ള Telephone number അപേക്ഷയിൽ ഉണ്ടായിരിക്കണം. 5) ആർക്കുവേണ്ടിയാണോ അപേക്ഷിക്കുന്നത് അവരുടെ പൂർണ്ണ വിവരം അപേക്ഷയിൽ ഉണ്ടായിരിക്കണം.

അപേക്ഷ ശുപാർശ ചെയ്യുന്ന ബഹു. വികാരിമാരുടെ ശ്രദ്ധയ്ക്ക്:

നിങ്ങളിൽ വിശ്വാസം അർപ്പിച്ച് ഞങ്ങൾ ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ശുപാർശ ചെയ്യുന്ന ഓരോ അപേക്ഷകളും ഭയവായി സസൂഷ്മം പരിശോധിച്ച്, അപേക്ഷിക്കുന്ന ആൾ ഈ ധനസഹായത്തിന് ആർഹരാണെന്നും, ഇടവകയുടെ സമീപപ്രദേശങ്ങളിൽ ഉള്ള ആളാണെന്നും ഉറപ്പ് വരുത്തേണ്ടതും, ആവശ്യപ്പെട്ടിരിക്കുന്ന രേഖകളെല്ലാം ഉണ്ടന്നും, അപേക്ഷകൻെറ ഭൂസ്വത്ത്, വരുമാനം, വയസ്, ആശ്രിതരുടെ വിവരങ്ങൾ എന്നിവ വിശ്വസനീയമാണോ എന്നും പരിശോധിച്ച് അർഹതയുള്ളവ മാത്രം അയക്കണമെന്നു താൽപര്യപ്പെടുന്നു. Letter head-ൽ എഴുതിയ ശുപാർശയിൽ പള്ളിയുടെ സീലും, ചികിൽസാ/വിദ്യാഭ്യാസ ധനസഹായം ഒഴികെയുള്ളതിന് ഇടവക മാനേജിംഗ് കമ്മററി അംഗങ്ങിൽ മൂന്നിൽ രണ്ടു അംഗങ്ങളുടെയെങ്കിലും ഒപ്പും ഉണ്ടായിലിക്കണം.

- **അപേക്ഷകൾ ആയ്ക്കേണ്ട വിലാസം:- The Co-ordinator, STOC office, Bethany Aramana, Tiruvalla-689101, Kerala**

1. മാർ ഒസ്താത്തിയോസ് ചികിത്സാ ധനസഹായം: **ക്യാൻസർ, കിഡ്നി, ഹാർട്ട് സംബന്ധമായ രോഗങ്ങൾ** ബാധിച്ചവരും നിരാലംബരും സാധുക്കളുമായ രോഗികൾക്കായിരിക്കും ധനസഹായം നൽകുന്നത്. ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് അതാത് പള്ളിവികാരിയുടെയും അല്ലാത്തവർക്ക് സമീപത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെയും ശുപാർശ ഉണ്ടായിരിക്കണം. രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തി കൊണ്ടുള്ള ചികിൽസിക്കുന്ന ഡോക്ടറുടെ **ആറു (6)** മാസത്തിനുള്ളിൽ വാങ്ങിയ ഒറിജനൽ സർട്ടിഫിക്കററും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. **ഒറിജനൽ സർട്ടിഫിക്കററ് ഇല്ലാത്ത സാഹചര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കററിൻെറ കോപ്പി അപേക്ഷ ശുപാർശ ചെയ്യുന്ന വൈദികൻ സാക്ഷ്യപ്പെടുത്തി (അററസ്റേറഷൻ) ആയ്ക്കേണ്ടതാണ്.** കാര്യമ്പാടിയിലെ സഭാവക മിഷൻ ആശുപത്രിയായ മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ കണ്ണാശുപത്രി വഴിയായി 'ശീലോഹാം ഗീവ് സൈററ് പ്രോജക്ററിലൂടെ അന്ധതാനിവാരണത്തിനുള്ള സൗകര്യം ലഭിക്കുന്നതാണ്.

2. വിവാഹ ധനസഹായം: സാമ്പത്തിക പരാധീനതമൂലം വിവാഹം നടത്താൻ സാധിക്കാതെ വരുന്ന കുടുംബത്തിലെ 25 പെൺകുട്ടികളുടെ വിവാഹത്തിന് **50,000** രൂപ വീതം നൽകുന്നു. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ശുപാർശയോടൊപ്പം ദേശകുറിയുടെ അല്ലെങ്കിൽ വിളിച്ചുചൊല്ലിൻെറ കോപ്പി അയ്ചിരിക്കണം. രക്ഷിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു മുൻഗണന നൽകുന്നു. വിവാഹ **തീയതിയ്ക്കുശേഷം മൂന്നു മാസത്തിനുള്ളിൽ അപേക്ഷ** താഴെ കൊടുത്തുരിക്കുന്ന വിലാസത്തിൽ കിട്ടിയിരിക്കണം.

3.1 ജീവസന്ധാരണ ധനസഹായം: അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിമിതമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ശുപാർശയോടു കൂടി അപേക്ഷിക്കുക.

3. 2 **ജീവസന്ധാരണ ധനസഹായം - സാന്ത്വനം** : മലങ്കരസഭയിലെ 46 വയസ്സിൽ താഴെയുള്ള നിർധനരരും വിധവകൾളോ, ശയ്യാവലംബരായ ഭർത്താക്കൻമാരോ ഉള്ള 12 ഓർത്തഡോക്സ് വനിതകൾക്ക് ദൈനംദിന ചിലവുകൾക്കായി എല്ലാ മാസവും ഒരു വർഷത്തേക്ക് ധനസഹായം നൽകുന്നതാണ്. ഇടവക വികാരിയുടേയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ശുപാർശയോടുകൂടി അപേക്ഷകൾ 2016 **സെപ്റ്റം. 31-ന്** മുൻപ് കിട്ടിയിരിക്കണം.

4.1 വിദ്യാഭ്യാസ സ്കോളർഷിപ്: നിർധനരും നിരാലംബരും പഠനത്തിൽ സമർത്ഥരുമായ **+2** കഴിഞ്ഞ 42 കുട്ടികൾക്ക്, വിദ്യാഭ്യാസ സ്കോളർഷിപ് നൽകുന്നതാണ്. ഫൈനൽ പരീക്ഷയുടെ മാർക്ക് ലിസ്ററും കോഴ്സ് സർട്ടിഫിക്കേററും (ഇടവക വികാരി അററസ്ററ് ചെയ്ത പകർപ്പ്) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം കൂടാതെ അപേക്ഷകൻെറ കുടുംബ പശ്ചാത്തലം, ചുററുപാടുകൾ, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനയിലെ പ്രവർത്തനം, മററു നേട്ടങ്ങൾ എന്നിവയെ കുറിച്ച് വിശദമായി അറിയിക്കുന്നതു നന്നായിരിക്കും. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ **2016 സെപ്റ്റം. 31-ന്** മുൻപ് കിട്ടിയിരിക്കണം.

4.2 വിദ്യാഭ്യാസ ധനസഹായം: നിർധനരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥികൾക്കു **+2** നു ശേഷമുള്ള വിദ്യാഭ്യാസത്തിനോ, സ്കൂൾ ഫൈനൽ കഴിഞ്ഞ് Technical Education ന് പോകുന്നതിനോ ധനസഹായം നൽകുന്നു. ഫൈനൽ പരീക്ഷയ്ക്ക് 50%-ൽ കൂടുതൽ മാർക്കു കരസ്ഥമാക്കിയതും ആദ്യ ചാൻസിൽ ജയിച്ചതുമായ അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളു. ഫൈനൽ പരീക്ഷയുടെ മാർക്കുലിസ്ററും ഇപ്പോഴത്തെ കോഴ്സു സർട്ടിഫിക്കററും (ഇടവക വികാരി അററസ്ററു ചെയ്ത കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 2016 **സെപ്റ്റം. 31-ന്** മുൻപ് കിട്ടിയിരിക്കണം.

5.1 ഭവന നിർമ്മാണ ധനസഹായം: ഇടുക്കി,ബത്തേരി,മലബാർ,ബ്രഹ്മവാർ എന്നീ ഭദ്രാസനങ്ങളിൽ ഉൾപ്പെട്ട ഭവനരഹിതരായ ഓരോ വ്യക്തികൾക്ക് ഭവനനിർമ്മാണ സഹായമായി **200,000** രൂപ വീതം നൽകുന്നു. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറെറടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും, അപേക്ഷകനു സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിൻെറ തെളിവായി കരമടച്ച രസീതിൻെറ കോപ്പിയും സഹിതം അപേക്ഷകൾ **2016 സെപ്റ്റം. 31-ന്** മുൻപ് കിട്ടിയിരിക്കണം.

5.2 പ്രത്യേക ഭവനനിർമ്മാണ ധനസഹായം: മലങ്കരസഭയിലെ ഭവനരഹിതരായ വിധവകൾക്കു ഭവനം വെച്ചുകൊടുക്കുക എന്ന ആശയത്തിലൂന്നി, 46 വയസിൽ താഴെയുള്ള വിധവകളുടെയോ പരിപൂർണമായി ശയ്യാവലംഭരായി കിടക്കുന്ന വ്യക്തികളുടെ ഭാര്യമാരുടെയോ അപേക്ഷകളിൽ നിന്നും STOC മർത്തമറിയം സമാജം ഭവനനിർമ്മാണ സഹായമായി **2,00,000** രൂപ നൽകുന്നു. ഇതിലേക്കു കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും അപേക്ഷിക്കാവുന്നതാണ്. സഹായം ലഭിച്ചാൽ പണിയുടെ പൂർണ ചുമതല ഏറെറടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടേയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും അപേക്ഷകയ്ക്ക് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിൻെറ തെളിവായി കരമടച്ച രസീതിൻെറ കോപ്പിയും സഹിതം അപേക്ഷകൾ **2016 സെപ്റ്റം. 31-ന്** മുൻപ് കിട്ടിയിരിക്കണം.

PH: 9447702730

സെന്റ് ഗ്രിഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവക - കുവൈറ്റ്

2016-17 ലേക്കുള്ള ധനസഹായ അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു

അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

1) വീട് വെയ്ക്കുന്നതിനുള്ള ധനസഹായം

250 sq.ft. ഉള്ള ഒരു വീടിന് 1,00,000/- രൂപാ ധനസഹായം ലഭിക്കുന്നതാണ്. സ്വന്തമായി ഭൂമിയുള്ളവരുടെ അപേക്ഷ മാത്രമേ പരിഗണിക്കൂ. ഉടമസ്ഥാവകാശത്തിന്റെ ശരിയായ രേഖകൾ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. അപേക്ഷകന്റെ പേരിൽ വേറെ വീടില്ലായെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2) വിവാഹ ധനസഹായം

സഹായനിധി 40,000/- രൂപാ ആയിരിക്കുന്നതാണ്. വിവാഹ ദേശക്കുറി ലഭിച്ച തിരു ശേഷം മാത്രമേ തുക ലഭിക്കയുള്ളൂ.

3) വീട് നന്നാക്കുന്നതിനുള്ള ധനസഹായം

സഹായനിധി സാഹചര്യം അനുസരിച്ച് പരമാവധി 20,000/- രൂപ ആയിരിക്കുന്നതാണ്.

4) മറ്റു ധനസഹായങ്ങൾ

മറ്റു ധനസഹായങ്ങളായ ചികിത്സാ, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള അപേക്ഷയോടൊപ്പം ഇടവക വികാരിയുടെ സാക്ഷ്യപ്പെടുത്തുന്ന കത്ത്, ബന്ധപ്പെട്ട മറ്റു രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്

നിബന്ധനകൾ

ക്രമ നമ്പർ 1,2,3. എന്നിവയുടെ അപേക്ഷകളോടൊപ്പം ഇടവക വികാരിയുടെയും, മാനേജിംഗ് കമ്മറ്റിയംഗങ്ങളുടേയും, അതതു ഭദ്രാസന മെത്രാപ്പോലീത്തായുടെയും സാക്ഷ്യപ്പെടുത്തുന്ന കത്ത് ഹാജരാക്കേണ്ടതാണ്.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി - **30 സെപ്റ്റംബർ 2016**

എന്ന് ഇടവകയ്ക്കുവേണ്ടി,

സെക്രട്ടറി.

അപേക്ഷ അയയ്ക്കേണ്ട വിലാസം:
St.Gregorios Indian Orthodox Maha Edavaka (B17)
P.O.Box. 80, Safat 13001, Kuwait

ധനസഹായ അപേക്ഷാഫോറം

ഏത് സഹായത്തിന് അപേക്ഷിക്കുന്നു :- ....

പേര്:- .... വയസ്സ്:- ....

വിദ്യാഭ്യാസ യോഗ്യത:- ....

തൊഴിൽ:- ....

മേൽവിലാസം:- ....

....

....

പിൻകോഡ് :- .... ഫോൺ :- ....

ഇടവക:- .... ഫോൺ :- ....

വികാരി:- .... ഫോൺ :- ....

ഭദ്രാസനം:- ....

അപേക്ഷകന്റെ പ്രതിമാസ വരുമാനം: .... ഭൂസ്വത്ത് വിവരം :- ....

ഇതിനുമുമ്പ് ഈ ഇടവകയിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ :- ....

ഉണ്ടെങ്കിൽ ഏതുവർഷം :- .... എന്താവശ്യത്തിന് :- ....

എത്ര തുക ലഭിച്ചു :- ....

കുടുംബാംഗങ്ങളുടെ പൂർണ്ണ വിവരം

പേര്	അപേക്ഷകനുമായുള്ള ബന്ധം	വയസ്സ്	തൊഴിൽ	വാർഷിക വരുമാനം

അപേക്ഷകന്റെ ഒപ്പ് .... തീയതി ....

ഒന്നാം ചരമ വാർഷികം
22-09-2016

സാറാമ്മ നൈനാൻ

മോടിയിൽ, പടിഞ്ഞാറ്റോതറ

"നിന്റെ മഹത്വമുദിക്കുംനാൾ
നിർക്കണമിവർ വലഭാഗത്തിൽ"

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

2nd Birth day in Heaven
17-09-2016



SIJU SAM JECOB

Rosey villa,
Thumpamon

With prayers ,
Daddy, Mummy, Achachen, Chechi
and Children

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/September/2016

RNI No. 3076/57, Registered No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-